www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 09 | 2017 MARCH 11 | ₹ 10



ഇന്ത്യയുടെ ഡി.എൻ.എ ടെസ്റ്റ് നടത്തുന്നവരോട്

## മന്ത്രവാദികൾ മതത്തോടും മനുഷ്യരോടും ചെയ്യുന്നത്...

പ്രവാചകന്മാരും പ്രബോധനവും | അക്വീക്വത്ത് ചില പാഠങ്ങൾ

അന്ധവിശ്വാസങ്ങളെ അടിച്ചിറക്കുക | ജംഇയ്യത്തുൽ ഉലമായുടെ ജനനം

മഹല്ല് കമ്മിറ്റികൾ എന്തെടുക്കുകയാണ്?

# മരണം
## അവസാനമല്ല:

അവസാനിക്കാത്തൊരു ജീവിതത്തിന്റെ തുടക്കമാണ്..



## ജീവിതം എന്തിന്; മരണവും..?

# വിചാരം

## വൈജ്ഞാനിക പ്രദർശനം

WISDOM gallery

PRESENTS

100 തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ

WISDOM
GLOBAL ISLAMIC MISSION

ഏപ്രിൽ 18–23

രാജീവ് ഗാന്ധി സ്റ്റേഡിയം

**തിരൂർ**

# നേർപഥം
വാരിക

0009 / 2017 മാർച്ച് 11 / 1438 ജമാദുൽ ആഖിർ 12 / പുസ്തകം 01 / ലക്കം 09




# മന്ത്രവാദികൾ മതത്തോടും മനുഷ്യരോടും ചെയ്യുന്നത്...


**അബ്ദുൽ മാലിക് സലഫി / 10**

**വായനക്കാർ**

വായനക്കാർ എഴുതുന്നു / 04
അഫ്താബ് കണ്ണഞ്ചേരി, ഡോ. സ്മിത നിസാർ

**മുഖമൊഴി**

മഹല്ല് കമ്മിറ്റികൾ എന്തെടുക്കുകയാണ്? / 05
എഡിറ്റർ

**സമകാലികം**

ഇന്ത്യയുടെ ഡി.എൻ.എ ടെസ്റ്റ് നടത്തുന്നവരോട് / 06
അബ്ദുല്ല ബാസിൽ സി.പി

**ക്വുർആൻ പഠനം**

അവർ ഐഹിക ജീവിതത്തിന് പ്രാമുഖ്യം നൽകുന്നു / 14
സി.മുഹമ്മദ് റാഫി ചെമ്പ്ര

**ബാലപഥം**

മോറൽ സ്കൂളിലെ അനുഭവം / 18
തൻവീൽ

**ശാന്തിഗേഹം**

ആദർശയോജിപ്പില്ലാത്ത ഭർതൃവീട്ടുകാർ / 22
ഹാരിസ്ബിൻ സലീം

**കൂട്ടായ്മ**

ജംഇയ്യത്തുൽ ഉലമായുടെ ജനനം / 23
മുബാറക് ബിൻ ഉമർ

**ലേഖനങ്ങൾ**

പ്രവാചകന്മാരും പ്രബോധനവും / 15
മൂസ സ്വലാഹി, കാര

അക്വീക്വത്ത് ചില പാഠങ്ങൾ / 20
മുഹമ്മദ് സ്വാദിഖ് മദീനി

പ്രവാചകന്മാർക്കിടയിൽ വിവേചനമരുത് / 26
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**

നവാതിഥിക്ക് അല്ലാഹു നൽകുന്ന അമൃത് / 30
അശ്റഫ് എകരൂൽ

**ഹദീസ് പാഠം**

അഗ്നിയിൽ പാറിവീഴുന്ന ഇയ്യാംപാറ്റകൾ / 32
ഉസ്മാൻ പാലക്കാഴി

**നമുക്ക് ചുറ്റും**

അന്ധവിശ്വാസങ്ങളെ അടിച്ചിറക്കുക / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design & Layout: Elan Creativo
Cover: Riyas K | mail@nerpatham.com | www.nerpatham.com

## വായനക്കാർ എഴുതുന്നു



### വർഗവും വർഗീയതയും

തൊഴിലാളി വർഗത്തിന്റെ വിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണ് കമ്യൂണിസം. അതായത് കമ്യൂണിസവും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തൊഴിലാളി വർഗത്തെ പ്രതിനിധീകരിക്കുകയും അവരുടെ മോചനത്തിന് വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു എന്നർഥം. തൊഴിലാളി വർഗം എന്നാൽ സ്വന്തം അധ്വാനം വിൽക്കുന്നതിലൂടെ മാത്രം സമ്പാദിക്കുന്ന, ഉപജീവനം നടത്തുന്ന സമൂഹത്തിലെ വർഗമാണ്. അവർക്ക് ഏതെങ്കിലും മൂലധനത്തിലൂടെയുള്ള ലാഭമോ സമ്പാദ്യമോ ഉണ്ടാവുന്നതല്ല.

പ്രത്യേക ആചാരങ്ങളോ അനുഷ്ഠാനങ്ങളോ കൊണ്ട് നടക്കുന്ന അതേ സമൂഹത്തിലെ തന്നെ മറ്റൊരു വിഭാഗമാണ് മതവിശ്വാസികൾ. മുഖ്യധാരാ മതങ്ങളിൽ വിശ്വസിക്കുന്നവരെല്ലാം ദൈവത്തിലോ ദൈവങ്ങളിലോ വിശ്വാസമുള്ളവരാണ്. സമൂഹത്തിൽ പല മതങ്ങളിൽ വിശ്വസിക്കുന്ന വിവിധ വിഭാഗങ്ങളെ കാണാൻ കഴിയും. ചുരുക്കത്തിൽ, കമ്യൂണിസ്റ്റുകാർ തൊഴിലാളി വർഗത്തിനു വേണ്ടി നിലകൊള്ളുകയും ശബ്ദമുയർത്തുകയും ചെയ്യുന്നുവെങ്കിൽ മത വിശ്വാസികൾ അവരുടെ വിശ്വാസ സംരക്ഷണത്തിന് വേണ്ടിയും ആദർശ പ്രബോധനത്തിനു വേണ്ടിയും പണിയെടുക്കുന്നു. ഈ രണ്ടു കൂട്ടരും സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടി നിലകൊള്ളുമ്പോൾ കമ്യൂണിസ്റ്റുകാരന്റേത് മാത്രം മനുഷ്യത്വവും വിശ്വാസികളുടേത് വർഗീയതയും ആവുന്നത് എന്ത് കൊണ്ടാണ് എന്ന് എനിക്ക് മനസ്സിലാവുന്നില്ല.

തൊഴിലാളി വർഗത്തിനിടയിൽ പല മതത്തിലും വിശ്വസിക്കുന്നവർ ഉണ്ട്. പക്ഷേ, മത വിശ്വാസികൾ ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നവരെ മാത്രം ഉൾക്കൊള്ളുന്നു എന്നതാണ് ചോദ്യമെങ്കിൽ മതങ്ങൾ തൊഴിലാളികളെയും മുതലാളിമാരെയും ഉൾക്കൊള്ളുന്നു എന്ന് തിരിച്ചു പറയാനാകും. യഥാർഥത്തിൽ കമ്യൂണിസം മതങ്ങളെ ഉൾക്കൊള്ളുന്നത് തന്നെ അത് മനുഷ്യരെ ബാധിച്ച ഒരു ലഹരിയായിട്ടാണ്. അത് കൊണ്ട് മത വിശ്വാസികളെ പൂർണമായും ഉൾക്കൊള്ളുന്നു എന്ന് പറയാനാവില്ല.

കമ്യൂണിസ്റ്റുകൾക്ക് അവർക്കു നേരെ വരുന്ന അതിക്രമങ്ങൾക്കെതിരിൽ ശബ്ദമുയർത്താനും അത് സമൂഹത്തിൽ സജീവമായി ചർച്ച ചെയ്യാനുമുള്ള അവകാശമുണ്ട് എന്ന് വിശ്വസിക്കുന്നുവെങ്കിൽ അതേ അവകാശം മതവിശ്വാസികൾക്കും വകവെച്ച് കൊടുക്കുന്നതിൽ എന്താണ് പ്രശ്നമുള്ളത്? കേരളത്തിൽ നടക്കുന്ന ദൗർഭാഗ്യകരമായ രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരിൽ സമാധാനപരമായ പ്രതിഷേധം കമ്യൂണിസ്റ്റുകാർക്ക് സംഘടിപ്പിക്കാമെങ്കിൽ ഒരാദർശം സ്വീകരിച്ചതിന്റെ പേരിൽ മാത്രം കൊല്ലപ്പെട്ട ഒരു ചെറുപ്പക്കാരന് വേണ്ടി അതേ ആദർശത്തിൽ വിശ്വസിക്കുന്നവർക്ക് പ്രതിഷേധിക്കാം, അദ്ദേഹത്തിന്റെ കുടുംബത്തിന് നീതി കിട്ടാൻ വേണ്ടി ശബ്ദമുയർത്താം. ഒന്ന് അവകാശവും സ്വാതന്ത്ര്യവും മറ്റേത് വർഗീയതയുമാവില്ല. ആകുന്നു എന്ന തോന്നൽ സ്വന്തം ആദർശത്തിൽ ആത്മവിശ്വാസമില്ലാത്തത് കൊണ്ടോ അപ്പുറത്തു നിൽക്കുന്നവന്റെ അവകാശങ്ങൾ ധ്വംസിക്കപ്പെടണം എന്ന ചിന്ത കൊണ്ടോ ഒക്കെ ഉണ്ടാകുന്നതാണ്!

പ്രവാചകൻﷺ പറയുന്നു: 'വർഗീയതയിലേക്ക് ക്ഷണിക്കുന്നവരും വർഗീയതക്ക് വേണ്ടി സമരം ചെയ്യുന്നവരും വർഗീയതക്ക് വേണ്ടി മരിക്കുന്നവരും എന്നിൽ പെട്ടവനല്ല.' അപ്പോൾ ഒരു അനുചരൻ ചോദിച്ചു: 'ദൈവദൂതരേ, എന്താണ് വർഗീയത?' നബിﷺ മറുപടി പറഞ്ഞു: 'സ്വന്തം ആളുകളെ അന്യായത്തിൽ പിന്തുണക്കലാണ് വർഗീയത.' (അബൂദാവൂദ്).

**അഫ്താബ് കണ്ണഞ്ചേരി**

### ജയിച്ച മനഃസാക്ഷിയും തോറ്റ ഇതിവൃത്തവും

'തോറ്റ കേസും ജയിച്ച മനഃസാക്ഷിയും' എന്ന തലക്കെട്ടിൽ 'നേർപഥ'ത്തിൽ വന്ന ലേഖനത്തെ കുറിച്ചുള്ള കുറിപ്പാണിത്. നിയമ പ്രൊഫഷനെ തീർത്തും മുൻധാരണയോടെ സമീപിച്ചതു മൂലം പക്ഷപാതപരമായ നിലപാടിലേക്കാണ് ലേഖകൻ എത്തുന്നത്.

തെറ്റായ തൊഴിലിനെ കൈയൊഴിയാൻ ധൈര്യം വേണം എന്ന ആശയത്തിലേക്കെത്താൻ ഫിലോസിഫിക്കലായ വാദങ്ങളാണ് ലേഖകൻ ഉപയോഗിക്കുന്നതെങ്കിലും നിയമ പ്രൊഫഷനെ കുറ്റപ്പെടുത്തുന്നതിലേക്കാണ് അയാൾ എത്തിച്ചേരുന്നത്. ഇതാകട്ടെ, ഇസ്‌ലാമികമായി നീതീകരിക്കാൻ കഴിയാത്തതാണ്. 'നീതി'യാണ് ഇസ്‌ലാമിന്റെ മുഖമുദ്ര. നീതി കണ്ടുകിട്ടാൻ നിയമ പ്രൊഫഷണലുകളെ ആവശ്യമാണ്. മനഃസാക്ഷിക്ക് നിരക്കാത്ത രൂപത്തിൽ നിയമത്തെ ഉപയോഗിക്കുക എന്നത് വ്യക്തിയുടെ ഇച്ഛയാണ്. അവ തൊഴിലിന്റെ ശാസനയല്ല.

ലേഖകന്റെ വാദം അയാളുടെ തന്നെ കഥ കൊണ്ട് അബദ്ധമാണ്. കോടതി ജോലി ഒഴിവാക്കി ഗവൺമെന്റ് ടാക്സ് ഓഫീസർ ആയി എന്നാണ് കഥയിൽ പറയുന്നത്. ടാക്സ് മേഖല ഇന്ത്യയിൽ ഏറ്റവും അഴിമതി നിറഞ്ഞ വ്യവസ്ഥയാണ്.

ലേഖകന്റെ ഉദ്ദേശം നല്ലതായിരിക്കാം; അഥവാ നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്നത്. എന്നാൽ അദ്ദേഹത്തിന്റെ എഴുത്ത് ഒരു മഹത്തായ തൊഴിലിനെ പരിഹസിക്കുന്നതിലേക്കാണ് എത്തിക്കുന്നത്. ജനങ്ങൾക്ക് നീതിക്കുവേണ്ടി പൊരുതുന്ന ഒരു തൊഴിലിനെ സംബന്ധിച്ച് പക്ഷപാതരഹിതമായ ലേഖനമാണ് വായനക്കർ പ്രതിക്ഷിക്കുന്നത്. ചിന്തോദ്ദീപകമായത്; പരിഹസിക്കുന്നതല്ല.

**ഡോ. സ്മിത നിസാർ,**
**അലയൻസ് സ്കൂൾ ഓഫ് ലോ, ബാംഗ്ലൂർ**

# മഹല്ല് കമ്മിറ്റികൾ എന്തെടുക്കുകയാണ്?

മദീനയിലെ പ്രവാചകന്റെ പള്ളി. ഈത്തപ്പനയുടെ തണ്ടും ഓലയും കുഴച്ചമണ്ണും കൊണ്ട് നിർമിച്ച, ആകാശം മുട്ടുന്ന മിനാരങ്ങളും മാർബിൾ പതിച്ച ചുമരും കട്ടിയും മിനുസവുമുള്ള കാർപെറ്റ് പതിച്ച നിലവുമില്ലാത്ത, ലാളിത്യം നിറഞ്ഞുനിൽക്കുന്ന ഒരു മസ്ജിദ്! എന്നാൽ അത് ജനങ്ങളുടെ ആശാകേന്ദ്രമായിരുന്നു. സമഭാവനയും സാഹോദര്യവും നിറഞ്ഞ അന്തരീക്ഷം. വിശ്വാസികൾക്കാർക്കും അവിടെ യാതൊരു വിവേചനവും അനുഭവപ്പെട്ടില്ല. പ്രമാണിമാർക്ക് സ്ഥിരമായി 'റിസർവ്' ചെയ്യപ്പെട്ട പ്രത്യേകം സ്ഥാനമില്ലായിരുന്നു. നമസ്കാരത്തിൽ കാൽ അടുത്തു വെച്ചാൽ തുറിച്ചുനോക്കുന്നവരില്ലായിരുന്നു.

ഇന്ന് നമ്മുടെ നാട്ടിലുള്ള പള്ളികളുടെയും മഹല്ല് കമ്മിറ്റികളുടെയും അവസ്ഥയെന്താണ്? അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സംരക്ഷണമാണ് യാഥാസ്ഥിതിക മഹല്ല് കമ്മിറ്റിക്കാരുടെ മുഖ്യ അജണ്ട! നേർച്ചയുടെയും റാത്തീബിന്റെയും നബിദിനാഘോഷത്തിന്റെയും പേരിൽ ലഭിച്ച മാംസത്തിന്റെയും അരിയുടെയും പണത്തിന്റെയും കണക്ക് നോട്ടീസ് ബോർഡിൽ പതിച്ച് തങ്ങൾ സമുദായത്തിനുവേണ്ടി മഹത്തായ സേവനം നിർവഹിച്ചിരിക്കുന്നു എന്ന് അവർ സ്വയം സംതൃപ്തിയടയുന്നു.

മഹല്ലിൽ നടക്കുന്ന വിവാഹങ്ങൾക്ക് കാർമികത്വം വഹിക്കാൻ ഖത്വീബിനെ ഏൽപിക്കുക, വിവാഹരജിസ്റ്ററുമായി 'മുക്രി'യെ കൂടെ അയക്കുക, മഹല്ലിനെ ഭരിക്കുന്നവർ എന്ന നിലയിൽ വിവാഹ വീട്ടിലും മരണം നടന്ന വീട്ടിലും നിറഞ്ഞുനിൽക്കുക, മരിച്ചാൽ മറമാടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, ഖത്വീബ്, മുഅദ്ദിൻ, ഇമാം എന്നിവരെ നിയമിക്കുക, അവരുടെ വേതനം നിശ്ചയിക്കുക... തുടങ്ങിയ കാര്യങ്ങളിലൊതുങ്ങുന്നു മിക്ക മഹല്ല് കമ്മിറ്റികളുടെയും പ്രവർത്തനം.

മയ്യിത്തുകട്ടിൽ പള്ളിയുടെ ഏതുഭാഗത്ത് വെക്കണം, കമ്മിറ്റിയെ വിമർശിച്ചവനെ പുറത്താക്കണോ മാപ്പു പറയിക്കണോ, വരിസംഖ്യ എത്ര വർധിപ്പിക്കണം, മഹല്ല് സമ്മേളനത്തിന് തേങ്ങാച്ചോറും പോത്തിറച്ചിയുമാണോ ബിരിയാണിയാണോ വെക്കേണ്ടത്, മകന്റെ കല്യാണത്തിന് നമ്മുടെ ഖത്വീബിനെ ക്ഷണിക്കാത്ത വ്യക്തിക്കെതിരെ നടപടിയെടുക്കേണ്ടേ? ഇത്യാതി 'വലിയ' കാര്യങ്ങളായിരിക്കും കമ്മിറ്റി യോഗത്തിൽ കൂലങ്കഷമായി ചർച്ച ചെയ്യുന്നത്.

നിക്കാഹ് നടത്തിക്കൊടുക്കാനും അതിന്റെ പേരിൽ കണക്കുപറഞ്ഞ് 'ഫീസ്' വാങ്ങാനും ഉൽസാഹം കാണിക്കുന്ന കമ്മിറ്റിക്കാർ മഹല്ലിൽ അവിവാഹിതരായി കഴിയുന്ന യുവതികളുടെയും യുവാക്കളുടെയും കണക്കെടുക്കാനും അവരുടെ വിവാഹം നടക്കുന്നതിന് തടസ്സമെന്തെന്ന് അന്വേഷിച്ച് ക്രിയാത്മകമായി ഇടപെടാനും തയ്യാറാകുന്ന എത്ര മഹല്ലുകളുണ്ട്?

ഒരു രോഗിക്ക് അടിയന്തിരമായി രക്തം കയറ്റണം. എന്തു ചെയ്യും? ആരോട് ചോദിക്കും? പ്രാദേശിക ക്ലബ്ബുകളുടെയും മറ്റും സഹായം തേടും. എന്നാൽ മഹല്ല് കമ്മിറ്റിക്ക് രക്തം ദാനം ചെയ്യാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിക്കൂടേ? അങ്ങനെ പള്ളിക്കമ്മിറ്റി മുഖേന ആ ആവശ്യം നിറവേറുന്ന അവസ്ഥയുണ്ടാക്കിക്കൂടേ? തങ്ങളുടെ 'കക്ഷി'യിൽ പെടാത്തവരുടെ രക്തം എങ്ങനെ ചിന്താം എന്നല്ല മഹല്ല് കമ്മിറ്റി ചിന്തിക്കേണ്ടത് എന്നർഥം.

പ്രവാചക കാലഘട്ടത്തിൽ തർക്കങ്ങൾ പറഞ്ഞുതീർക്കാനും രമ്യതയിലെത്തിക്കാനും പള്ളിയിൽ ശ്രമം നടന്നതായി കാണാം. മഹല്ലുകൾ കേന്ദ്രീകരിച്ച് ഇതേ ആവശ്യം മുൻനിർത്തി മസ്‌ലഹത്ത് നടത്താം. എന്നാൽ പലപ്പോഴും പല സ്ഥലങ്ങളിലും മസ്‌ലഹത്തിന് ശ്രമിക്കുന്നില്ല എന്ന് മാത്രമല്ല, സംഘടനാതാൽപര്യങ്ങൾക്കു വേണ്ടി കൂടുതൽ ഭിന്നിപ്പും കുഴപ്പവും സൃഷ്ടിക്കുവാൻ കമ്മിറ്റിക്കാർ തന്നെ ശ്രമിക്കുകയാണ് ചെയ്യുന്നത്. ജീവനെടുക്കാനും ജീവിതത്തെ വഴിമുട്ടിക്കാനുമല്ല; ജീവൽ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ട് മഹല്ല് നിവാസികൾക്ക് അഭയവും ആശയും ആശ്വാസവും നൽകുവാനാണ് പള്ളിക്കമ്മിറ്റിക്കാർ ശ്രമിക്കേണ്ടത്. അതിനുള്ള കേന്ദ്രങ്ങളായി പള്ളികൾ മാറണം.

വിശന്നു വലയുന്നവരെയും ചികിത്സിക്കാൻ പണമില്ലാതെ രോഗങ്ങൾ സഹിക്കുന്നവരെയും അന്തിയുറങ്ങാൻകൂരയില്ലാത്തവരെയും കണ്ടില്ലെന്നു നടിച്ച് വർഷംതോറും പള്ളിയുടെ മോടികൂട്ടാനും മിനാരം അലങ്കരിക്കാനും ശ്രമിക്കുന്ന പള്ളിക്കമ്മിറ്റിക്കാർ ഏത് ഇസ്‌ലാമിനെയാണ് പ്രതിനിധാനം ചെയ്യുന്നത്?

മഹല്ല് നിവാസികളിൽനിന്ന് സൂക്ഷ്മതാബോധവും ആരാധനാനിഷ്ഠയും കർമശേഷിയും സേവനതൽപരതയുമുള്ളവരെ കണ്ടെത്തി അവരെ മഹല്ലിന്റെ കൈകാര്യകർത്താക്കളാക്കണം. എങ്കിലേ കാര്യക്ഷമമായ രീതിയിൽ മഹല്ലിന്റെ പ്രവർത്തനം മുന്നോട്ടുപോകൂ. വരുംതലമുറ രക്ഷപ്പെടണമെങ്കിൽ ഈ മാറ്റം അനിവാര്യമാണ്.

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com






# ഇന്ത്യയുടെ ഡി.എൻ.എ ടെസ്റ്റ് നടത്തുന്നവരോട്

**'നാനാത്വത്തിൽ ഏകത്വമാണ്' ഭാരതത്തിന്റെ സൗന്ദര്യമെന്നും വിവിധ മതസ്ഥരും ഭാഷക്കാരും നിറക്കാരുമെല്ലാം ഒരുദ്യാനത്തിലെ വിവിധ നിറങ്ങളിലും രൂപങ്ങളിലുമുള്ള ചെടികളെ പോലെ ഭാരതമെന്ന പൂങ്കാവനത്തിനു സൗന്ദര്യമേകുന്നുവെന്നുമൊക്കെയാണ് നാം ചെറുപ്പം തൊട്ടേ കേട്ടുപഠിച്ചുവളർന്നത്. എന്നാൽ തങ്ങളല്ലാത്തതൊന്നും ഭാരതോദ്യാനത്തിൽ വളരേണ്ടെന്ന ധിക്കാരപരമായ നിലപാടാണ് ചിലരിൽ നിന്നെങ്കിലും കേൾക്കാൻ കഴിയുന്നത്. വർത്തമാനകാല രാഷ്ട്രീയ സാഹചര്യത്തിൽ വിള കൊയ്യാനുള്ള അൽപ ബുദ്ധികളുടെ ദുഷ്ടലാക്കാണോ ഇത്? അതോ ഈ വാദത്തിന് താത്ത്വികമായ വല്ല അടിത്തറയുമുണ്ടോ? ഒരു അന്വേഷണം.**

വ്യത്യസ്ത വർണങ്ങളിലും രൂപങ്ങളിലുമുള്ള പൂക്കളെയും ചെടികളെയും കൊണ്ട് നിറഞ്ഞ ഒരു മനോഹരമായ ഉദ്യാനം. ഉദ്യാനത്തിന്റെ ഭംഗി തന്നെ അതിലെ ചെടികളുടെയും പൂക്കളുടെയും നിറങ്ങളിലും രൂപങ്ങളിലുമുള്ള വൈവിധ്യമാണ്. പല സ്ഥലങ്ങളിൽ നിന്നുമായി പൂന്തോട്ടക്കാരൻ കൊണ്ടുവന്ന് ഉദ്യാനത്തിൽ നട്ടുവളർത്തിയ ചെടികളാൽ പൂന്തോട്ടം നിറഞ്ഞു. കണ്ണിനു കുളിരേകുന്ന തരത്തിൽ അവ പൂത്തുലഞ്ഞു. അങ്ങനെയിരിക്കെയാണ് ആ മനോഹരമായ ഉദ്യാനത്തിലെ ചെടികൾക്കിടയിൽ ഒരു പ്രശ്നം ഉടലെടുക്കുന്നത്. കൂട്ടത്തിലൊരു ചെടി പൂന്തോട്ടത്തിന്റെ 'അവകാശികൾ' തങ്ങൾ മാത്രമാണെന്ന് അവകാശപ്പെട്ടതായിരുന്നു പ്രശ്നത്തിന്റെ തുടക്കം. തങ്ങളാണ് ഈ ഉദ്യാനത്തിൽ ഭൂരിപക്ഷമെന്നും പൂന്തോട്ടത്തിന്റെ തുടക്കം മുതൽ ഇവിടെയുള്ളത് തങ്ങളായിരുന്നു എന്നും ആ ചെടി വാദിച്ചു. മറ്റുള്ള ചെടികളെല്ലാം മറ്റു പല സ്ഥലങ്ങളിൽ നിന്നായി ഇവിടേക്ക് 'പറിച്ചുനടപ്പെട്ട'താണെന്നും അവർക്ക് ഈ പൂന്തോട്ടത്തിൽ സ്ഥാനമില്ലെന്നും അത് വാദിച്ചു. അവരെല്ലാം ഒന്നുകിൽ പൂന്തോട്ടം വിടുക

യോ അല്ലെങ്കിൽ തങ്ങളുടെ നിറവും രൂപവും പ്രാപിക്കുകയോ വേണമെന്നും അത് ശഠിച്ചു! വൈവിധ്യം സൗന്ദര്യമാക്കിയ ഈ ഉദ്യാനത്തിൽ നിന്ന് മറ്റെല്ലാത്തിനെയും പുറത്താക്കി ഒന്ന് മാത്രം മതിയെന്ന് ശഠിക്കുന്നത് മണ്ടത്തരമല്ലേ എന്ന ചോദ്യത്തിനൊന്നും അവിടെ പ്രസക്തിയുണ്ടായിരുന്നില്ല. ഉദ്യാനത്തിനുള്ളിലെ ഈ പ്രശ്നം കലശലായതോടെ പൂന്തോട്ടക്കാരൻ ഇടപെട്ടു. കാര്യങ്ങൾ കേട്ട ശേഷം അദ്ദേഹം പുഞ്ചിരിയോടെ ഒരു കഥ പറയാനാരംഭിച്ചു. ഈ പ്രശ്നക്കാരനായ ചെടിയെയും മറ്റൊരിടത്ത് നിന്ന് ഇങ്ങോട്ടേക്ക് പറിച്ചു നട്ട കഥ!

‘നാനാത്വത്തിൽ ഏകത്വമാണ്’ ഭാരതത്തിന്റെ സൗന്ദര്യമെന്നും വിവിധ മതസ്ഥരും ഭാഷക്കാരും നിറക്കാരുമെല്ലാം ഒരുദ്യാനത്തിലെ വിവിധ നിറങ്ങളിലും രൂപങ്ങളിലുമുള്ള ചെടികളെ പോലെ ഭാരതമെന്ന പൂങ്കാവനത്തിനു സൗന്ദര്യമേകുന്നുവെന്നുമൊക്കെയാണ് നാം ചെറുപ്പം തൊട്ടേ കേട്ടുപഠിച്ചുവളർന്നത്. എന്നാൽ തങ്ങളും തങ്ങളുടെ വിശ്വാസവും മാത്രം മതി ഇവിടെയെന്ന ചിലരുടെ വാദം ഇന്നും ഇന്നലെയും തുടങ്ങിയതല്ല.

“വൈദേശിക മതങ്ങളും അവയെ താങ്ങി നടക്കുന്ന വൈതാളികന്മാരും മൂടുതാങ്ങികളുമാണ് ഇന്ന് ഭാരതാംബയുടെ കണ്ണിലെ കരടുകളായി തീർന്നിട്ടുള്ളത്. ആ കരടുകൾ നീക്കം ചെയ്യാത്തിടത്തോളം കാലം ഭാരതാംബയുടെ കണ്ണുകൾ കലങ്ങിത്തന്നെയിരിക്കും.” (കേസരി 27.7.1987).

പുറത്തു പോകാൻ ഇഷ്ടമില്ലാത്ത ‘ചെടികൾ’ എന്ത് ചെയ്യണമെന്ന ചോദ്യത്തിന് കൂടി ഫാസിസ്റ്റ് നേതാക്കൾക്ക് ഉത്തരമുണ്ട്!

“ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഒന്നുകിൽ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കുകയോ അല്ലെങ്കിൽ അവകാശങ്ങൾ ഒന്നുമില്ലാതെ, പൗരാവകാശങ്ങൾ പോലുമില്ലാതെ ഹിന്ദുജനതക്ക് പൂർണമായി കീഴ്പ്പെട്ട് ഇവിടെ കഴിഞ്ഞുകൂടുകയോ ചെയ്യണം” (എം.എസ്. ഗോൾവാൾക്കർ, We or our Nationhood Defined, Page 56).

ചുരുക്കിപ്പറഞ്ഞാൽ ഈ ‘ഗെറ്റ് ഔട്ട്’ ആക്രോശങ്ങളും പാക്കിസ്ഥാനിലേക്ക് പറഞ്ഞയക്കലുമെല്ലാം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. കേന്ദ്രത്തിൽ അധികാരം കിട്ടിയ ഹുങ്കിലോ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിലോ വന്നുപോകുന്ന ‘അബദ്ധപ്രസ്താവന’കളുമല്ല അവ. മറിച്ച് സംഘപരിവാർ രാഷ്ട്രീയത്തിന്റെ

**ഭാരതീയ സംസ്കാരമെന്ന് ഇക്കൂട്ടർ ഉദ്ഘോഷിക്കുന്ന വൈദിക സംസ്കാരവും വൈദേശികമാണെന്ന സത്യം സംഘപരിവാറിനു വേണ്ടി ചരിത്രത്തെ തിരുത്തിയെഴുതിക്കൊണ്ടിരിക്കുന്നവരൊഴികെ ബാക്കിയെല്ലാവരും അംഗീകരിക്കുന്ന ഒരു സത്യമാണ്. വൈദിക സംസ്കാരമാണ് ഭാരതീയ സംസ്കാരമെന്ന് കരുതിപ്പോന്നിരുന്ന കാലത്ത് വിളിച്ചു കൂവിയ വാദങ്ങളെ കടപുഴക്കി എറിയുന്നതായിരുന്നു സിന്ധുനദീതട സംസ്കാരത്തെ കുറിച്ച് ലഭിച്ച വിവരങ്ങൾ.**

ഡി.എൻ.എയിൽ തന്നെ ഈയൊരു സങ്കുചിതത്വം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. എം.ടിയും കമലുമെല്ലാം ഇതിന്റെ ഏറ്റവും പുതിയ ഇരകൾ മാത്രം.

**പറിച്ചുനട്ട കഥ**

ഇത്തരമൊരു സാഹചര്യത്തിൽ മറ്റുള്ള ചെടികളെയെല്ലാം പുറത്തുനിന്ന് വന്നവയാണെന്ന കാരണം പറഞ്ഞ് പറിച്ചുകളയാൻ ശ്രമിക്കുന്ന ‘ഫാസിസ്റ്റ് ചെടി’യുടെ ചരിത്രവും കൂടി നാം കേൾക്കേണ്ടതുണ്ട്. മറ്റു മതങ്ങളെല്ലാം വിദേശത്തു നിന്ന് വന്നവയാണെന്ന കാരണം പറഞ്ഞ് ‘ഭാരതാംബയുടെ കണ്ണിലെ കരടാ’ക്കുന്നവർ സ്വന്തം ചരിത്രം മറക്കുകയോ മറക്കാൻ ശ്രമിക്കുകയോ ആണ്! ഭാരതമണ്ണിൽ പിറവി കൊണ്ട ആദർശങ്ങൾ മാത്രമെ ഇവിടെ നിലനിൽക്കാൻ പാടുള്ളൂ എന്നാണെങ്കിൽ ഈ പറയുന്നവരും കുറ്റിയും പറിച്ച് നാടുവിടേണ്ടി വരും എന്നതാണ് സത്യം!

ഭാരതീയ സംസ്കാരമെന്ന് ഇക്കൂട്ടർ ഉദ്ഘോഷിക്കുന്ന വൈദിക സംസ്കാരവും വൈദേശികമാണെന്ന സത്യം സംഘപരിവാറിനു വേണ്ടി ചരിത്രത്തെ തിരുത്തിയെഴുതിക്കൊണ്ടിരിക്കുന്നവരൊഴികെ ബാക്കിയെല്ലാവരും അംഗീകരിക്കുന്ന ഒരു സത്യമാണ്. വൈദിക സംസ്കാരമാണ് ഭാരതീയ സംസ്കാരമെന്ന് കരുതിപ്പോന്നിരുന്ന കാലത്ത് വിളിച്ചു കൂവിയ വാദങ്ങളെ കടപുഴക്കി എറിയുന്നതായിരുന്നു സിന്ധുനദീതട സംസ്കാരത്തെ കുറിച്ച് ലഭിച്ച വിവരങ്ങൾ. ബി.സി 2500കളിലാണ് സൈന്ധവസംസ്കാരം നിലനിന്നിരുന്നത്. ഇതിനു വൈദിക സംസ്കാരവുമായി യാതൊരു ബന്ധവുമില്ല. ബി.സി 1200ൽ ഇന്ത്യയിലേക്ക് കടന്നുവന്ന ആര്യന്മാരുടെ സംസ്കാരമാണ് വൈദിക സംസ്കാരം എന്നറിയപ്പെടുന്നത്.

സിന്ധുനദീതട സംസ്കാരത്തെ നശിപ്പിച്ചുകൊണ്ട് പുറത്തുനിന്നും അപരിഷ്കൃതരായ ആര്യന്മാർ ഹിന്ദുകുഷ് പഞ്ചാബ് വഴി ഭാരതത്തിലേക്ക് കുടിയേറി പാർക്കുന്നത് മുതലാണ് വൈദിക മതത്തിന്റെ ഭാരതീയ ചരിത്രം ആരംഭിക്കുന്നത്. ആര്യന്മാരുടെ ആദിമവാസസ്ഥലം എവിടെയാണെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും അവർ ഇന്ത്യക്ക് പുറത്തുനിന്ന് വന്നവരാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. ഇന്നത്തെ ഹങ്കറി, ഓസ്ട്രിയ എന്നിവിടങ്ങളിലാണ് ആര്യന്മാരുടെ തറവാട് എന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ ഉത്തരയൂറോപ്പാണെന്നും ഉത്തരധ്രുവത്തിലാണെന്നും ചി

ലർ വാദിക്കുന്നു. യൂറോപ്പിൽ നിന്നും പേർഷ്യ, അഫ്ഗാനിസ്ഥാൻ വഴി ഇവർ ഇന്ത്യയിലേക്ക് കടന്നു എന്നാണ് കരുതപ്പെടുന്നത്. ഇറാനിലെ ആര്യന്മാരുടെ ഭാഷയായ സെങ്ങും പഞ്ചാബിലെ ആര്യന്മാരുടെ ഭാഷയായ സംസ്കൃതവും തമ്മിൽ വളരെയേറെ സാദൃശ്യമുണ്ട്. അതുപോലെത്തന്നെ ഇറാൻകാരുടെ പൗരാണിക പുണ്യഗ്രന്ഥമായ 'അവസ്ത'യിലും പഞ്ചാബിൽ പാർത്തവരുടെ കീർത്തനങ്ങളായ വേദങ്ങളിലും ഒരേ ദേവന്മാരെ കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. ഇന്ദ്രൻ, വരുണൻ, ആര്യമാവ്, നാസത്യർ എന്നിവരെപ്പറ്റി മേൽപറഞ്ഞ രണ്ടു ഗ്രന്ഥങ്ങളിലും ഏതാണ്ട് ഒരേ അർഥത്തിലാണ് പ്രതിപാദിച്ചിട്ടുള്ളത്.

ഇന്ദ്രനെയും മിത്രനെയും സൂര്യചന്ദ്രാതി നക്ഷത്രങ്ങളെയും ആരാധിച്ചിരുന്ന ആര്യന്മാർ ഇവിടെ കണ്ടത് രൂപമോ വിഗ്രഹമോ ഇല്ലാതെ ആരാധന നടത്തിയിരുന്ന ദ്രാവിഡന്മാരെയായിരുന്നു. ആദിവാസികളായ ദ്രാവിഡന്മാരോട് ഏറ്റുമുട്ടിക്കൊണ്ടും അവരുടെ സംസ്കാരത്തെ നശിപ്പിച്ചുകൊണ്ടുമാണ് ആര്യന്മാർ ഇവിടെ ആധിപത്യം സ്ഥാപിക്കുന്നത്. ഋഗ്വേദത്തിന്റെ ആദിമസൂക്തങ്ങൾ പരിശോധിക്കുന്ന ഒരാൾക്ക് ആര്യാധിനിവേശത്തെയും ആര്യദ്രാവിഡ സംഘട്ടനങ്ങളെയും നിഷേധിക്കുക സാധ്യമല്ല. എൻ.ഇ.ബലറാം തന്റെ 'ഇന്ത്യയുടെ പിറവി' എന്ന പുസ്തകത്തിൽ ഇക്കാര്യം വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

"ചരിത്ര വിദ്യാർഥികൾക്ക് ഋഗ്വേദത്തിൽ നിന്നും യജുർവേദത്തിൽ നിന്നുമാണ് ധാരാളം പഠിക്കാനുള്ളത്. ശ്രദ്ധിച്ചു നോക്കിയാൽ ഋഗ്വേദ സൂക്തങ്ങൾ 3 പ്രധാന കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നവയാണെന്ന് പറയാം. യജുർവേദമാകട്ടെ മറ്റൊരു കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. ഈ കാലഘട്ട നിർണയം വളരെ സാമാന്യമായ രീതിയിൽ തയാറാക്കിയതാണെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഒന്നാമത്തെ ഘട്ടം സഞ്ചാര കാലമാണ്; അതായത് ഇന്ത്യയിൽ എത്തി പാർപ്പുറപ്പിക്കുന്നതുവരെയുള്ള ഘട്ടം. ഇന്ത്യയിൽ താമസിച്ചുകൊണ്ട് പുതിയ ഒരു സംസ്കാരം കെട്ടിപ്പടുക്കുന്ന ഭാഗമാണ് രണ്ടാം കാലഘട്ടം. ഈ കാലത്തും കന്നുകാലികളെ പോറ്റിക്കൊണ്ടാണവർ കാലക്ഷേപം ചെയ്തിരുന്നത്. അൽപാൽപം കൃഷിയും ഉണ്ടായിരുന്നു. മൂന്നാമത്തെ ഘട്ടമാകുമ്പോഴേക്കും കൂടുതൽ സ്ഥലങ്ങൾ വെട്ടിത്തെളിയിച്ചും കാളകളെ പൂട്ടി ഉഴുതും കൃഷി പ്രധാനമായ തൊഴിലായി അംഗീകരിച്ചും കൊണ്ടുള്ള ഒരു ഉയർന്ന സമുദായമായി അവർ അഭിവൃദ്ധി പ്രാപിച്ചു. യമുനയുടെയും ഗംഗയുടെയും തടങ്ങളിലേക്ക് വ്യാപിച്ചത് ഈ ദശയിലാണ്. ഈ മൂന്ന് ഘട്ടങ്ങളിലുള്ള ചരിത്രം ആര്യന്മാരുടെ ചരിത്രം മാത്രമാണെന്ന് ധരിക്കരുത്. ആര്യന്മാർ ഇവിടെ എത്തുമ്പോഴേക്കും അനാര്യരായ മറ്റൊരു വിഭാഗം ജനങ്ങൾ ഇവിടെ ഉണ്ടായിരുന്നുവെന്ന് പറഞ്ഞുവല്ലോ. അവരും ആര്യന്മാരും തമ്മിൽ സംഘട്ടനങ്ങളും സംയോജനങ്ങളും ധാരാളം നടന്നിട്ടുണ്ട്. അങ്ങനെയാണ് ഗംഗാതലത്തിൽ ഉയർന്ന പല സംസ്കാരങ്ങളും ഉടലെടുത്തത്" (എൻ.ഇ.ബാലറാം, ഇന്ത്യയുടെ പിറവി).

ഇങ്ങനെ ഇന്ത്യയിൽ നിലനിന്നിരുന്ന സംസ്കാരത്തോടും വിശ്വാസങ്ങളോടും ഏറ്റുമുട്ടിക്കൊണ്ട് പുറത്തുനിന്ന് വന്ന് ആധിപത്യം സ്ഥാപിച്ചവരാന് ആര്യന്മാർ. അനാര്യന്മാരെ അവർ 'ദസ്യുക്കൾ' എന്നാണു വിശേഷിപ്പിച്ചിരുന്നത്. ദസ്യുക്കളുടെ പട്ടണങ്ങൾ നശിപ്പിക്കുന്ന ഘാതകൻ എന്നർഥം വരുന്ന 'പുരന്ധൻ' എന്നത് ഇന്ദ്രനെന്ന ആര്യദേവന്റെ മറ്റൊരു പേരാണ്. ഇങ്ങനെ ആര്യന്മാരാൽ ആക്രമിക്കപ്പെട്ട ഇന്ത്യയിലെ ആദിമ സമൂഹം സിന്ധുനദീതടം വിട്ട് തെക്കൻ മേഖലകളിലേക്ക് കുടിയേറുകയാണുണ്ടായത്. വടക്കൻ മേഖലകളിലാകട്ടെ ആര്യ, ആര്യദ്രാവിഡ സങ്കരവിഭാഗങ്ങളുമാണ് കൂടുതലായി കാണുന്നത്. പിന്നീട് നാം കാണുന്നത് ആര്യദ്രാവിഡ സങ്കര വിശ്വാസങ്ങളും ആചാരങ്ങളും ഉടലെടുക്കുന്നതും അത് ക്രമേണ ആര്യന്മാരുടെ ബഹുദൈവ വിശ്വാസങ്ങളിലേക്ക് അധഃപതിക്കുന്നതുമായിരുന്നു. ഇവിടെയുള്ള ജനങ്ങളെ ജാതികളും ഉപജാതികളുമാക്കി തിരിക്കുകയും ദൈവസങ്കൽപം മുതൽ പരലോകവിശ്വാസം വരെ ചാതുർവർണ്യ വ്യവസ്ഥയെ അരക്കെട്ടുറപ്പിക്കുന്ന തരത്തിൽ തിരുത്തിയെഴുതപ്പെടുകയും ചെയ്തു!

**ചരിത്രം തിരുത്തിയെഴുതാൻ സംഘപരിവാർ!**

ഭാരതമണ്ണിൽ പിറവികൊണ്ട മതങ്ങളും ആശയങ്ങളുമല്ല എന്ന പേരുപറഞ്ഞ് മറ്റുള്ളവരെയെല്ലാം പറഞ്ഞയക്കാൻ ശ്രമിക്കുന്ന സംഘപരിവാർ ഫാസിസ്റ്റ് ശക്തികൾക്ക് ഈ വസ്തുതകൾ അംഗീകരിക്കാൻ പ്രയാസം തോന്നുക സ്വാഭാവികമാണല്ലോ. അതുകൊണ്ട് തന്നെയാണ് സാക്ഷാൽ നരേന്ദ്ര മോഡി മുതൽ താഴെകിടയിലുള്ള സംഘപരിവാർ കൂലിയെഴുത്തുകാർ വരെ ആര്യന്മാരുടെ ആഗമനം എന്ന ചരിത്രസത്യം കള്ളക്കഥയാണെന്ന് പറഞ്ഞ് രംഗത്ത് വരുന്നത്. നട്ടുച്ചയെ പോലും നട്ടപ്പാതിരയാക്കി തിരുത്തിയെഴുതാൻ മാത്രം തൊലിക്കട്ടി കാട്ടി പല ചരിത്രങ്ങളെയും കാവിവൽക്കരിക്കാൻ തെളിവുകൾ നിർമിക്കുന്നവർക്ക് ഇത് വലിയ പ്രയാസമുള്ള കാര്യമല്ലല്ലോ. എന്നാൽ ആര്യന്മാരുടെ ആഗമനം നിഷേധിക്കാൻ ഇക്കൂട്ടർ പറയുന്ന ന്യായങ്ങൾ എത്ര മാത്രം ബാലിശമാണ് എന്ന് പരിശോധിക്കേണ്ടത് സമകാലിക സാഹചര്യത്തിൽ അത്യാവശ്യമാണ്.

ഒരു ആർ.എസ്.എസ്. വേദിയിൽ വെച്ച് ഒരു പ്രധാന നേതാവ് പറഞ്ഞത് ഇന്ത്യക്കാരുടെ ഡി.എൻ.എ പഠനങ്ങൾ ആര്യന്മാരുടെ ആഗമനം നിഷേധിക്കുന്നുവെന്നാ



ണ്! ഭാരതീയരുടെ ഡി.എൻ.എകൾ യൂറോപ്യൻ ജനതയുടെ ഡി.എൻ.എയുമായി സാമ്യത പുലർത്തുന്നേയില്ലെന്നും അതിനാൽ തന്നെ പുറത്തു നിന്ന് ആരെങ്കിലും വന്നു എന്നത് ശാസ്ത്രീയമായി തന്നെ അംഗീകരിക്കാൻ സാധ്യമല്ല എന്നുമാണ് അദ്ദേഹം വാദിക്കുന്നത്. ഇത് തന്നെയാണ് ഇത് നിഷേധിക്കാൻ ഇക്കൂട്ടർ എല്ലായിടത്തും പറയുന്ന ഏറ്റവും പ്രധാനപ്പെട്ട 'തെളിവ്'!

ശാസ്ത്ര, സാങ്കേതിക രംഗം ഏറെ പുരോഗമിച്ച കാര്യവും ലോകത്തുള്ള വിവിധ ജനവിഭാഗങ്ങളിൽ നടത്തുന്ന പഠനങ്ങളും പല കാലഘട്ടങ്ങളിലായി മനുഷ്യർ നടത്തിയ പലായനങ്ങൾ പഠനവിധേയമാക്കുന്ന ജീനോഗ്രാഫിക് പ്രോജക്റ്റുകളുമൊന്നും ഇക്കൂട്ടർ അറിഞ്ഞില്ലെന്നു തോന്നുന്നു. അതല്ലെങ്കിൽ തങ്ങൾ 'പഠനങ്ങൾ' എന്ന പേരിൽ പുറത്തുവിടുന്ന കള്ളക്കഥകളല്ലാതെ മറ്റൊന്നും ആരും വായിക്കുകയോ പഠിക്കുകയോ ചെയ്യില്ലെന്ന വിശ്വാസമോ ആയിരിക്കാം ഇത്ര പച്ചയായി ഈ നുണകൾ തട്ടിവിടാൻ ഇവരെ പ്രേരിപ്പിക്കുന്നത്.

മനുഷ്യകുടിയേറ്റത്തിന്റെ ജനിതക വഴികൾ പഠിക്കുന്ന ജീനോഗ്രാഫിക് പ്രോജക്റ്റ് എന്ന ഗവേഷണ പദ്ധതി ഏതു കുട്ടിക്കും ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്. ലോകത്തുള്ള ആയിരക്കണക്കിന് മനുഷ്യരുടെ ജീനോം വിശകലനം ചെയ്യുകയും അത് ഉപയോഗിച്ച് കുടിയേറ്റത്തിന്റെ നാൾവഴികൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. https://genographic.nationalgeographic.com/human-journey/എന്ന സൈറ്റിൽ ഇത് ലഭ്യമാണ്.

ഇന്നത്തെ ഇന്ത്യൻ ജനത രണ്ടുതരം സമൂഹങ്ങളുടെ സങ്കരഫലമായി ഉണ്ടായതാണ്. Ancesreal South Indians (ASI)യും Ancestral North Indians(ANI)യും ആണ് ആ രണ്ടു വിഭാഗങ്ങൾ. ഈ രണ്ടു വിഭാഗങ്ങളും രണ്ടുവഴികളിലൂടെയാണ് ഇന്ത്യയിലേക്ക് കുടിയേറിയത്. ഏകദേശം 50,000 വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിലെത്തിയവരാണ് ASI വിഭാഗക്കാർ. ആഫ്രിക്കയിൽ നിന്ന് മിഡിലീസ്റ്റ് വഴി മധ്യേഷ്യയിലെത്തി യൂറോപ്പ്, കിഴക്കൻ ഏഷ്യ, ഇന്ത്യ എന്നിവിടങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തവരാണ് ANI വിഭാഗക്കാർ. ഇതിൽ തന്നെ ആദ്യം കുടിയേറിയ വിഭാഗം ANIold എന്നും പിന്നീട് കുടിയേറിയവർ ANInew എന്നും അറിയപ്പെടുന്നു.

നദീതട സംസ്കാരങ്ങളുടെ അവസാനഘട്ടത്തിൽ ഇന്ത്യയിലേക്ക് കടന്നുവന്ന ANInew വിഭാഗക്കാരാണ് ആര്യന്മാർ. ഇവരുടെ കടന്നുവരവിനു ശേഷം ഇന്ത്യൻ സമൂഹം പല തട്ടുകളായി വിഭജിക്കപ്പെട്ടു എന്ന് വിശദീകരിച്ചുവല്ലോ. അത് കൊണ്ട് തന്നെയാണ് ആര്യന്മാരുടെ ജനിതക പൈതൃകം ഉയർന്ന ജാതികളുടെ ഡി.എൻ. എയിൽ മാത്രം കാണുന്നത്! ആര്യന്മാർ ചെറുസംഘങ്ങളായാണ് ഇന്ത്യയിലെത്തിയത്. ഇന്ത്യൻ സംസ്കാരങ്ങളുടെ ഭാഗമായിരുന്ന ഒരുവിഭാഗം തദ്ദേശീയർ ആര്യന്മാരുമായി (ANInew) സങ്കരിച്ചാണ് സവർണ ജാതികളായി മാറിയത്.

ആര്യന്മാർ ഇന്ത്യക്ക് പുറത്തുനിന്ന് വന്നവരാണെന്നോ ഇന്നത്തെ ഹൈന്ദവ വിശ്വാസങ്ങൾ എന്ന ആര്യദർശനം വൈദേശികമെന്നോ സ്ഥാപിച്ചത് കൊണ്ട് മാത്രം അവരുടെ മതവിശ്വാസം മോശമാണ് എന്ന് പറയുന്നത് വിഡ്ഢിത്തമാണ്. മതവും ദർശനങ്ങളുമെല്ലാം ദേശീയതകൾക്ക് അതീതമായ വസ്തുതകളാണ്. ആര്യദർശനം മഹത്തരമാണെങ്കിൽ അത് ഇന്ത്യക്കകത്ത് ഉണ്ടായതാണെങ്കിലും പുറത്തുണ്ടായതാണെങ്കിലും ബുദ്ധിയുള്ളവർ അത് അംഗീകരിക്കും. മറിച്ച് ഇന്ത്യക്കകത്ത് ഉണ്ടായത് എത്ര മോശമാണെങ്കിലും അംഗീകരിക്കാനും പിറവി പുറത്തായിപ്പോയി എന്ന കാരണത്താൽ മാത്രം എത്ര നല്ല ദർശനമാണെങ്കിലും തള്ളിപ്പറയാനും കപടദേശീയത തലക്ക് കയറി ഭ്രാന്ത് പിടിച്ചവർക്ക് മാത്രമെ സാധിക്കൂ. വൈദേശിക മതങ്ങളെല്ലാം പടിക്ക് പുറത്തെന്ന് പറഞ്ഞ് ആക്രോശിക്കുന്നവരെ കണ്ണാടി നോക്കിയും 'ഗെറ്റ് ഔട്ട്' പറയാം എന്ന് ഓർമിപ്പിക്കട്ടെ.

**Reference:**


1. https://genographic.nationalgeographic. com

2. www.sciencedirect.com/science/aricle/pii/S0002929713003248.

3. എൻ.ഇ.ബാലറാം, ഇന്ത്യയുടെ പിറവി

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com





# മന്ത്രവാദികൾ മതത്തോടും മനുഷ്യരോടും ചെയ്യുന്നത്...

**അന്ധവിശ്വാസത്തിന്റെ വിഷപ്പുക ശ്വസിച്ച് മരണം പുൽകിയവരുടെ എണ്ണം കേരളത്തിൽ കുറച്ചധികമുണ്ട്. വിശ്വാസത്തിന്റെ ശാദ്വലതീരം തേടി പുറപ്പെടുന്ന മനുഷ്യരിൽ പലരും മന്ത്രവാദികളുടെ കുതന്ത്രങ്ങളിൽ ചെന്നുചാടുന്നത് എന്തുകൊണ്ട് എന്നൊരന്വേഷണം തികച്ചും കൗതുകകരമാണ്. മനുഷ്യന്റെ മതം, മാനം, പണം എന്നിവയെ അതിദാരുണമായി ചൂഷണം നടത്തിയിട്ടും, പലതവണ അത് പിടിക്കപ്പെട്ടിട്ടും മന്ത്രവാദികളുടെ ഉമ്മറപ്പടികളിലെ വരിയുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുന്നതെന്തുകൊണ്ട്? അതും സാക്ഷര കേരളത്തിൽ. ഒരന്വേഷണം!**

രോഗം പ്രകൃതിപരമായ ഒരു യാഥാർഥ്യമാണ്. അല്ലാഹു നിശ്ചയിച്ച ഫിത്റത്തിന്റെ അടിസ്ഥാനത്തിന് ഏതെങ്കിലും നിലക്ക് ഭംഗം വരുമ്പോഴാണ് മനുഷ്യൻ രോഗിയാവുന്നത്. മൃഗങ്ങൾക്കും രോഗമുണ്ടാവുന്നുണ്ട്.

ഇന്ന് രോഗചികിത്സ ഒരു വൻ വ്യവസായമായിരിക്കുന്നു. രോഗികളെ ചൂഷണം ചെയ്യുന്ന ചികിത്സാ സമ്പ്രദായങ്ങൾ പണ്ടുമുതലേ പ്രചാരത്തിലുണ്ട്. ഭൗതിക ചികിത്സാരംഗത്തും ആത്മീയരംഗത്തും ഈ ചൂഷണമുണ്ട്. അതിന്റെ ഇരയാണ് യഥാർഥത്തിൽ, കുറ്റ്യാടിയിലെ ചികിത്സക്കിടെ മരണപ്പെട്ട യുവതിയും.

രോഗം വന്നാൽ, ആ രോഗത്തെ കുറിച്ച് പഠിച്ചവരെ സമീപിക്കുക എന്നതാണ് സാധാരണ രീതി. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നിവയിലൊക്കെ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ ഇന്ന് നാട്ടിൽ എമ്പാടുമുണ്ട്. രോഗികൾ ചികിത്സകരെ സമീപിച്ച് മരുന്ന് വാങ്ങിക്കഴിച്ച് കൂടെ രോഗശമനത്തിനുള്ള പ്രാർഥനയും നടത്തുക എന്നതാണ് ഇസ്‌ലാമികമായ രീതി. അതേസമയം, രോഗം വന്നാൽ ഇത്തരക്കാരെ സമീപിക്കാതെ അക്ഷരജ്ഞാനം പോലുമില്ലാത്ത ചില സിദ്ധൻമാരെയും മന്ത്രവാദികളെയും ആളുകൾ സമീപി

ക്കുന്നു! അവർക്കാർക്കറിയാം ഈ മന്ത്രവാദി ഒരു ചികിത്സാ കോഴ്‌സും പാസായിട്ടില്ലെന്ന്. എന്നിട്ടും ആളുകൾ അവരെ സമീപിക്കുന്നതെന്തുകൊണ്ടാണ്? ഇവിടെയാണ് മന്ത്രവാദികളും അവരെ വളർത്തുന്നവരും വിജയിക്കുന്നത്.

### മന്ത്രവാദികളെ വളർത്തുന്നത് ആര്?

സമൂഹത്തെ അന്ധവിശ്വാസത്തിൽ തളിച്ചിട്ട് തങ്ങളുടെ സംഘടനാ ശക്തി നിലനിർത്താൻ കിണഞ്ഞ് പരിശ്രമിക്കുന്ന ചിലർ കേരളത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. അല്ലാഹു അല്ലാത്തവർക്കും അഭൗതിക കഴിവുകൾ ഉണ്ട് എന്ന വികലമായ ആശയം വെച്ചുപുലർത്തുന്നവരാണ് ഇത്തരം അന്ധവിശ്വാസികൾക്ക് വളംവെക്കുന്നത്. കാര്യകാരണങ്ങൾക്കതീതമായി അല്ലാഹുവിന്റെ പടപ്പുകളിൽ ചിലർക്ക് ചിലതൊക്കെ ചെയ്യാൻ കഴിയും എന്ന് വാദിച്ചുകൊണ്ടാണ് മന്ത്രവാദികളും രംഗത്തു വരാറുള്ളത്. അങ്ങനെയാണ് അക്ഷരജ്ഞാനമില്ലാത്ത മന്ത്രവാദികളുടെ വീട്ടുമുറ്റത്ത് വിദഗ്ധനായ ഒരു ഡോക്ടറുടെ വീട്ടുമുറ്റത്തെതിനേക്കാൾ ആളുകൾ എത്തുന്നത്. ഈ വ്യക്തിക്ക് ആ ഡോക്ടർക്ക് ഇല്ലാത്ത 'എന്തോ' ഒരു കഴിവ് ഉണ്ട് എന്ന് ആളുകൾ വിശ്വസിക്കുന്നു. അഥവാ ഇത്തരം മന്ത്രവാദികൾക്കുള്ള അഭൗതിക കഴിവുകളിലൂടെയാണ് അവർ ചികിത്സിക്കുന്നത്, അതിനാൽ അത് ഒരു വിദഗ്ധ ഡോക്ടറുടെ ചികിത്സയെക്കാൾ മികച്ചതാണെന്നും ആളുകൾ വിശ്വസിക്കുന്നു.

അന്ധവിശ്വാസങ്ങൾ ഊട്ടിയുറപ്പിക്കൽ നയമായി കൊണ്ടുനടക്കുന്ന സമസ്തയുടെ പണ്ഡിതന്മാരാണ് ഇത്തരമൊരു വാദം ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൻെറയടിസ്ഥാനത്തിൽ പ്രമാണങ്ങൾക്ക് വിരുദ്ധമായ എത്രയെത്ര അബദ്ധ വിശ്വാസങ്ങളും അനാചാരങ്ങളുമാണ് സമസ്തക്കാർ കേരളക്കരക്ക് സംഭാവന ചെയ്തിട്ടുള്ളത്! ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ നിരന്തരമായ പ്രബോധന പ്രവർത്തനങ്ങളിലൂടെ അതിൽ കുറെയൊക്കെ ആളുകൾ കയ്യൊഴിച്ചിട്ടുണ്ട്; ചിലതൊക്കെ കയ്യൊഴിഞ്ഞുകൊണ്ടിരിക്കുന്നുമുണ്ട്. എന്നാൽ ജനങ്ങളുടെ ഈ തിരിച്ചറിവിനെ വളരെ ആശങ്കയോടെയാണ് സമസ്തക്കാർ നോക്കിക്കാണുന്നത്.

അവർ എഴുതുന്നത് കാണുക: "പ്രസവവേദന തുടങ്ങിയാൽ മന്ത്രിച്ചൂതിയ വെള്ളവും നഫീസത്ത് മാലയും മരുന്നായിരുന്ന തലമുറ ഇന്നലെകളിലെ സുഗന്ധമായിരുന്നു. പാമ്പ്കടിയേറ്റാൽ ഓടിച്ചെന്നിരുന്നത് തങ്ങളുപ്പാപ്പാന്റെ അടുത്തേക്കായിരുന്നു. പുതിയ വള്ളവും വലയും ഇറക്കുന്ന മുക്കുവന്റെ ആശ്വാസം ഉസ്താദിന്റെ മന്ത്രിച്ചൂത്തിലായിരുന്നു. നൂറ്റാണ്ടുകൾ തുടർന്ന് പോന്ന ഒരു പൈതൃകത്തിന് യുക്തി മുറിവേൽപിച്ചപ്പോൾ സംഭവിച്ചത് ആധുനികതയുടെയും ഉപഭോഗ സംസ്കാരത്തിന്റെയും കടന്ന് കയറ്റമായിരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ പ്രസവം നടത്തിയാലേ സുഖപ്രസവമാകൂ എന്നതല്ലേ സമൂദായത്തിന്റെ ഇപ്പോഴത്തെ ചിന്ത" (അഹ്‌ലുസ്സുന്ന, നേർവഴിയുടെ പാഠം: പേജ്:194, റഹ്മാനിയ കടമേരി). വീണ്ടും എഴുതുന്നു:

"ഗർഭിണികൾ നഫീസത്ത് മാല ചൊല്ലുന്നത് വഴി സുഖപ്രസവം ലഭിച്ചിരുന്നുവെന്നത് ചരിത്ര സത്യമാണ്. പേറ്റുനോവിന്റെ അവസരങ്ങളിൽ വേദന ശമിപ്പിക്കാനും കുട്ടിക്ക് നല്ലഭാവി പ്രദാനം ചെയ്യുവാനും ഇപ്രകാരം മറ്റു മാലകളിലെ പ്രകീർത്തനങ്ങളും അവർ ഉരുവിട്ടിരുന്നു" (പേജ്: 189).

സമൂഹത്തെ ഇപ്പോഴും മാലകളിലും മന്ത്രവാദങ്ങളിലും തളച്ചിടാൻ കിട്ടാത്തതിന്റെ പരിവേദനമാണ് ഈ വരികളിൽ മുഴച്ചുനിൽക്കുന്നത്. ഇവർതന്നെയാണ് യഥാർഥത്തിൽ സമൂഹത്തിന്റെ പിന്നോട്ടുള്ള ഗമനത്തിന് ആക്കം കൂട്ടുന്നത് എന്നതിൽ സംശയമില്ല. ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും ജനത്തെ വലിച്ചുകൊണ്ടുപോയി ആത്മീയതയുടെ മേൽ കുപ്പായമിട്ട ചൂഷണ കേന്ദ്രങ്ങളായ സിദ്ധമഠങ്ങളിലേക്കും ജാറങ്ങളിലേക്കും മന്ത്രവാദികളുടെ ഹോമ കുണ്ഡങ്ങളിലേക്കും എത്തിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അല്ലാഹു അല്ലാത്തവർക്കും കാര്യകാരണ ബന്ധങ്ങൾക്കതീതമായി ചിലതൊക്കെ ചെയ്യാൻ കഴിയുമെന്ന അന്ധവിശ്വാസം പ്രചരിപ്പിക്കുന്നവർ തന്നെയാണ്. വിവാദങ്ങൾ ഉണ്ടാകുമ്പോൾ കൈകഴുകി രക്ഷപ്പെടാൻ ശ്രമിച്ചത്കൊണ്ട് കാര്യമില്ല. സമൂഹത്തിന്റെ അടിത്തട്ടിൽ ഇത്തരം വിശ്വാസവൈകൃതങ്ങൾക്ക് വളം വെക്കുകയും സമൂഹത്തിന്റെ മുമ്പിൽ പുരോഗമനത്വം ചമയുകയും ചെയ്യുന്നത് പ്രബുദ്ധലോകം തിരിച്ചറിയുന്നുണ്ട്.

സിഹ്‌റും മറ്റു മന്ത്രവാദങ്ങളും പഠിപ്പിക്കുന്ന ഗ്രന്ഥങ്ങൾ വിപണിയിലിറക്കുകയും അത് വിറ്റ് 'ഇജാസത്ത്' നൽകുകയും എന്തെങ്കിലും വിവാദങ്ങൾ വരുമ്പോൾ ഒട്ടക പക്ഷിയെ പോലെ തലമണ്ണിൽ താഴ്ത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഇത്തരക്കാർ, സമൂഹഗാത്രത്തിലുണ്ടാക്കിക്കൊണ്ടിരിക്കുന്ന മുറിവിന്റെ ആഴം വ്യക്തമാവണമെങ്കിൽ ഇവർ പ്രസിദ്ധീകരിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്ന മന്ത്രവാദ ഗ്രന്ഥങ്ങളിലൂടെ ഒന്ന് കണ്ണോടിച്ചാൽ മതി. അന്ധവിശ്വാസത്തിന്റെ ഇരുട്ടുകൾക്ക് പ്രമാണത്തിന്റെ പിൻബലം ഉണ്ടെന്നു വരുത്താനുള്ള ഇത്തരം ശ്രമങ്ങളെ സമൂഹം മനസ്സിലാക്കിത്തുടങ്ങാൻ വൈകിയാൽ ഇനിയും കുറ്റ്യാടികൾ ആവർത്തിക്കും.

ജ്യോതിഷവും മന്ത്രവാദവും കോർത്തിണക്കി മുസ്തഫാ ബാഖവി ഊങ്ങാപ്പുഴ എന്ന ചികിത്സകൻ ഇറക്കിയ 'ഇസ്മ് ചികിത്സ' എന്ന ഗ്രന്ഥത്തിലെ ചില വരികൾ കാണുക:



“ചെയ്യുന്ന അമൽ അനുയോജ്യ ഗ്രഹങ്ങളിലായിരിക്കുക, അനുയോജ്യമായ ബുർജിലും കൗകബിലുമായിരിക്കുക. അനുയോജ്യമായ ബുഖൂർ പുകക്കുക. മുർശിദായ ഗുരുവിൽ നിന്ന് ഇജാസത്ത് വാങ്ങി രിയാള വീട്ടുക. ഫലകിന്റെ ഇത്തിസാലും ഇൻഫിസാലും അറിയുക. അക്കങ്ങൾ എഴുതുന്നത് ഇന്ത്യൻ ഖലമ് കൊണ്ടായിരിക്കുക. നമ്മക്ക് ചെയ്യുമ്പോൾ നഹ്സ് ഇല്ലാത്ത ദിവസമായിരിക്കുക” (പേജ്: 9).

വീണ്ടും എഴുതുന്നു: “ഉദ്ദേശിക്കുന്നവന്റെയും അവന്റെ ഉമ്മയുടെയും പേരിന്റെ അദദ് ജമലുൽ മശ്ഹൂർ അനുസരിച്ച് എടുക്കുക. കിട്ടിയ എണ്ണത്തെ ഖമറിന്റെ മൻസിലുകളുടെ എണ്ണമായ 28 കൊണ്ട് ഹരിക്കുക, ബാക്കിയുള്ളതിനെ മൻസിലകൾ വീതിക്കുക. ശർത്വീൻ (അശ്വതി) മുതൽ ഓരോ മൻസിലകൾക്കും ഒന്ന് വീതം നൽകി പോരുക. എണ്ണം ഏത് മൻസിലിൽ അവസാനിക്കുന്നുവോ അതാണ് അവന്റെ മൻസില. ആ മൻസിലയിൽ എന്നാണ് ഖമർ വരിക അന്നാണ് അവന്റെ ആവശ്യത്തിനു വേണ്ടിയുള്ള കളം എഴുതേണ്ടത്”(പേജ് 12).

നോക്കൂ! ഇത്തരത്തിലുള്ള മന്ത്രവാദരീതികൾ സമൂഹത്തിൽ അച്ചടിച്ചു പ്രചരിപ്പിക്കുകയും മന്ത്രവാദ ക്രിയകൾ ചെയ്യുകയും അതിന് ഇജാസത്ത് നൽകുകയും ചെയ്യുന്നവർ തന്നെയാണ് ‘നജ്മ’മാർക്ക് സമൂഹത്തിൽ വേരുറപ്പിക്കാൻ നനവ് നൽകിക്കൊണ്ടിരിക്കുന്നത്.

എന്തൊക്കെ ചികിത്സാമുറകളാണ് ഇത്തരക്കാർ പ്രചരിപ്പിക്കുന്നത്! ‘ഭാര്യഭർത്താക്കന്മാരുടെ രഹസ്യ വേഴ്ച ഇല്ലാതാക്കാൻ’ എന്ന തലക്കെട്ടിന് താഴെ ഉപരിസൂചിത മന്ത്രവാദി എഴുതുന്നു: “ഉദ്ദേശിക്കുന്നവരുടെ വസ്ത്രത്തിൽ നിന്ന് അൽപം എടുത്ത് ഖമർ മുൻഖലിബായ ബുർജിൽ നിൽക്കുന്ന ദിവസം സുഹ്‌ലിന്റെ സാഅത്തിൽ താഴെ കാണുന്ന കളം ഖത്രാൻ മഷിയാക്കി കറുത്ത ഇയ്യത്തകിടിൽ എഴുതി അറിയപ്പെടാത്ത ഖബറിൽ കുഴിച്ചിടുക. രഹസ്യവേഴ്ച നിൽക്കും.”

എന്തൊരു ഭ്രാന്തൻ ചികിത്സ! രഹസ്യവേഴ്ച്ചക്കാരോട് സ്രഷ്ടാവിനെ ഭയപ്പെടാൻ പറയുകയല്ലാതെ ഇത്തരം തകിടുകളിൽ കാണിക്കുന്ന തരികിട കൊണ്ട് സമൂഹം ഏറെ ദുഷിക്കുകയല്ലാതെ മറ്റെന്താണ് ഉണ്ടാവുക? ഈ തകിടു ചികിത്സക്കെല്ലാം സമസ്തയുടെ പണ്ഡിതന്മാർ പച്ചക്കൊടി കാണിക്കുന്നുണ്ട് എന്നതാണ് ഏറെ സങ്കടകരം.

ഇത്തരം മന്ത്രവാദികൾ സമൂഹത്തിന്റെ സമാധാനം തകർക്കുന്ന ചികിത്സകളും പഠിപ്പിക്കുന്നുണ്ട് എന്നത് ഏറെ ഭീതിജനകമായ യാഥാർഥ്യമാണ്. ഒരു മന്ത്രവാദി എഴുതുന്നു: “കലഹമുണ്ടാക്കാൻ: എലി, പൂച്ചപ്പല്ല് എന്നിവ ഒരു നായത്തോലിൽ പൊതിഞ്ഞു അക്രമിയുടെ വീട്ടിൽ കുഴിച്ചിട്ടാൽ അവിടെ കലഹമുണ്ടാവും. നീലനിറമുള്ള പൂവൻ കോഴിയുടെയും കഴുകന്റെയും നഖങ്ങൾ ഒരു ചെന്നായയുടെ വാലിന്റെ തോലിൽ പൊതിഞ്ഞു കെട്ടിയാൽ ശത്രുക്കളെല്ലാം തോറ്റു പോകും!” (ജിന്ന്ഹാളിറാത്ത് ചികിത്സ. കെ.വി.എം മുസ്‌ലിയാർ. പ്രസാധകർ: കെ.മുഹമ്മദ് കുട്ടി ആന്റ് സൺസ്. നൂറുൽ ഇസ്‌ലാം പ്രസ്സ്. തിരൂരങ്ങാടി).

ഏറെ അശ്ലീലകരമായ പലചികിത്സകളും ഈ മന്ത്രവാദി ഈ ഗ്രന്ഥത്തിലൂടെ പഠിപ്പിക്കുന്നുണ്ട്. ഇതിനെല്ലാം പച്ചക്കൊടി കാണിച്ച്, പ്രമാണങ്ങളുടെ കുടപിടിച്ച് കൊടുക്കുന്നവർ തന്നെയാണ് കുറ്റ്യാടിയിലെ യഥാർഥ പ്രതികൾ. അവരാണ് സമൂഹത്തിൽ നിന്ന് അന്ധവിശ്വാസം കുടിയിറങ്ങുന്നതിനെ ഏറെ ഭയത്തോടെ വീക്ഷിക്കുന്നവർ. അവരെയാണ് സമൂഹം തിരിച്ചറിയേണ്ടതും.

**ജിന്നും ജിന്നുബാധയും കെ.എൻ.എമ്മും**

ജിന്ന് ഒരുയാഥാർഥ്യമാണ്. ക്വുർആനിലെ എഴുപത്തിരണ്ടാം അധ്യായത്തിന്റെ പേരുതന്നെ ‘അൽജിന്ന്’ എന്നാണ്. ക്വുർആനിൽ മുപ്പത്തിയെട്ട് സ്ഥലങ്ങളിൽ ജിന്നുകളെ കുറിച്ചുള്ള പരാമർശമുണ്ട്. നാം കാണുന്നില്ല എന്നതിന്റെ പേരിൽ ആ സൃഷ്ടിയെ നിഷേധിക്കാനോ, അത് കാട്ടുവർഗക്കാരാണെന്ന് വ്യാഖ്യാനിക്കാനോ തുനിയേണ്ടതില്ല. അതെല്ലാം അതിവാദമാണ്.

മനുഷ്യന്റെ ശാരീരിക പ്രയാസങ്ങൾക്ക് പല കാരണങ്ങളുണ്ട്. ജിന്നുബാധ നിമിത്തവും പ്രയാസങ്ങളുണ്ടാവാം എന്നതാണ് പ്രമാണങ്ങൾ നൽകുന്ന സൂചന. സൂറ: അൽബക്വറഃ 275ാം സൂക്തം വിശദീകരിച്ച് അമാനി മൗലവി(റഹി) എഴുതി: “പലിശ തിന്നുന്നവനെപ്പറ്റി ബാധനിമിത്തം പിശാച് മറിച്ച് വീഴ്ത്തുന്നവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ അവർ എഴുന്നേൽക്കുകയില്ല എന്നത്രെ അല്ലാഹു പറഞ്ഞത്. ഭ്രാന്തിനെ ഉദ്ദേശിച്ച് മസ്സ് എന്ന് അറബികൾ പറയാറുണ്ടായിരുന്നു. ബാധ, സ്പർശം എന്നൊക്കെയാണ് അതിന് വാക്കർഥം. പിശാചിന്റെ ബാധ നിമിത്തമാണ് ഭ്രാന്തുണ്ടാകുന്നത് എന്ന അവരുടെ ധാരണയിൽ നിന്നാണ് ഭ്രാന്തിനെ ഉദ്ദേശിച്ച് ആ വാക്ക് പ്രയോഗത്തിൽ വന്നത്. ആ ധാരണ അനുസരിച്ചുള്ള പ്രയോഗം മാത്രമാണ് പിശാച് മറിച്ചു വീഴ്ത്തുക എന്ന വാക്ക് അഥവാ പിശാച് ആരെയും മറിച്ചു വീഴ്ത്തുന്നില്ലഎന്ന് ചിലർ പറയുന്നു. പല കാരണങ്ങളാൽ ഈ അഭിപ്രായം ശരി വെക്കുവാൻ ന്യായം കാണുന്നില്ല” (ക്വുർആൻ വിവരണം 1/443, പ്രസാ: കെ.എൻ.എം മുജാഹിദ് സെന്റർ). ഇതാണ് മുജാഹിദു

കളുടെ ഈ വിഷയത്തിലെ നിലപാട്. പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെടാത്ത ഒന്നിനെയും പിന്താങ്ങാതെയും പ്രമാണബദ്ധമായ കാര്യങ്ങളിൽ ഒന്നിനെയും നിഷേധിക്കാതെയുമാണ് മുജാഹിദുകൾ മുന്നോട്ട് പോകുന്നത്. കുറ്റ്യാടി സംഭവത്തിന്റെ പേരിൽ നിരപരാധികളെ അപരാധികളാക്കുന്ന ചില കുറിപ്പുകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ ചിലർ പ്രചരിപ്പിക്കാൻ ശ്രമിച്ചത് അജ്ഞത കാരണമായിരിക്കാം. അവർക്ക് അല്ലാഹു സൽബുദ്ധി നൽകട്ടെ എന്നു പ്രാർഥിക്കാം.

അതേസമയം ജിന്നുബാധയേറ്റവനെ എങ്ങനെ ചികിത്സിക്കും എന്ന ഒരു ചോദ്യവും ഇവിടെയുണ്ട്. അവരെ മന്ത്രവാദികളുടെ അടുത്തേക്കും ഹോമകുണ്ഡങ്ങളിലേക്കും തള്ളിവിടുകയാണോ വേണ്ടത്? 'അതെ' എന്ന ഉത്തരം ബുദ്ധിയും വകതിരിവുമുള്ള വിശ്വാസികൾ പറയില്ല. കാരണം അവർ ഇവരുടെ വിശ്വാസവും മാനവും നഷ്ടപ്പെടുത്തും. ചിലപ്പോൾ ജീവനും നഷ്ടമായേക്കും. എങ്കിൽ എന്തുചെയ്യണം?

ഈ വിഷയത്തിൽ കെ.എൻ.എമ്മിന്റെ നിലപാട് ഏറെ ശ്രദ്ധേയമാണ്. കെ.എൻ.എം പ്രസിദ്ധീകരണാലയമായ 'യുവത' പുറത്തിറക്കിയ ഗ്രന്ഥത്തിൽ പറയുന്നു: "എന്നാൽ ക്വുർആനിലെ ആയത്തുകൾ, അല്ലാഹുവിന്റെ നാമങ്ങൾ, ഗുണങ്ങൾ, നബിﷺയിൽ നിന്ന് ലഭിച്ചിട്ടുള്ള പ്രാർഥനകൾ എന്നിവയെ കൊണ്ട് മേൽപറഞ്ഞ അവസരങ്ങളിൽ മാരണമോ, പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്ന അവസരത്തിൽ ചികിത്സ നടത്തുന്നതുകൊണ്ട് ദോഷമില്ല" (കെ.എം മൗലവിയുടെ ഫത്‌വകൾ, പേജ്:18).

ഈ ഫത്‌വാ സമാഹാരത്തെ കുറിച്ച് കെ.ജെ.യു വർക്കിംങ് പ്രസിഡന്റായ സി.പി ഉമർ സുല്ലമിയുടെ വാക്കുകൾ കാണുക: "ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ മുസ്‌ലിം സമൂഹം ആചരിച്ചുകൊണ്ടിരിക്കുന്ന ദീനിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ശരിയായ ചിത്രം അവർക്കുമുന്നിൽ തുറന്നു വച്ചുകൊണ്ടും മൗലവി സാഹിബ് നൽകിയ മതവിധികൾ (ഫത്‌വ) ഇന്നും പ്രസക്തമായി നിൽക്കുന്നു" (ആമുഖം).

ഈയൊരു നിലപാടിൽ സമൂഹം നിലയുറപ്പിച്ചാൽ അപകടം വരില്ലായിരുന്നു. പക്ഷേ, ഒരു ഭാഗത്ത് നിഷേധവും മറുഭാഗത്ത് അതിവാദങ്ങളുമാണ് മന്ത്രവാദികൾക്ക് വളരാൻ ഇടനൽകിയത്.

ശരിയായ ചികിത്സയുടെ ചിത്രം കെ.എൻ.എം മുഖപത്രമായ 'അൽമനാർ' മാസിക പഠിപ്പിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്: "ഇതൊക്കെ കേൾക്കുമ്പോൾ എല്ലാ മന്ത്രങ്ങളും ഇതുപോലെയുള്ളതാണെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. ഇസ്‌ലാമിക വീക്ഷണത്തിൽ ചിന്തിക്കുമ്പോൾ അനുവദിക്കപ്പെട്ട ചില മന്ത്രങ്ങളുണ്ട്. അതിനെ നിഷേധിക്കുവാനോ തള്ളിക്കളയുവാനോ നമുക്ക് പാടുള്ളതല്ല. മതത്തിൽ അനുവദിക്കപ്പെട്ട മന്ത്രത്തിനാണ് 'റുക്‌യ ശറഇയ്യ' എന്നു പറയുന്നത്. 'റുക്‌യ ശറഇയ്യ' എന്ന പദത്തിന്റെ അർഥം ശറഇയ്യായ മന്ത്രം എന്നാണ്. ചില വാചകങ്ങൾ ശബ്ദം താഴ്ത്തി ഉരുവിടുന്നതിനാണല്ലോ സാധാരണയായി മന്ത്രം എന്ന് പറയാറുള്ളത്. അതനുസരിച്ച് മന്ത്രിക്കാർ അനുവദിക്കപ്പെട്ട വാചകങ്ങൾ ശബ്ദം താഴ്ത്തിചൊല്ലുകയും തുടർന്ന് ആരെയാണോ മന്ത്രിക്കുന്നത് അയാളുടെ ശരീരത്തിൽ ഹ്രസ്വമായി ഊതുകയും ചെയ്യുക. മന്ത്രത്തെപ്പറ്റി ഒരേകദേശ രൂപം ഇതിൽ നിന്ന് മനസ്സിലായിക്കാണുമല്ലോ" (അൽമനാർ, 2014 ആഗസ്റ്റ്, പേജ് 9).

മന്ത്രവും മന്ത്രവാദവും തമ്മിൽ വ്യത്യാസമുണ്ട് എന്നു സാരം. അതുതന്നെയാണ് ശരി. സ്വശരീരത്തിൽ ഊതിയോ രോഗിയുടെ ശരീരത്തിൽ ഊതിക്കൊടുത്തോ മന്ത്രിക്കാം. വീണ്ടും എഴുതുന്നു: "അപ്പോൾ അപൂർവമായിട്ടെങ്കിലും ജിന്നുബാധയേറ്റവരും ഉണ്ടായിരിക്കുമല്ലോ. അത്തരം ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇവരെ കൊണ്ട് (കൗൺസിലർമാരെ കൊണ്ട്-ലേഖകൻ) കഴിയുമോ എന്ന് സംശയിച്ചേക്കാം. ഇല്ല എന്നുതന്നെയാണ് നമുക്ക് പറയാനുള്ളത്. എങ്കിൽ പിന്നെ ജിന്നുബാധയേറ്റവരുടെ പ്രശ്നം എങ്ങനെ പരിഹരിക്കും? അത് നാം മുമ്പ് സൂചിപ്പിച്ചതാണ്. അതായത് ജിന്ന്ബാധയാണ് ഏറ്റിരിക്കുന്നതെന്ന് ഉറപ്പിച്ചു മനസ്സിലാക്കാവുന്ന ഒരു മാർഗവും നമ്മുടെ മുമ്പിലില്ല. മറ്റു ചികിത്സകളൊന്നും ഫലിക്കാതെ വരുമ്പോൾ ജിന്ന്ബാധയേറ്റതായിരിക്കാമെന്ന നിഗമനത്തിലെത്താവുന്നതാണ്. എന്നാൽ ഇസ്‌ലാമിക വീക്ഷണത്തിൽ ഇതിന് ഒരേയൊരു പ്രതിവിധിയേയുള്ളൂ. അതാകട്ടെ അനുവദിക്കപ്പെട്ട മന്ത്രങ്ങൾ ഉരുവിട്ടു ശരീരത്തിൽ ഊതുക എന്നതാണ്. വീട്ടുകാരിൽ ആർക്കെങ്കിലും അത് നിർവഹിക്കാവുന്നതാണ്. അറിയാത്തവർക്ക് അറിയാവുന്നവരെ സമീപിച്ച് മന്ത്രിപ്പിക്കാവുന്നതുമാണ്" (അൽമനാർ, 2014 സെപ്തംബർ).

ഈ ശരിയായ രീതിയാണ് സമൂഹം സ്വീകരിക്കേണ്ടത്. എങ്കിൽ മന്ത്രവാദികളെയും മുഴുവൻ ആത്മീയ ചൂഷകന്മാരെയും ജനം കയ്യൊഴിക്കുന്ന കാലം വരും. മതത്തിൽ അനുവദിക്കപ്പെട്ടതിന്റെ വാതിലുകൾ അടക്കാൻ ശ്രമിക്കുമ്പോഴാണ് അനുവദിക്കപ്പെടാത്ത വാതിലുകൾ തുറക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവുന്നത്. അത്തരം ശ്രമങ്ങൾ നടത്തുന്നവരെ സമൂഹം ഒന്നിച്ച് എതിർക്കേണ്ടതാണ്. കാരണം മന്ത്രവാദികൾ ഹനിക്കുന്നത് മനുഷ്യന്റെ സ്വസ്ഥതയെയാണ്. അവർ ചൂഷണം ചെയ്യുന്നത് മനുഷ്യന്റെ വിശ്വാസത്തെയാണ്. അവർ ലക്ഷ്യമിടുന്നത് മനുഷ്യന്റെ പണത്തെയാണ്. അതിനാൽ നമുക്കൊന്നിച്ചു പറയാം; മന്ത്രവാദികളും മറ്റു ആത്മീയ ചൂഷകരും മനുഷ്യന്റെ ശത്രുവാണ്, ഈ നാടിന്റെ ശത്രുവാണ്. ●

സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# അവർ ഐഹിക ജീവിതത്തിന് പ്രാമുഖ്യം നൽകുന്നു

بَلْ تُؤْثِرُونَ ٱلْحَيَوٰةَ ٱلدُّنْيَا ١٦ وَٱلْـَٔاخِرَةُ خَيْرٌ وَأَبْقَىٰٓ ١٧

**അല്ലാഹു പറയുന്നു: "അവർ ഐഹിക ജീവിതത്തിന് പ്രാമുഖ്യം നൽകുന്നു. എന്നാൽ പാരത്രിക ലോകമത്രെ കൂടുതൽ നല്ലതും എന്നെന്നും അവശേഷിക്കുന്നതും." (ക്വുർആൻ 87:16,17)**

സവിശേഷമായ ബുദ്ധിശക്തി നൽകപ്പെട്ട മനുഷ്യന്റെ ഏറ്റവും വലിയ പരിമിതി പലപ്പോഴും അവന്റെ ചുറ്റുപാടുകളിലും സാഹചര്യത്തിലും നിന്ന് ചിന്തിക്കുകയും കാര്യങ്ങൾ അപഗ്രഥിക്കുകയും ചെയ്യുന്നു എന്നതാണ്.

ഒരു ശാസ്ത്രജ്ഞൻ പലപ്പോഴും കാര്യങ്ങളെ നോക്കിക്കാണാറുള്ളത് അയാളുടെ ശാസ്ത്രീയ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. എന്നാൽ, ഒരു സാമൂഹ്യപ്രവർത്തകൻ കുറച്ചുകൂടി പ്രായോഗികമായി പലകാര്യത്തെയും അപഗ്രഥിക്കുന്നത് കാണാനാകും. കച്ചവടക്കാരനും അധ്യാപകനും വിദ്യാർഥിക്കും ബുദ്ധിജീവിക്കും സാധാരണക്കാരനുമെല്ലാം ഈ ന്യൂനത സൂക്ഷ്മതലത്തിൽ കാണാവുന്നതാണ്. കൃത്യമായ ധാരണയും തന്റേതുമാത്രമല്ല ലോകമെന്ന തിരിച്ചറിവും ഉള്ള ഏതൊരാൾക്കും ഈ പരിമിതിയെ മറികടക്കാവുന്നതും കാര്യങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കാവുന്നതുമാണ്. എന്നാൽ മനുഷ്യരിൽ ഭൂരിഭാഗവും ഈ പരിമിതിയെ മറികടക്കാൻ ആത്മാർഥമായി പരിശ്രമിക്കാറില്ലെന്നതാണ് സത്യം.

ഇഹലോകത്തിന്റെ വെള്ളിവെളിച്ചങ്ങൾക്കും നിറംപിടിച്ച ചിത്രങ്ങൾക്കും ആഗ്രഹങ്ങളുടെ തേരോട്ടങ്ങൾക്കുമിടയിൽ ജീവിക്കുന്ന മനുഷ്യൻ ഇതിനപ്പുറത്തുള്ള ശാശ്വതവും മതനിയമങ്ങളുടെ കൃത്യതയിലൂടെ തിരിച്ചറിയാവുന്നതുമായ പാരത്രിക ജീവിതത്തെ തന്റെ ചുറ്റുപാടിന്റെ പരിമിതികളെ മറികടന്നുകൊണ്ട് മനസ്സിലാക്കാനും അതിനുവേണ്ടി പ്രവർത്തിക്കാനും തയ്യാറാകുന്നില്ല എന്ന് ക്വുർആൻ പാരത്രിക ലോകത്തെ കുറിച്ച് പറയുമ്പോഴെല്ലാം ആവർത്തിക്കുന്നത് കാണാനാകും.

അപ്പോൾ നമ്മുടെ ചിന്താപരമായ പരിമിതികളെ മറികടന്നുകൊണ്ട് വസ്തുതകളെ സൂക്ഷ്മമായി അപഗ്രഥിക്കാൻ ഏതൊരു വ്യക്തിക്കും അല്ലാഹു നൽകിയിട്ടുള്ള കഴിവിനെ ഉപയോഗപ്പെടുത്തിയാൽ തീർച്ചയായും പാരത്രിക ജീവിതത്തിന്റെ യാഥാർഥ്യവും അനശ്വരതയും നമുക്ക് ബോധ്യപ്പെടും എന്നതിൽ തർക്കമില്ല.

ക്വുർആൻ പറയുന്നു: "തീർച്ചയായും അവരതിനെ വിദൂരമായി കാണുന്നു. നാമതിനെ അടുത്തതായും കാണുന്നു." (ക്വുർആൻ 70:6,7)

ആഇശ(റ) പറയുന്നു: "അല്ലാഹുവിന്റെ ദൂതൻ(ﷺ) പറഞ്ഞു: ഇഹലോകം യഥാർഥ വീടില്ലാത്തവന്റെ വീടാകുന്നു, യഥാർഥ ധനം നേടാത്തവന്റെ ധനമാകുന്നു, ബുദ്ധിയില്ലാത്തവന്റെ സംഭരണ കേന്ദ്രമാകുന്നു" (അഹ്മദ്).

ഉർഫജത്ത് അഥ്ഥകഫി പറയുന്നു: "ഞാൻ ഇബ്നുമസ്ഊദ്(റ)വിന് സൂറത്തുൽ അഅ്ലാ ഓതിക്കൊടുത്തു. അങ്ങനെ 'അവർ ഐഹിക ലോകത്തിന് പ്രാമുഖ്യം കൊടുക്കുന്നു' എന്ന വാചനമെത്തിയപ്പോൾ പാരായണം നിർത്തി. അദ്ദേഹം മറ്റുള്ളവരുടെ അടുത്തേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'നാം പരലോകത്തെക്കാൾ ഐഹിക ജീവിത്തിന് പ്രാമുഖ്യം നൽകിയവരാകുന്നു.' എല്ലാവരും നിശ്ശബ്ദരായി. അദ്ദേഹം തുടർന്നു: 'നാം ദുൻയാവിന് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു. നാം കാണാൻ ശ്രമിക്കുന്നത് ദുൻയാവിന്റെ അലങ്കാരങ്ങളും അതിലെ സ്ത്രീകളെയും ഭക്ഷണത്തെയും പാനീയങ്ങളെയുമാണ്. ഇവയെല്ലാം പരലോകത്തെ നമ്മിൽ നിന്നും മാറ്റിനിറുത്തിയിരിക്കുന്നു. ഈ നശ്വരതയെ നാം തിരഞ്ഞെടുക്കുകയും അനശ്വര ലോകത്തെ ഉപേക്ഷിച്ചുകളയുകയും ചെയ്തിരിക്കുന്നു."

അബൂമൂസൽ അശ്അരി(റ) നിവേദനം: നബി(ﷺ) പറഞ്ഞു: "ആർ ഐഹികലോകത്തെ കൂടുതൽ ഇഷ്ടപ്പെടുന്നുവോ അതവന്റെ പരലോകത്തെ ബുദ്ധിമുട്ടുള്ളതാക്കും. ആർ പരലോകത്തെ കൂടുതൽ ഇഷ്ടപ്പെടുന്നുവോ അതവന്റെ ഇഹലോകത്തെയും ബുദ്ധിമുട്ടുള്ളതാക്കും. അതിനാൽ നിങ്ങൾ നശിച്ചുപോകുന്നതിനെക്കാൾ എന്നെന്നും ബാക്കിയാവുന്നതിന് പ്രാധാന്യം നൽകുക"(അഹ്മദ്).

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം

# പ്രവാചകന്മാരും പ്രബോധനവും

**മനുഷ്യന്റെ ഇഹ – പര ജീവിതത്തിന് മാർഗദർശികളായി നിശ്ചയിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. അല്ലാഹുവിനെ ആജ്ഞാ നിർദേശങ്ങൾ സ്വജീവിതത്തിൽ പകർത്തി, മാതൃകാപൂർണരായി ജീവിച്ച പ്രവാചകന്മാരഖിലവും അവരുടെ പ്രബോധനത്തിൽ അടിസ്ഥാനമാക്കിയ ചില തത്ത്വങ്ങളുണ്ട്; ഉന്നതമായ സ്വഭാവഗുണങ്ങളുണ്ട്. നിത്യ പ്രസക്തമായ ആ ജീവിതരീതിയെ കുറിച്ചുള്ള ഹ്രസ്വ വിവരണം.**

അല്ലാഹു തന്റെ അടിമകൾക്ക് സ്വർഗത്തെക്കുറിച്ച് സന്തോഷവാർത്തയറിയിക്കുന്നതിനും നരകത്തെക്കുറിച്ച് താക്കീത് നൽകുന്നതിനും മതത്തിന്റെ നിയമനിർദേശങ്ങൾ വിവരിക്കുന്നതിനും അനുഷ്ഠാന കാര്യങ്ങൾ മാതൃകാപരമായി കാണിച്ചുകൊടുക്കുന്നതിനും പഠിപ്പിക്കുന്നതിനും വേണ്ടി ആവശ്യാനുസരണം വിവിധ കാലഘട്ടങ്ങളിൽ നിയോഗിച്ചയച്ചവരാണ് പ്രവാചകന്മാർ. വിശുദ്ധ ക്വുർആൻ പറയുന്നു:

“...(നബിയേ), നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. എല്ലാ ജനവിഭാഗത്തിനുമുണ്ട് ഒരു മാർഗദർശി” (13:7).

“തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല”(35:24).

അല്ലാഹുവിൽനിന്ന് കിട്ടിയ ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന പ്രവാചകന്മാരഖിലവും നടത്തിയ ഉദ്ബോധനത്തിന്റെ കാതൽ ‘ലാ ഇലാഹ ഇല്ലല്ലാഹു’ എന്നതായിരുന്നു.

എന്നാൽ മിക്ക പ്രബോധിത സമൂഹവും പ്രവാചകന്മാരെ നിഷേധിക്കുകയും പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യാനാണ് ശ്രമിച്ചത്! കുഴപ്പമുണ്ടാക്കുവാൻ വന്ന ശത്രുവായിട്ടാണ് അവർ പ്രവാചകന്മാരെ കണ്ടത്. എക്കാലത്തും അൽപം ചിലർ മാത്രമാണ് പ്രവാചകന്മാരുടെ അനുയായികളായി മാറിയിട്ടുള്ളത്. അവർക്ക് ഹവാരിയ്യൂൻ (സഹായികൾ) അല്ലെങ്കിൽ അസ്ഹാബ് (അനുചരന്മാർ) എന്ന് പറയുന്നു.

ജാബിർ ﵁ വിൽനിന്ന് നിവേദനം. നബി ﷺ പറഞ്ഞു: “നിശ്ചയം, എല്ലാ നബിമാർക്കും സഹായികളുണ്ട്” (ബുഖാരി).

പ്രവാചകന്മാരിൽ അന്തിമനായ മുഹമ്മദ് നബി ﷺ യുടെ നിയോഗം ലോകത്തിന് അനുഗ്രഹമാണെന്ന് ക്വുർആൻ അറിയിക്കുന്നു:

“തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്...” (3:164).

പ്രവാചകത്വലബ്ധിക്കു ശേഷം ജനങ്ങൾക്ക് ഇസ്‌ലാമിന്റെ സത്യവെളിച്ചം പകർന്നു നൽകുന്ന വിളക്കായി അവിടുന്ന് നിലകൊണ്ടു:

“നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയി

ക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്" (33:45,46).

അല്ലാഹുവിനെ ഭയപ്പെട്ട്, അവന്റെ ദീനിനെ കഴിയുംവിധം പ്രബോധനം ചെയ്ത് മാതൃകാപൂർണരായി ജീവിച്ച പ്രവാചകന്മാരഖിലവും അവരുടെ പ്രബോധനത്തിൽ അടിസ്ഥാനമാക്കിയ ചില തത്ത്വങ്ങളുണ്ട്. ഉന്നതമായ സ്വഭാവഗുണങ്ങളുണ്ട്. നിത്യ പ്രസക്തമായ ആ ഘടകങ്ങൾ ചുരുക്കി വിവരിക്കാം.

**തൗഹീദിലേക്കുള്ള ക്ഷണം**

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)..." (6:36).

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല..." (21:25).

അല്ലാഹുവിനു പുറമെ ഒന്നിനെയും ആരാധിക്കരുത് എന്നത് കർശനായ നിർദേശമാണ്. ഏവർക്കും അത് ബാധകമാണ്. സ്വർഗപ്രവേശനം തടയുന്ന, നരക പ്രവേശനം ഉറപ്പാക്കുന്ന മഹാപാപമാണ് അല്ലാഹുവിൽ പങ്കുചേർക്കൽ. ആദരവിന്റെയും ബഹുമാനത്തിന്റെയും പേരിൽ അമ്പിയാക്കളെയും ഔലിയാക്കളെയും ആരാധിക്കുവാൻ പ്രേരിപ്പിക്കുന്ന പണ്ഡിതവേഷധാരികൾ നാട്ടിൽ വിലസുമ്പോൾ നമ്മുടെ ബാധ്യത വർധിക്കുകയാണ്. ഏതു കാലത്തും ആദ്യം ക്ഷണിക്കേണ്ടത് തൗഹീദിലേക്കു തന്നെ.

**ഗുണകാംക്ഷയോടെയുള്ള പ്രബോധനം**

അല്ലാഹു പറയുന്നു: "അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും, അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവരുടെ കാര്യത്തിലുള്ള (അല്ലാഹുവിന്റെ നടപടി)..." (33:39).

നൂഹ് നബിﷺ തന്റെ ജനതയോട് പറഞ്ഞതായി അല്ലാഹു പറയുന്നു: "എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്കു എത്തിച്ചുതരികയും, നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയുമാകുന്നു. നിങ്ങൾക്കറിഞ്ഞ് കൂടാത്ത പലതും അല്ലാഹുവിങ്കൽ നിന്ന് ഞാൻ അറിയുന്നുമുണ്ട്" (7:62).

അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്കറിയാത്ത കാര്യങ്ങൾ നിങ്ങൾക്ക് ഞാൻ അറിയിച്ചുതരികയാണ്, അത് നിങ്ങൾ സ്വീകരിച്ചാൽ നിങ്ങൾക്ക് രക്ഷനേടാം; തള്ളിക്കളഞ്ഞാൽ മഹാദുരന്തമാണ് നിങ്ങളെ കാത്തിരിക്കുന്നത് എന്ന് ആത്മാർഥമായി, ഗുണകാംക്ഷയോടെ ദൂതന്മാരെല്ലാം ജനങ്ങളോട് പറഞ്ഞു. അല്ലാഹുവിനെയും ദൂതനെയും അനുസരിച്ചാൽ ലഭിക്കുന്ന മഹത്തായ നേട്ടത്തെപ്പറ്റി അല്ലാഹു പറഞ്ഞു:

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (4:69).

**കുടിലിലും കൊട്ടാരത്തിലും സന്ദേശമെത്തിക്കുക**

മൂസാനബിﷺയോട് അല്ലാഹു പറഞ്ഞു: "എന്റെ ദൃഷ്ടാന്തങ്ങളുമായി നീയും നിന്റെ സഹോദരനും പോയിക്കൊള്ളുക. എന്നെ സ്മരിക്കുന്നതിൽ നിങ്ങൾ അമാന്തിക്കരുത്. നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടുത്തേക്ക് പോകുക. തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു. എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (20:42-44).

ഉസാമതുബ്നു സൈദ്ﷺ നിവേദനം: "മുസ്‌ലിംകളും ബിംബാരാധകരും ജൂതന്മാരും കൂടിയിരിക്കുന്നിടത്തു കൂടി നബിﷺ കടന്നുപോകവെ അവിടെയിറങ്ങി സലാം പറഞ്ഞ് അവരെ അല്ലാഹുവിലേക്ക് വിളിക്കുകയും അവർക്ക് ക്വുർആൻ ഓതിക്കൊടുക്കുകയും ചെയ്തു" (ബുഖാരി, മുസ്‌ലിം).

നബിﷺ അങ്ങാടികളിൽ ചെന്ന് പ്രബോധനം നടത്തുമ്പോൾ അഭിശപ്തനായ അബൂലഹബ് കല്ലെറിഞ്ഞിരുന്നു.

അനസ്ﷺ നിവേദനം: "നിശ്ചയം, നബിﷺ കിസ്റ, കൈസർ, നജ്ജാശി തുടങ്ങി എല്ലാ അധികാരികളിലേക്കും അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ട് എഴുത്തയച്ചിരുന്നു" (മുസ്‌ലിം).

ഇങ്ങനെ കുടിലുകളിലും കൊട്ടാരങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും മാത്രമല്ല വിവിധ ഗോത്രങ്ങൾക്കിടയിലേക്കും ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ നബിﷺ ശ്രദ്ധ പുലർത്തിയിരുന്നു.

**റബ്ബിനെ സ്മരിക്കുക, പാപമോചനം തേടുക**

ഇബ്‌റാഹീം നബിﷺ പറഞ്ഞു: "വാർധക്യകാലത്ത് എനിക്ക് ഇസ്മാഈലിനെയും ഇസ്ഹാഖിനെയും പ്രദാനം ചെയ്ത അല്ലാഹുവിന് സ്തുതി. തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർഥന കേൾക്കുന്നവനാണ്" (14:39). മുഹമ്മദ് നബി(സ്വ) എല്ലാ സമയത്തും അല്ലാഹുവിനെ ഓർക്കാറുണ്ടായിരുന്നു (മുസ്‌ലിം). മുസ്നിﷺ നിവേദനം. നബിﷺ പറഞ്ഞു: "നിശ്ചയം, ഞാൻ ദിവസവും നൂറുതവണ അല്ലാഹുവിനോട് പാപമോചനം തേടാറുണ്ട്" (മുസ്‌ലിം).

നൂഹ് നബിﷺ ജനതയോട് പറഞ്ഞതായി അല്ലാഹു പറയുന്നു: "...നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു" (71:10).

**ദഅ്‌വത്തിൽ മുന്നേറുക;**
**നിഷേധികളെ അവഗണിക്കുക**

അല്ലാഹു പറയുന്നു: "അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളു

ക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു. അതായത് അല്ലാഹുവോടൊപ്പം മറ്റുദൈവത്തെ സ്ഥാപിക്കുന്നവർ...(15:94-96).

"അല്ലാഹുവിന്റെ വചനങ്ങൾ നിനക്ക് അവതരിപ്പിക്കപ്പെട്ടതിന് ശേഷം അവർ നിന്നെ അതിൽ നിന്ന് തടയാതിരിക്കട്ടെ. നിന്റെ രക്ഷിതാവിങ്കലേക്ക് നീ ക്ഷണിക്കുക. നീ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിലായിപ്പോകരുത്" (28:87).

"അതിനാൽ സത്യനിഷേധികളെ നീ അനുസരിച്ചുപോകരുത്. ഇത് (ക്വുർആൻ) കൊണ്ട് നീ അവരോട് വലിയൊരു സമരം നടത്തിക്കൊള്ളുക" (25:52).

ദഅ്വത്തിനിറങ്ങിയ പ്രവാചകന്മാർക്ക് ലഭിച്ചത് പൂമാലകളല്ല; മുൾക്കിരീടങ്ങളായിരുന്നു. പരിഹാസവാക്കുകളായിരുന്നു. അത് എന്നും അങ്ങനെത്തന്നെയായിരിക്കും. അതിനാൽ പ്രബോധനമാർഗത്തിലുള്ള പ്രയാസങ്ങൾ സഹിക്കാനും ക്ഷമിക്കാനുമുള്ള ഉൾക്കരുത്ത് നമുക്ക് ഉണ്ടാകേണ്ടതുണ്ട്.

**നന്മ കൽപിക്കുക,**
**തിന്മ വിരോധിക്കുക, ആശ്വാസമേകുക**

മുഹമ്മദ് നബിﷺയെക്കുറിച്ച് അല്ലാഹു പറയുന്നു: "...അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു..." (7:157).

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു..." (9:71).

**ഐഹികാലങ്കാരങ്ങളിൽ ഭ്രമിക്കരുത്**

നബിﷺ തന്റ സമുദായത്തിന്റെ കാര്യത്തിൽ ഏറ്റവുമധികം ഭയപ്പെട്ട കാര്യമാണ് ദുൻയാവിന്റെ അലങ്കാരവും പ്രൗഢിയും അവർക്കുമേൽ തുറക്കപ്പെടുമോ എന്നത്. അത് മനുഷ്യനെ പരലോകചിന്തയിൽനിന്ന് അകറ്റാൻ സാധ്യതയുള്ള കാര്യമാണെന്നതിൽ സംശയമില്ല. അല്ലാഹു നബിﷺയോട് പറയുന്നത് കാണുക: "അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹികജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കാൻ (ഉദ്ദേശിക്കുന്നു). നിന്റെ രക്ഷിതാവ് നൽകുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും" (20:131).

"തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ച് കൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോകജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ..."(18:28).

**ശരീരംകൊണ്ടും സമ്പത്ത് കൊണ്ടും സമരം ചെയ്യുക**

"പക്ഷേ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും സമരം ചെയ്തു. അവർക്കാണ് നൻമകളുള്ളത്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ" (9:88).

"അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ"(49:15).

**അറിവ് നേടുക**

അല്ലാഹു പറയുന്നു:"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (62:2).

"അല്ലാഹു ഒരു മനുഷ്യന് വേദവും മതവിജ്ഞാനവും പ്രവാചകത്വവും നൽകുകയും, എന്നിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസൻമാരായിരിക്കുവിൻ എന്ന് പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല. എന്നാൽ നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിലൂടെയും, പഠിച്ച് കൊണ്ടിരിക്കുന്നതിലൂടെയും ദൈവത്തിന്റെ നിഷ്കളങ്ക ദാസൻമാരായിരിക്കണം (എന്നായിരിക്കും അദ്ദേഹം പറയുന്നത്)" (3:79).

ഈ സൂക്തത്തിൽ വന്ന 'റബ്ബാനിയ്യീന' എന്നതിനെക്കുറിച്ച് ഇമാം ബുഖാരി പറയുന്നു: "തനിക്ക് വലിയ അറിവ് എത്തും മുമ്പ് തന്നെ ചെറിയ അറിവു കൊണ്ട് ജനങ്ങളെ വളർത്തുന്നവൻ" (സ്വഹീഹുൽ ബുഖാരി). ഉമർ؈ പറഞ്ഞു: "ഉത്തരവാദിത്വത്തിനു മുമ്പ് നിങ്ങൾ അറിവുള്ളവരാവുക" (ബുഖാരി).

റബീഅ؈ പറയുന്നു: "അറിവിൽനിന്ന് തനിക്ക് വല്ലതും ലഭിച്ചാൽ സ്വന്തത്തെ പാഴാക്കുക എന്നത് ഒരാൾക്കും അനുവദനീയമല്ല" (ബുഖാരി).

**ചീത്ത ചുറ്റുപാടുകളിൽനിന്ന് വിട്ടുനിൽക്കുക**

ചീത്ത കൂട്ടുകെട്ടിലും ചീത്ത ചുറ്റുപാടിലും പ്രബോധകൻ പെട്ടുകൂടാ. അല്ലാഹു പറയുന്നു: "നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്" (6:68).

തൻവീൽ
mail@nerpatham.com



# മോറൽ സ്കൂളിലെ അനുഭവം

അന്ന് രാവിലെ അമ്മാവൻ റാശിദ്ക്ക വീട്ടിലേക്ക് വരുമെന്ന് വിചാരിച്ചിട്ടേ ഉണ്ടായിരുന്നില്ല സൽമാൻ. കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ട് വാതിൽ തുറന്നപ്പോൾ അതാ നിൽക്കുന്നു റാശിദ്ക്ക! സൽമാൻ ഉപ്പയുടെ കൂടെ സുബ്ഹി നമസ്കാരം കഴിഞ്ഞ് വന്ന് ഒന്ന് ഉറങ്ങിയെഴുന്നേറ്റതാണ്. ഞായറാഴ്ച സ്കൂളില്ലാത്തതിനാൽ ഒമ്പത് മണിവരെ അവന് ഒഴിവാണ്. പത്തു മണിക്ക് അവൻ മോറൽ സ്കൂളിൽ പോകും. പിന്നെ പന്ത്രണ്ട് മണിക്കേ വരാറുള്ളൂ.

റാശിദ്ക്കയാണ് അവനെ മോറൽ സ്കൂളിൽ ആദ്യമായി കൊണ്ടാക്കിയത്. ഒരു ഞായറാഴ്ച ദിവസം രാവിലെ റാശിദ്ക്ക വന്നപ്പോൾ ഉറങ്ങിയും കളിച്ചും സമയം കളയുന്ന അവനോട് പറഞ്ഞു: നമുക്ക് പത്തു മണിയാകുമ്പോഴേക്കും ഒരിടം വരെ പോകണം.

സ്കൂളില്ലാത്ത ദിവസം പുറത്തിറങ്ങുന്നത് തന്നെ മടിയായിരുന്ന സൽമാന് അത് ഒട്ടും ഇഷ്ടമായില്ല. പക്ഷേ, റാശിദ്ക്കയെ എതിർക്കാൻ കഴിഞ്ഞില്ല. സൽമാന് മാത്രമല്ല കുടുംബത്തിലെ മുഴുവൻ കുട്ടികൾക്കും റാശിദ്ക്കയോട് വലിയ സ്നേഹവും ബഹുമാനവുമാണ്.

വളരെ നല്ല സ്വഭാവമുള്ള റാശിദ്ക്ക എപ്പോൾ കുടുംബത്തിലെ കുട്ടികളോടൊത്ത് കൂടുന്നുവോ അപ്പോഴൊക്കെ അവർക്കിഷ്ടമുള്ള കഥകളും കളികളും ഒക്കെയായി അവരുടെ കൂട്ടത്തിൽ ഒരാളായി മാറും. വിനോദത്തിനൊപ്പം ഒരുപാട് അറിവുകളും കുട്ടികൾക്ക് പകർന്നു കൊടുക്കും.

അന്ന് റാശിദ്ക്കയോടൊപ്പം മോറൽ ക്ലാസിലേക്ക് പോയിത്തുടങ്ങിയതാണ്. നാട്ടിലെ എം.എസ്.എം പ്രവർത്തകർ നടത്തിവരുന്ന ക്വുർആൻ പഠന സംവിധാനമാണത്. ചെറുപ്പത്തിൽ വിശുദ്ധ ക്വുർആനും ഇസ്ലാമിക വിജ്ഞാനങ്ങളും വേണ്ട രൂപത്തിൽ പഠിക്കാൻ കഴിയാതെ പോയ കുട്ടികൾക്കും തുടർപഠനം ആവശ്യമുള്ളവർക്കും ഒരു പോലെ ഉപകാരപ്രദമാണ് മോറൽ സ്കൂൾ.

റാശിദ്ക്ക നല്ല തിരക്കുള്ള ഒരു എം.എസ്.എം പ്രവർത്തകൻ കൂടിയായിരുന്നു.

“ഓന് ആ കുട്ട്യാളെ കൂടെ കൂട്ട്യേപ്പളാ പൊറത്തെറങ്ങാനും നല്ല കാര്യങ്ങള് ചെയ്യാനും തൊടങ്ങ്യേത്. വല്യ നാണംകുണുങ്ങ്യായിര്ന്നല്ലോ. ഇപ്പൊ ക്ലാസെട്ക്കാനും മറ്റും തുടങ്ങീലേ...”-വല്യുമ്മ ഇത്തിരി അഭിമാനത്തോട് കൂടിയാണ് റാശിദ്ക്കായെപ്പറ്റി പറയാറുള്ളത്.

പഠനത്തിൽ മികവു പുലർത്തുന്ന റാശിദ്ക്ക ഇന്ന് നാട്ടിലെ യുവാക്കൾക്ക് മാതൃകയായിട്ടാണ് ജീവിക്കുന്നത്.

ഒരു ദിവസം മോറൽ സ്കൂളിലിരിക്കുമ്പോഴാണ് ഒരു കുട്ടിയെയും കൂട്ടി റാശിദ്ക്കയുടെ ഒന്നുരണ്ട്സുഹൃത്തുക്കൾ വരുന്നത്. റാശിദ്ക്കയാണ് ക്ലാസെടുക്കുന്നത്.

“ഇത് അജ്മൽ. ഇവന്റെ ഉപ്പ ഇവനെ നമ്മുടെ ക്ലാസിൽ ചേർക്കാൻ പറഞ്ഞു വിട്ടതാ...” അതിലൊരാൾ പറഞ്ഞു. അവർ അവനെ ക്ലാസിലാക്കി മടങ്ങി. അവന് ക്ലാസിലിരിക്കാൻ ഒട്ടും താൽപര്യമുണ്ടായിരുന്നില്ല.

റാശിദ്ക്ക ക്ലാസ് തുടങ്ങി.

ഇന്ന് ഒരു കഥ പറഞ്ഞ് നമുക്ക് തുടങ്ങാം...

"ശരി, ആയിക്കോട്ടെ!" കുട്ടികളെല്ലാവരും ആവേശത്തോടെ പറഞ്ഞു.

"ഒരിക്കൽ ഒരു പണ്ഡിതന്റെയടുത്ത് ഒരാൾ വന്നു പറഞ്ഞു: എനിക്ക് എന്നെ തിന്മകളിൽ നിന്നും നിയന്ത്രിക്കാനാവുന്നില്ല. അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കാൻ കഴിയുന്നില്ല. ഒരു നിഷേധിയായി ജീവിക്കുന്ന എന്നെ താങ്കൾക്ക് സഹായിക്കാൻ കഴിയുമോ..?"

പണ്ഡിതൻ പറഞ്ഞു: "ഞാൻ പറയുന്ന അഞ്ച് കാര്യങ്ങൾ ചെയ്യാൻ താങ്കൾക്ക് സാധിക്കുമെങ്കിൽ താങ്കൾ ചെയ്യുന്ന തിന്മകൾ കാരണം റബ്ബിന്റെ ശിക്ഷ താങ്കൾക്ക് ലഭിക്കുകയില്ല. അതിന് താങ്കൾക്ക് കഴിയുമോ?"

വന്നയാൾ പറഞ്ഞു: "അതെ, ആ കാര്യങ്ങൾ പറയൂ. അത് എന്തായാലും ഞാൻ ചെയ്യാം. കാരണം എനിക്ക് എന്റെ നിലവിലുള്ള ജീവിത രീതിയിൽ നിന്നും മാറേണ്ടതുണ്ട്."

പണ്ഡിതൻ പറഞ്ഞു: "അതിൽ ഒന്നാമത്തെ കാര്യം ഭക്ഷണവുമായി ബന്ധപ്പെട്ടതാണ്. താങ്കൾ ലോകർക്ക് മുഴുവൻ ഭക്ഷണം നൽകുന്ന റാസിക് ആയ അല്ലാഹു ഉത്പാദിപ്പിക്കുന്ന വസ്തുക്കളിൽ നിന്നും ഒന്നും തന്നെ കഴിക്കില്ലെന്ന് തീരുമാനിക്കുക. എങ്കിൽ താങ്കൾക്ക് അല്ലാഹുവിനെ നിഷേധിക്കാം."

"അതെങ്ങനെ കഴിയും?! ഈ ഭൂമിയിൽ അവൻ ഉണ്ടാക്കുന്നതല്ലാതെ മറ്റെന്താണ് ഉള്ളത്. പിന്നെ ഞാനെന്ത് കഴിക്കും...?"

"അതെ! ലോകരക്ഷിതാവ് കനിഞ്ഞരുളുന്ന ഭക്ഷണം കഴിക്കുകയും അവനെ നിഷേധിക്കുകയും ചെയ്യുകയെന്നത് എങ്ങനെ ശരിയാകും?"

"ഇല്ല! അതിനെനിക്ക് കഴിയില്ല. ഞാൻ പട്ടിണികിടന്ന് മരിക്കേണ്ടി വരും"-അയാൾ പറഞ്ഞു.

"അത് വേണ്ട. രണ്ടാമത്തെ കാര്യം എന്തെന്ന് പറയൂ. അതെനിക്ക് കഴിയും."

പണ്ഡിതൻ അടുത്ത കാര്യം പറഞ്ഞു: "വീട്..! സകലരുടെയും രക്ഷകനായ നാഥന്റെ മണ്ണിലാണ് യഥേഷ്ടം വിശ്രമിക്കുകയും ഉറങ്ങുകയും മറ്റുമെല്ലാം ചെയ്യുന്ന താങ്കളുടെ വീടുള്ളത്. എന്നാൽ അതിന്റെ 'മാലിക്' ആയ നാഥന്റെ കൽപനകളും നിർദേശങ്ങളും നിരസിക്കുകയും ചെയ്യുന്നു. അതിലെന്ത് ന്യായമാണുള്ളത്? ആയതിനാൽ താങ്കളുടെ വീട് ഉപേക്ഷിച്ച് പോവുക."

"താങ്കളെന്താണ് ഈ പറയുന്നത്? അതിനൊന്നും എനിക്കാവില്ല. താങ്കൾ മൂന്നാമത്തെ കാര്യം പറയൂ. അത് ഞാനെന്തായാലും ചെയ്യാം."

"ഈ ലോകം..! അതെ, ഈ ലോകത്തുവെച്ച് താങ്കൾ എന്ത് ചെയ്താലും അത് അവൻ അറിയും. അവൻ കൽപിച്ചത് പ്രവർത്തിക്കുകയും നിരോധിച്ചത് വെടിയുകയും ചെയ്യാതെ ഈ ലോകത്തിൽ ജീവിച്ചാൽ അതിന്റെ ഗുണദോഷങ്ങൾ താങ്കൾ അനുഭവിക്കേണ്ടി വരും. ആയതിനാൽ ഈ ലോകത്തിൽനിന്ന് മാറി മറ്റെവിടെയെങ്കിലും പോയി ജീവിക്കുക."

"താങ്കൾ എന്തൊക്കെയാണീ പറയുന്നത്?! ഞാനൊരു മനുഷ്യനല്ലേ? ഈ ലോകത്തിലല്ലാതെ എനിക്കെവിടെ ജീവിക്കാൻ സാധിക്കും?"

"നാലാമത്തെ കാര്യം പറയൂ... അതിനെങ്കിലും ഞാനൊന്ന് ശ്രമിക്കട്ടെ."

"സമയം..." പണ്ഡിതൻ പറഞ്ഞു.

"സമയമോ?" അയാൾ ചോദിച്ചു.

"അതെ, താങ്കൾക്ക് റബ്ബ് നൽകിയ സമയം മുഴുവൻ അവനെ നിഷേധിച്ച് താങ്കൾ ജീവിച്ചു. താങ്കളുടെ അടുത്ത് മരണത്തിന്റെ മലക്ക് വരുമ്പോൾ താങ്കളെപ്പോലുള്ളവർ നിശ്ചയമായും 'ദയവായി അൽപം സമയം എനിക്ക് നീട്ടിത്തരൂ.. ഞാൻ വളരെ നന്നായി ജീവിച്ച് കാണിച്ചു തരാം' എന്ന് ആവശ്യപ്പെടും. അതിലേക്കായി താങ്കൾ ഇപ്പോൾ കുറച്ചധികം സമയം മാറ്റി വെക്കുക."

"അതിന് ആ സമയം മരണത്തിന്റെ മലക്ക് ഞാൻ പറയുന്നത് അനുസരിക്കുകയില്ലല്ലോ...!"

"ങ്ഹേ...! അപ്പോൾ താങ്കൾക്ക് അതും അറിയാം അല്ലേ? ആരോഗ്യവും സമയവും സമ്പത്തുംകൊണ്ട് കാരുണ്യവാൻ താങ്കളെ അനുഗ്രഹിച്ചു. എന്നിട്ട് അതൊന്നും നേരാംവണ്ണം താങ്കൾ ചെലവഴിച്ചില്ല. ഈ ലോക ജീവിതമല്ലാതെ അതിന് മറ്റൊരവസരമില്ലെന്ന ബോധ്യവും താങ്കൾക്കുണ്ട്. പിന്നെയെങ്ങനെയാണ് താങ്കൾ രക്ഷപ്പെടുന്നത്?"

"ഹോ..! എന്തൊരു കഷ്ടം. ഏതായാലും താങ്കൾ അഞ്ചാമത്തെ കാര്യംകൂടി പറയൂ. അതെങ്കിലും ചെയ്യാൻ കഴിഞ്ഞെങ്കിലോ."

"ഇനി താങ്കളുടെ മുമ്പിൽ ഒരു കാര്യം മാത്രമെയുള്ളൂ. അതിന് താങ്കൾക്കാവുമെങ്കിൽ ചെയ്തോളൂ. സർവലോക നാഥനായ അല്ലാഹുവിന്റെ സകലമാന അനുഗ്രഹങ്ങളും അനുഭവിച്ചും അവനെ നിഷേധിച്ചും ജീവിക്കുകയും എന്നിട്ട് അവന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന താങ്കൾ അല്ലാഹുവിന്റെ മലക്കുകൾ നരകത്തിലേക്ക് കൊണ്ടുപോകുമ്പോൾ അവരുടെ കണ്ണ് വെട്ടിച്ച് കടന്നു കളയുക."

അയാൾ അമ്പരന്നു. അതെങ്ങനെ സാധിക്കും?

"ദയവായി എന്നോട് ക്ഷമിക്കൂ. ഞാനെന്തൊരു ധിക്കാരിയാണെന്ന് താങ്കൾ എന്നെ ബോധ്യപ്പെടുത്തി. വേണ്ട... എല്ലാം ക്ഷമിക്കുന്ന നാഥനോട് എനിക്കായി താങ്കൾ പ്രാർഥിക്കുക... ഞാൻ ഈ നിമിഷം മുതൽ എല്ലാ നിഷേധ നിലപാടുകളും മാറ്റി നാഥന്റെ കൽപനകൾക്കനുസരിച്ച് ജീവിക്കാൻ ശ്രമിക്കാം. എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് രക്ഷിതാവിനോട് മാപ്പിരക്കാം. എനിക്ക് രക്ഷ കിട്ടുമോ?"

"അതെ, തീർച്ചയായും! ഉഹ്ദ് മല കണക്കെ പാപം ചെയ്താലും ആത്മാർഥമായി പശ്ചാത്തപിച്ച് മടങ്ങിയാൽ അത് പൊറുത്ത് തരാൻ അല്ലാഹു ഒരുക്കമാണെന്ന് വിശുദ്ധ ക്വുർആനും പ്രവാചക വചനങ്ങളും സാക്ഷ്യപ്പെടുത്തിയതാണ്. താങ്കളെ അല്ലാഹു രക്ഷിക്കുമാറാകട്ടെ."

അന്ന് തൊട്ട് അജ്മൽ മോറൽ ക്ലാസിന്റെ ഭാഗമായി. ഇന്ന് വരെ ഒരു ക്ലാസിലും മതിയായ കാരണമില്ലാതെ പങ്കെടുക്കാതിരുന്നിട്ടില്ല.

മുഹമ്മദ് സ്വാദിഖ് മദീനി
mail@nerpatham.com

ലേഖനം

# അക്വീക്വത്ത് ചില പാഠങ്ങൾ

മനസ്സിന് സന്തോഷവും സംതൃപ്തിയും നൽകുന്ന മക്കൾ ഉണ്ടാകണം എന്നത് ഏതൊരാളുടെയും അടങ്ങാത്ത ആഗ്രഹമാണ്. കുട്ടികളുടെ കലപിലകൾ ഇല്ലാത്ത കുടുംബം മൂകമാണെങ്കിലും അല്ലാഹുവിന്റെ പരീക്ഷണമായി അതിനെ മനസ്സിലാക്കാൻ കഴിയുന്നവർക്ക് മുന്നോട്ടുള്ള ഗമനം പ്രയാസരഹിതമായിരിക്കും.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു." (അശ്ശൂറാ: 49,50)

സ്രഷ്ടാവിന്റെ സർവ അനുഗ്രഹങ്ങളിലൂടെയും ജീവിക്കുന്ന വിശ്വാസിക്ക് സന്താനസൗഭാഗ്യം സിദ്ധിക്കുക വഴി അവനിലേക്ക് കൂടുതൽ അടുക്കുവാനും വിനീതനായിരിക്കുവാനും സാധിക്കണം.

കുഞ്ഞിന് വേണ്ടി പ്രാർഥിക്കുക, അനുഗ്രഹത്തിന് രക്ഷിതാവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുക, നല്ല പേര് വിളിക്കുക തുടങ്ങിയവയെപ്പോലെ തന്നെയാണ് കുഞ്ഞിന് വേണ്ടിയുള്ള അറവും.

**എന്താണ് അക്വീക്വത്ത്?**

കുഞ്ഞ് ജനിച്ച് ഏഴാം ദിവസം മുടി കളയുന്നതിനോട് അനുബന്ധിച്ച് നടത്തപ്പെടുന്ന അറവിന്നാണ് അക്വീക്വത്ത് എന്ന് പറയുക. അറവ് നടത്താൻ കഴിയുന്ന സാമ്പത്തിക ശേഷിയുള്ളവർക്ക് അക്വീക്വത്ത് ശക്തമായ സുന്നത്താണ് എന്നതാണ് ഏറ്റവും ശരിയായ അഭിപ്രായം.

പ്രവാചകന്റെ സുന്നത്ത് പ്രാവർത്തികമാക്കുക, മകനെ അറുക്കുവാൻ അല്ലാഹു കൽപിച്ചപ്പോൾ അത് ഏറ്റെടുക്കുവാൻ തയ്യാറായ ഇബ്‌റാഹീം നബി ﵇യെ അനുസ്മരിക്കുക, സാധുക്കൾക്കും കുടുംബങ്ങൾക്കും അയൽവാസികൾക്കും അക്വീക്വയുടെ അംശം നൽകുന്നതിലൂടെ സന്തോഷം പങ്കിടുക തുടങ്ങിയ തത്ത്വങ്ങൾ ഇതിൽ കാണാവുന്നതാണ്.

**തെളിവും പ്രാധാന്യവും**

സമുറത്ത് ബ്നു ജുൻദുബ്ﷺവിൽ നിന്നും നിവേദനം. നബിﷺ പറഞ്ഞു: "ഓരോ കുഞ്ഞും ഏഴാം ദിവസം അറുക്കപ്പെടുന്ന അവന്റെ അക്വീക്വയുമായി പണയത്തിലാണ്. തല മുണ്ഡനം ചെയ്യപ്പെടുകയും പേര് വിളിക്കപ്പെടുകയും ചെയ്യും." (അബൂദാവൂദ്)

ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: "ഹസൻ, ഹുസൈൻ എന്നിവർക്കായി നബിﷺ ഈരണ്ട് ആടുകളെ അക്വീക്വത്ത് അറുത്തു." (അന്നസാഈ)

**അറുക്കപ്പെടേണ്ട മൃഗം**

പ്രവാചക കാലഘട്ടത്തിൽ അറേബ്യൻ ഉപദ്വീപിൽ ഒട്ടകം, ആട്, പശു എന്നിവയെല്ലാം ഉണ്ടായിരുന്നു. ഹജ്ജത്തുൽ വദാഇൽ നബിﷺ നൂറ് ഒട്ടകങ്ങളെയാണ് ബലിയറുത്തത്. എന്നാൽ അക്വീക്വത്ത് അറവിനായി തിരുമേനി തിരഞ്ഞെടുത്തത് ആടിനെയാണ്. ഒട്ടകത്തെതാണ് അക്വീക്വത്ത് അറുക്കുവാൻ നിശ്ചയിച്ചിരുന്നതെങ്കിൽ അത് എല്ലാവർക്കും നടപ്പിലാക്കൽ പ്രയാസകരമാകുമായിരുന്നു. സാധാരണക്കാർക്ക് പോലും അറുക്കുവാൻ വലിയ പ്രയാസമില്ലാത്ത ആടിനെ അതിനായി നിശ്ചയിച്ചതിൽ നിന്നും കഴിയുന്നത്ര ആളുകൾ പ്രസ്തുത കർമം നിർവഹിക്കണം എന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്.

വയർ നിറയെ ഭക്ഷണമില്ലാതെ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയ നബിﷺ തന്റെ പേരക്കിടാങ്ങളായ ഹസൻ, ഹുസൈൻ എന്നിവർക്ക് അക്വീക്വത്ത് അറുത്തിട്ടുണ്ട്. ഉദുഹിയ്യത്ത് അറുക്കുവാൻ ഏറ്റവും ഉത്തമമായ മൃഗം യഥാക്രമം ഒട്ടകം, പശു, ആട് എന്നിവയാണെങ്കിലും അക്വീക്വത്തിന് ഏറ്റവും യോഗ്യമായ

ത് ആട് തന്നെയാണ്. കാരണം, നബിﷺയിൽ നിന്നും അതാണ് സ്ഥിരപ്പെട്ട് വന്നിരിക്കുന്നത്.

ആൺകുട്ടിക്ക് രണ്ട് ആടും പെൺകുട്ടിക്ക് ഒരു ആടും എന്ന തോതിലാണ് അറുക്കേണ്ടത്. നബിﷺ പറഞ്ഞു: "ആൺകുട്ടിക്ക് (പ്രായത്തിലും ഭംഗിയിലും) സമമായ രണ്ട് ആടും പെൺകുട്ടിക്ക് ഒരു ആടുമാണ് (ആക്വീകത്ത് അറുക്കേണ്ടത്)." ഒരാൾക്ക് ആൺകുഞ്ഞ് പിറന്നതിനാൽ രണ്ട് ഉരുവിനെയാണ് അറുക്കേണ്ടതെങ്കിലും അയാൾക്ക് ഒരാടിനെ അറുക്കുവാനുള്ള സാമ്പത്തിക ശേഷി മാത്രമേയുള്ളൂവെങ്കിൽ അവൻ ഒന്നിനെയെങ്കിലും അറുക്കുകയാണ് വേണ്ടത്.

ശൈഖ് ഉഥൈമീൻ (റഹി) പറഞ്ഞു: "ഒരാൾക്ക് ഒരു ആട് മാത്രമേയുള്ളൂവെങ്കിൽ അത് കൊണ്ട് അവൻ ലക്ഷ്യം നേടി. എന്നാൽ അല്ലാഹു ഒരാളെ ധന്യനാക്കിയാൽ ഏറ്റവും ഉത്തമം അവൻ രണ്ടെണ്ണത്തെ അറുക്കലാണ്" (ശറഹുൽ മുംതിഅ്).

തീരെ സാമ്പത്തിക ശേഷി ഇല്ലാത്തവർ കടം വാങ്ങി അത് നിർവഹിച്ചാൽ വീട്ടുവാൻ സാധിക്കുകയില്ല എന്ന് തോന്നുന്നുവെങ്കിൽ അപ്പോൾ അറുക്കാതിരിക്കാം. അൽപ കാലം കഴിഞ്ഞ് അക്വീക്വത്ത് നിർവഹിക്കുവാൻ കഴിയുമെങ്കിൽ ആ സമയം വരെ കാത്തിരിക്കുകയാണ് അയാൾ ചെയ്യേണ്ടത്.

**ആര് അറുക്കണം?**

രക്ഷിതാവിൽ നിന്ന് മക്കൾക്ക് ലഭിക്കേണ്ട അവകാശങ്ങളിൽ ഒന്നാണ് അക്വീകത്ത് എന്നതു കൊണ്ട് തന്നെ അത് അറുക്കുവാനുള്ള ചെലവ് വഹിക്കേണ്ടത് അദ്ദേഹം തന്നെയാണ്. മറ്റുള്ളവർ അറുക്കുന്നതിനെക്കാൾ ഉത്തമം അയാളുടെ കൈകൊണ്ട് അറുക്കുന്നതുമാണ്.

**അറുക്കേണ്ട സമയം**

കുഞ്ഞ് ജനിച്ച് ഏഴാം ദിവസമാണ് അക്വീക്വത്ത് അറുക്കേണ്ടത് എന്ന് വ്യക്തമായി. അന്നേ ദിവസം അതിന് സാധിച്ചിട്ടില്ലെങ്കിൽ മറ്റുള്ള ഏത് സമയത്തേക്കും അത് നീട്ടി വെക്കുകയാണ് വേണ്ടത്. കൽപനകൾ എത്രയും പെട്ടെന്ന് നിർവഹിക്കണമെന്നാണ് ആവശ്യപ്പെടുന്നത് എന്നതിനാൽ അകാരണമായി അതിനെ വൈകിപ്പിച്ചു കൂടാ. പതിനാല്, ഇരുപത്തി ഒന്ന് എന്നിങ്ങനെയുള്ള ദിവസങ്ങൾ പ്രത്യേകമായി തെരഞ്ഞെടുക്കേണ്ടതുമില്ല.

പ്രായപൂർത്തി എത്തിയിട്ടും ഒരാൾക്ക് അക്വീകത്ത് അറുത്തിട്ടില്ലെങ്കിൽ അയാൾ തനിക്ക് വേണ്ടി അറുക്കുന്നതിന് വിരോധമില്ല. അനസ്ﷺവിൽ നിന്ന് നിവേദനം: "നബിﷺ പ്രവാചകത്വത്തിന് ശേഷം സ്വന്തത്തിന് വേണ്ടി അക്വീക്വത്ത് അറുക്കുകയുണ്ടായി" (മുസ്വന്നഫ് അബ്ദുറസാഖ്).

ഇബ്നു സീരീൻ (റഹി) പറഞ്ഞു: "എനിക്കു വേണ്ടി അക്വീക്വത്ത് അറുക്കപ്പെട്ടിട്ടില്ലെങ്കിൽ ഞാൻ എനിക്കു വേണ്ടി അറുക്കുന്നതാണ്." (ഇബ്നു ഇബീ ശൈബ).

ഗർഭസ്ഥ ശിശുവിന് നാല് മാസം പൂർത്തിയായതിന് ശേഷമാണ് മരണപ്പെട്ടതെങ്കിൽ പേരിടുക, കഫൻ ചെയ്യുക, മറമാടുക എന്നീ കർമങ്ങൾ നടത്തേണ്ടതാണ്. അതു പോലെ അക്വീക്വത്തും അറുക്കാവുന്നതാണ്.

**അറുക്കുന്ന വേളയിൽ**

"ബിസ്മില്ലാഹി, അല്ലാഹു അക്ബർ, അല്ലാഹുമ്മ മിൻക, വലക ഹാദിഹി അക്വീക്വത്തു ഫുലാൻ" (അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹുവേ, ഇത് നിന്നിൽനിന്നാണ്; നിനക്കുമാണ്. ഇന്നാലിന്നവനുള്ള അക്വീക്വയാണിത്) എന്നാണ് ചൊല്ലേണ്ടത്.

**ആർക്ക് വിതരണം ചെയ്യണം?**

ശൈഖ് ഇബ്നു ബാസ് (റഹി) പറഞ്ഞു: "അതിന്റെ ഉടമക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാം. അയാൾക്ക് വേണമെങ്കിൽ കുടുംബങ്ങൾ, കൂട്ടുകാർ, ദരിദ്രർ എന്നിവർക്കിടയിൽ മാംസമായി വിതരണം നടത്തുകയോ അല്ലെങ്കിൽ അത് പാചകം ചെയ്ത് അവരെ അതിലേക്ക് ക്ഷണിക്കുകയോ ചെയ്യാവുന്നതാണ്."

അതുപോലെ വീട്ടുകാർക്ക് അതിൽ നിന്ന് ഭക്ഷിക്കലും അനുവദനീയമാണ്. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് കൊണ്ട് അറുക്കപ്പെടുന്നവയിൽ നിന്ന് അറുക്കുന്നവൻ ഭക്ഷിക്കണമെന്നതിന് പണ്ഡിതൻമാർ സൂറത്തുൽ ഹജ്ജിലെ 28-ാം സൂക്തം തെളിവായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

ആരാധനകളിൽ കൂട്ടുവാനോ, കുറക്കുവാനോ ഉള്ള അവകാശം സൃഷ്ടികൾക്ക് ഇല്ലാത്തിനാൽ അക്വീകത്ത് പണമായി കൊടുക്കാതെ അറുത്ത് നൽകേണ്ടതാണ്. പൂർണ ഉത്തരവാദിത്തത്തോടെ നിർവഹിക്കപ്പെടുന്ന ഒരു കർമമാകയാൽ മറ്റ് നാടുകളിൽ അറുക്കുവാനായി ഏൽപിക്കാതിരിക്കുകയാണ് വേണ്ടത്.

മറ്റു മതസ്ഥർക്കിടയിൽ ജീവിക്കുന്ന നമ്മൾ അവരുമായി നീതിയിലും പുണ്യത്തിലുമാണ് വർത്തിക്കേണ്ടത് എന്നതിനാൽ അക്വീക്വത്തിന്റെ മാംസം അവർക്ക് നൽകുന്നതിന് വിരോധമൊന്നുമില്ല.

ജാഹിലിയ്യ കാലഘട്ടത്തിൽ അക്വീക്വത്തിനോട് അനുബന്ധിച്ച് ഉണ്ടായിരുന്ന ചില മോശമായ സമ്പ്രദായങ്ങളെ നബിﷺ വിരോധിച്ചു.

ബുറൈദ്ؓ പറയുന്നു: "ജാഹിലിയ്യത്തിൽ ഞങ്ങൾക്ക് ഒരു കുഞ്ഞ് പിറന്നാൽ ഒരു ആടിനെ അറുക്കുകയും അതിന്റെ രക്തം കുഞ്ഞിന്റെ തലയിൽ പുരട്ടുകയും ചെയ്യുമായിരുന്നു. ഇസ്‌ലാം സമാഗതമായപ്പോൾ ഞങ്ങൾ ആടിനെ അറുക്കുകയും തലയിൽ കുങ്കുമം തേക്കുകയും ചെയ്തു." (അബൂദാവൂദ്)

ആഇശؓ പറയുന്നു: "ജാഹിലിയ്യത്തിൽ കുഞ്ഞ് പിറന്നാൽ അക്വീക്വ അറുക്കുകയും രക്തത്തിൽ തുണി മുക്കി കുഞ്ഞിന്റെ തലയിൽ വെക്കുകയും ചെയ്യുമായിരുന്നു. അപ്പോൾ നബിﷺ പറഞ്ഞു: അതിന്റെ സ്ഥാനത്ത് നിങ്ങൾ സുഗന്ധക്കൂട്ട് വെക്കുക" (ഇബ്നു ഹിബ്ബാൻ).

അക്വീക്വയോടനുബന്ധിച്ച് മുടി കളയുമ്പോൾ അത്തരം സുഗന്ധം കുഞ്ഞിന്റെ തലയിൽ വെക്കാവുന്നതാണ്. ●

ഹാരിസ്ബ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

# ആദർശയോജിപ്പില്ലാത്ത ഭർതൃവീട്ടുകാർ

*ആദർശപരമായി യോജിക്കാത്ത ഭർതൃവീട്ടുകാരുമായി സഹകരിച്ച് പോകാൻ ചില നിർദേശങ്ങൾ നൽകാമോ?*

നമ്മുടെ കൂടെ ജീവിക്കുന്നവരെല്ലാം നമ്മുടെ ആശയക്കാരും ആദർശക്കാരുമാവണമെന്ന് ആഗ്രഹിക്കുന്നതിൽ തെറ്റില്ല. അതിന് വേണ്ടി പ്രവർത്തിക്കലും ആവശ്യമാണ്. അങ്ങനെ ആണെങ്കിൽ മാത്രമെ അവിടെ ജീവിക്കൂ എന്ന് തീരുമാനിച്ചാൽ അത് പ്രയാസകരമായിരിക്കും. അബൂത്വാലിബ് നബി (സ)യെ ഏറ്റവുമധികം സംരക്ഷിച്ച വ്യക്തിയാണ്. പക്ഷേ, ഇസ്‌ലാം സ്വീകരിച്ചിട്ടില്ല. ഫിർഔനിന്റെ ഭാര്യ വിശ്വാസികൾക്ക് മാതൃകയാണ്. ഭർത്താവ് അവരുടെ ആദർശ ശത്രുവായിരുന്നു എന്നത് പ്രത്യേകം ആലോചിക്കേണ്ടതുണ്ട്. ഹിദായത്ത് നൽകുന്നത് അല്ലാഹുവാണ്. നമുക്ക് പ്രാർഥിക്കുവാനും നിമിത്തമാകുവാനും മാത്രമെ സാധിക്കൂ.

തന്റെ വിശ്വാസത്തെ നിലനിർത്താനും ആരാധനകൾ നിർവഹിക്കാനും ഒരു നിലയ്ക്കും അനുവദിക്കാത്തിടത്ത് അവയിൽ വീഴ്ച വരുത്തി നിലനിന്ന് പോകുന്നത് തെറ്റാണ്. കാരണം, ഒരു വിശ്വാസിക്ക് അല്ലാഹുവിനെക്കാളും പ്രവാചകനെക്കാളും പ്രിയപ്പെട്ടതല്ല മറ്റൊന്നും.

“നബിയേ, പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല” (9:24).

ഈ ക്വുർആൻ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം നാസിറുസ്സഅദി(റഹി) പറയുന്നു: “കാരണം, അല്ലാഹുവോടും പ്രവാചകനോടുമുള്ള സ്നേഹം മറ്റെല്ലാറ്റിനോടുമുള്ള സ്നേഹത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. മറ്റെല്ലാം അവ രണ്ടിന്റെയും അനുബന്ധങ്ങൾ മാത്രമാണ്.”

ചോദ്യകർത്താവിന് തന്റെ ഭർതൃവീട്ടിൽ തന്റെ ആദർശമനുസരിച്ച് ജീവിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും പിന്തുണയോ പ്രോത്സാഹനങ്ങളോ ലഭിക്കുന്നില്ല. മാത്രമല്ല, കുറ്റപ്പെടുത്തുകയും വിമർശിക്കുകയും കൂടി ചെയ്യുന്നു. ഭർതൃവീടുമായി നല്ലബന്ധം നിലനിർത്തുന്നത് ഭർത്താവുമായി സമാധാനപരമായി ജീവിച്ചുപോകാൻ ആവശ്യമാണ്.

ഇവിടെ ഭർത്താവിന്റെ ആദർശപരമായ പിന്തുണ ഈ സഹോദരിക്കുണ്ടെന്ന് മനസ്സിലാകുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുരുക്കിപ്പറയട്ടെ.

1. നിങ്ങളുടെ ദീനീ പ്രവർത്തനങ്ങൾ അവരോടുള്ള ഒരു വെല്ലുവിളിയാകരുത്. 'എന്റെ മാർഗം സത്യമല്ലേ, പിന്നെ ഞാനെന്തിന് ഭയപ്പെടണം?' എന്നത് ശരിയായ ഒരാശയമാണെങ്കിലും നടപ്പിലാക്കുന്നതിൽ ചില പ്രായോഗികതകൾ സ്വീകരിക്കണം. ഞാൻ ഒരു ഗ്രൂപ്പിനുവേണ്ടിയോ, ഒരു സംഘടനാ നേതാവിനു വേണ്ടിയോ അതല്ലെങ്കിൽ എതിർകക്ഷിയെ പരാജയപ്പെടുത്താനോ വേണ്ടിയല്ല പ്രവർത്തിക്കുന്നത്. മറിച്ച് നല്ലതെന്ന് എനിക്ക് ബോധ്യപ്പെട്ട, എന്റെ പരലോകത്തേക്ക് ഉപകരിക്കുന്ന ചില കാര്യങ്ങളിൽ പ്രവർത്തിക്കുന്നു എന്നുമാത്രം. ഇത്തരം ഗുണകാംക്ഷാപരമായ സമീപനം ആരും അംഗീകരിക്കും.

2. “ഏറ്റവും നല്ല സ്വഭാവമുള്ളവരാണ് വിശ്വാസം പൂർണമായവർ” എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. നമ്മുടെ ദീൻ നമ്മുടെ സ്വഭാവ, പെരുമാറ്റങ്ങളിൽ പ്രകടമാവണം. വിയോജിപ്പുകൾ പരസ്പരം തകർച്ചയുണ്ടാക്കിയാൽ പിന്നീട് അവിടെ ജീവിക്കൽ പ്രയാസകരമാവും. സഹകരിക്കാവുന്ന മേഖലകളിൽ ഏറ്റവും നന്നായി സഹകരിച്ച് ജീവിക്കുക.

3. ഭർതൃവീട്ടിൽ നിങ്ങൾക്ക് സ്വന്തമായി റൂമും സൗകര്യങ്ങളുമുണ്ടാകുമല്ലോ! അത് പരമാവധി ദീനീ പഠനത്തിനും പ്രയോഗത്തിനും ഉപയോഗിക്കുക. പരസ്യമാകുമ്പോഴാണ് വിമർശനങ്ങൾ കൂടുന്നത്.

4. സ്ത്രീകൾക്കിടയിൽ പ്രബോധനം നിർവഹിക്കാനും മതം പഠിക്കാനും പുറത്തിറങ്ങാതെ തന്നെ സോഷ്യൽ മീഡിയകൾ ഉപയോഗിച്ച് സാധിക്കും. ബന്ധങ്ങളും പ്രബോധനവും ഇതുവഴി നിർവഹിക്കുക. സൂക്ഷ്മത കൈവിടാതിരിക്കുക.

5. ഭർത്താവിന്റെ സഹകരണമുള്ളതിനാൽ അൽപം കൂടി ക്ഷമിച്ചാൽ സ്വതന്ത്രമായി ജീവിക്കാവുന്ന വീടും സാഹചര്യങ്ങളും ഭർത്താവിനോടൊപ്പം സാധ്യമാകുമ്പോൾ ഈ പ്രതിസന്ധി അവസാനിക്കും.

6. ആത്മാർഥമായി പ്രാർഥിക്കുന്നവർക്ക് പ്രതീക്ഷിക്കാത്ത മാർഗങ്ങൾ തുറന്നു തരുന്നവനാണ് അല്ലാഹു എന്നോർക്കുക.

7. നിങ്ങൾക്ക് സത്യമായി തോന്നിയ ആദർശം സത്യമാണെന്ന് അംഗീകരിക്കാവുന്ന ഒരു മാനസികാവസ്ഥ അവർക്കും സൃഷ്ടിച്ചെടുക്കാൻ അറിവോടും യുക്തിയോടും കൂടി പരിശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ! ●



കൂട്ടായ്മ

**മലയാളക്കരയിലെ മുസ്‌ലിം നവോത്ഥാന ചരിത്രം: 2**

# ജംഇയ്യത്തുൽ ഉലമായുടെ ജനനം

**മുബാറക് ബിൻ ഉമർ**
mail@nerpatham.com

**1924**ൽ ആലുവയിൽ നടന്ന ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽ വെച്ചാണ് കേരള ജംഇയ്യത്തുൽ ഉലമാഅ് (അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃ) രൂപീകരിക്കപ്പെട്ടത്. മതപ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ പണ്ഡിതന്മാരുടെ ഒരു സംഘടന ആവശ്യമാണെന്ന് കണ്ട് അതിന്റെ രൂപീകരണത്തിനായി കെ.എം. മൗലവി സെക്രട്ടറിയായി ഒരു അഡ്ഹോക്ക് കമ്മറ്റിയുണ്ടാക്കി. ഐക്യസംഘം രണ്ടാം വാർഷിക സമ്മേളനത്തിലേക്ക് ഉലമാക്കളെ ക്ഷണിക്കാൻ തീരുമാനിച്ചു. ടി.കെ. മുഹമ്മദ് മൗലവി, ഇ.കെ. മൗലവി, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് എന്നിവർ കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് ഉലമാക്കളെ യോഗത്തിലേക്ക് ക്ഷണിച്ചു. അധ്യക്ഷനായി വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിന്റെ പ്രിൻസിപ്പൾ അബ്ദുൽ ജബ്ബാർ ഹസ്റത്തിനെ ക്ഷണിച്ചു. കേരളത്തിലെ അക്കാലത്തെ പ്രമുഖരായ ഉലമാക്കൾ വെല്ലൂരിൽ പഠിച്ചു പാസ്സായവരായിരുന്നു. ഉലമാക്കൾക്ക് യാത്രാചെലവും ഭക്ഷണചെലവും ഐക്യസംഘം വഹിക്കുന്നതാണെന്നറിയിച്ചിരുന്നു.

ഉലമാക്കൾക്ക് ഒരു സംഘടന രൂപീകരിക്കണം. 'നല്ലതിനെ ഉപദേശിക്കുകയും ചീത്തയെ വിരോധിക്കുകയും ചെയ്യുന്ന ഒരു സംഘമുണ്ടായിരിക്കൽ ഫർദ്കിഫായയാണ്. അതുകൊണ്ട് കേരളത്തിലെ ഉലമാക്കളുടെ ഒരു സംഘമുണ്ടായിരിക്കണമെന്ന് ഈ യോഗം തീരുമാനിക്കുന്നു' എന്ന പ്രമേയം ചർച്ചക്കെടുത്തു. യോഗത്തിൽ പങ്കെടുത്ത ഒരു ബാഖവി എഴുന്നേറ്റ് നിന്ന് ഇങ്ങനെ ഒരു സംഘമുണ്ടായിരിക്കൽ ഫർദ് കിഫായയയാണെന്നതിന്ന് എന്താണ് ദലീൽ(തെളിവ്) എന്നു ചോദിച്ചു. അതിനു മറുപടി പറഞ്ഞത് ഇ.കെ. മൗലവിയാണ്. ആലുഇംറാനിലെ 'നല്ലതിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ' എന്ന ആയത്ത് ഓതി. അത് കേട്ട ബാഖവി, അത് ക്വുർആനല്ലേ, ശറഇൽ എന്താണ് ദലീൽ എന്നാണ് താൻ ചോദിച്ചതെന്നായി. അപ്പോൾ ഇ.കെ. മൗലവി അധ്യക്ഷനോട് ക്വുർആൻ ദലീലായി സ്വീകരിക്കാൻ പറ്റില്ലേ എന്ന് ചോദിച്ചു. അപ്പോൾ ആ ബാഖവിയോട് അധ്യക്ഷൻ മിണ്ടാതിരിക്കാൻ ആവശ്യപ്പെട്ടു.

ക്വുർആനും ഹദീഥും ദലീൽ(തെളിവ്, രേഖ) ആയി സ്വീകരിക്കാൻ കൊള്ളുകയില്ല, മദ്ഹബിന്റെ കിതാബുകളേ മതത്തിൽ തെളിവായി അംഗീകരിക്കാൻ പറ്റുകയുള്ളൂ എന്നായിരുന്നു അക്കാലത്തെ യാഥാസ്ഥിതികരുടെ നിലപാട്.

പ്രമേയം അവതരിപ്പിച്ച് സംസാരിച്ചത് പണ്ഡിതനും സ്വാതന്ത്ര്യ സമര സേനാനിയും കോൺഗ്രസ് നേതാവുമായിരുന്ന ഇ.മൊയ്തു മൗലവി ആയിരുന്നു. എ. അബ്ദുൽ ക്വാദിർ മൗലവി, ഇ.കെ. മൗലവി, പാലശ്ശേരി മമ്മു മൗലവി(കുറ്റൂർ) എന്നിവർ പ്രമേയത്തെ പിന്തുണച്ചു.

ആ യോഗത്തിൽ കേരള ജംഇയ്യത്തുൽ ഉലമാഅ് രൂപീകരിച്ചു. പ്രസിഡന്റ് എം. അബ്ദുൽ ക്വാദിർ മൗലവി, വൈസ് പ്രസിഡന്റുമാർ സി. അബ്ദുല്ലക്കോയ തങ്ങൾ, കെ.കെ. മുഹമ്മദ് കുട്ടി മൗലവി. സെക്രട്ടറി സി.കെ. മൊയ്തീൻ കുട്ടി മൗലവി, ജോ. സെക്രട്ടറി ഇ.കെ. മൗലവി. പ്രവർത്തക സമിതി അംഗങ്ങൾ: പി.എൻ. മുഹമ്മദ് മൗലവി(പുളിക്കൽ), പാലോട് മൂസക്കുട്ടി മൗലവി (കണ്ണൂർ), പി.പി. ഉണ്ണി മുഹ്‌യിദ്ദീൻ കുട്ടി മൗലവി(പുളിക്കൽ), ടി. മുഹമ്മദ് കുട്ടി മൗലവി (കെ.എം. മൗലവി), പി.എ അബ്ദുൽ ക്വാദിർ മൗലവി (കോട്ടയം), ബി.വി. കോയക്കുട്ടി തങ്ങൾ (ചാവക്കാട്), സി.അബ്ദുല്ലക്കുട്ടി മൗലവി,

പാലശ്ശേരി മമ്മു മൗലവി (കുറ്റൂർ).

അബ്ദുൽ ജബ്ബാർ ഹസ്റത്തിന്റെ നിർദേശപ്രകാരം ജംഇയ്യത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങളായി താഴെ പറയുന്ന കാര്യങ്ങൾ നിശ്ചയിച്ചു:

ഛിന്നഭിന്നമായിക്കിടക്കുന്ന ഉലമാക്കളുടെ ഇടയിൽ ഐക്യമുണ്ടാക്കുക.

മുസ്ലിംകളുടെ ഇടയിലുള്ള വഴക്കുകളെ അവരുടെ വക പഞ്ചായത്ത് സ്ഥാപിച്ച് അതിൽ വെച്ച് തീരുമാനിക്കുക.

ദാറുൽ ഇഫ്താഅ് (മതവിധി കൽപിക്കൽ സമിതി) ഏർപ്പെടുത്തുക.

മുസ്ലിംകളുടെ ഇടയിലുള്ള മതവിശ്വാസങ്ങളിലെ മതവിരുദ്ധങ്ങളും ആപൽക്കരവുമായ ദുരാചാരങ്ങൾ ദൂരീകരിക്കുക.

ഇസ്ലാംമത പ്രവർത്തനത്തിന്നായി ഉചിതമായ മറ്റു പ്രവർത്തനങ്ങൾ നടത്തുക.

ഐക്യസംഘം സജീവമായി പ്രവർത്തിച്ചു. ജംഇയ്യത്തുൽ ഉലമായിലെ പണ്ഡിതന്മാരായിരുന്നു അതിന്റെ മുന്നണിയിലും പിന്നണിയിലും.

'അൻബിയാ, ഔലിയാ, സ്വാലിഹീങ്ങളുടെ ദാത്ത്, ജാഹ്, ഹഖ്, ബർകത്ത് കൊണ്ട് ഇടതേടുന്നതും, അവരെ നേരിട്ട് വിളിക്കലും സഹായത്തിന്നപേക്ഷിക്കലും, മരണപ്പെട്ടവർക്കു വേണ്ടി തൽഖീൻ ചൊല്ലലും ക്വുർആൻ ഓതലും, മന്ത്രം, ഉറുക്ക്, പിഞ്ഞാണമെഴുതിക്കൊടുക്കലും, ബുർദ ഓതി മന്ത്രിക്കലും, മുഹ്യിദ്ദീൻ മാല, രിഫാഈ മാല ചൊല്ലലും ചൊല്ലിക്കലും തുടങ്ങിയ ആചാരങ്ങൾ കേരളത്തിലെ മുസ്ലിമീങ്ങളിൽ അനേക കൊല്ലമായിട്ട് നിരാക്ഷേപമായി നടന്നുവരുന്നതും ഇപ്പോഴും നടത്തി വരുന്നതുമായതും അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ഉലമാക്കളാൽ മതാനുസൃതങ്ങളാണെന്ന് സ്ഥിരപ്പെട്ടവയുമാണെന്നും ഇവ മതവിരുദ്ധങ്ങളാണെന്നോ അഥവാ ശിർക്കാണെന്നോ പറയുന്നവർ സുന്നികളല്ലെന്നും അവർ ഇമാമത്തിന്നും ഖത്തീബ് സ്ഥാനത്തിനും ഖാസി സ്ഥാനത്തിനും കൊള്ളരുതാത്തവരാണെന്നും' സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ കുപ്രസിദ്ധമായ എട്ടാം പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ബ്രിട്ടീഷുകാർ നമ്മുടെ ഭരണകർത്താക്കളാണെന്നും അവരെ എതിർക്കാൻ പാടില്ലെന്നും ഇവർ സ്വാതന്ത്ര്യ സമരക്കാലത്ത് പ്രമേയം പാസ്സാക്കി! സമസ്ത മുസ്ലിയാക്കൾ കോൺഗ്രസ്സുകാരല്ലാത്തവരും ഗവണ്മെന്റ് കക്ഷിയും ആയിരിക്കണമെന്നും അവർ പ്രഖ്യാപിച്ചു! മദ്റസാ പ്രസ്ഥാനം നരകത്തിലേക്കുള്ള വഴിയാണ് എന്ന് പാട്ടുപാടി പ്രചരിപ്പിച്ചിരുന്നത് കുപ്രസിദ്ധമത്രെ! മണ്ണാർക്കാട്ട് ചേർന്ന സമസ്തയുടെ നാലാം വാർഷികത്തിൽ(1930) 'സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ ശറഇൽ മക്റൂഹാണെന്ന് പലേ മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു' എന്ന പ്രമേയം പാസ്സാക്കി! ഖുതുബ അറബിയല്ലാത്ത ഭാഷയിൽ ഹറാം, സ്ത്രീകൾക്ക് പള്ളിപ്രവേശനം ഹറാം എന്നിവയും ഇവരുടെ പ്രധാന വാദങ്ങളാണ്. ക്വുർആൻ പരിഭാഷകൾ ധാരാളം ഇറക്കിയെങ്കിലും അത് ഹറാമാണെന്ന ഫത്വ നിലനിൽക്കുന്നു.

ഇപ്പോൾ ഇവരെവിടെ എത്തിനിൽക്കുന്നു എന്നു പറയേണ്ടതില്ലല്ലോ! സ്വന്തമായി വനിതാ അറബിക്കോളേജുകൾ വരെ നടത്തുന്നു! സ്വന്തം ക്വുർആൻ പരിഭാഷകൾ പ്രസിദ്ധീകരിച്ചു! പള്ളികളോട് ചേർന്ന് സ്ത്രീകൾക്ക് നമസ്കരിക്കാൻ പ്രത്യേക സൗകര്യമേർപ്പെടുത്തി ബോർഡെഴുതി വെക്കാൻ തുടങ്ങി. ഖുതുബക്ക് മുമ്പും പിമ്പും മിമ്പറിൽ നിന്ന് രണ്ടടി താഴെ മലയാളത്തിൽ തറ പ്രസംഗമാവാം! ഇങ്ങനെ പല മാറ്റങ്ങളുമവർക്കുണ്ടായി. എങ്കിലും ശിർക്കൻ വാദങ്ങളും ബിദ്അത്തുകളും ഒഴിവാക്കിയിട്ടില്ല.

പ്രഭാഷണങ്ങൾ, വാദപ്രതിവാദങ്ങൾ, ഖണ്ഡന-മണ്ഡനങ്ങൾ എന്നിവ വഴി ഇസ്ലാഹീ പ്രസ്ഥാനത്തിന് വൻ വേരോട്ടം ലഭിച്ചു എന്നത് സംശയമില്ലാത്ത ഒരു വസ്തുതയാണ്. ഖണ്ഡന, മണ്ഡന പ്രസംഗങ്ങൾ ജനങ്ങൾക്ക് സത്യം മനസ്സിലാക്കാൻ ഏറെ സഹായകമായി. സുപ്രസിദ്ധമായ പൂനൂർ വാദപ്രതിവാദത്തിൽ എടവണ്ണ അലവി മൗലവിയുടെ, മൺമറഞ്ഞ പുണ്യാത്മാക്കളെ വിളിച്ചു തേടാമെന്നതിന് ക്വുർആനിൽ നിന്ന് ഒരു തെളിവുദ്ധരിക്കാമോ എന്ന ചോദ്യത്തിന്ന് നേരം വെളുക്കുവോളം മറുപടി പറയാനാവാതെ വിഷമിച്ച് ഉരുണ്ടു കളിച്ച ഖുറാഫി മുസ്ല്യാക്കളുടെ നിസ്സഹായാവസ്ഥയിൽ നിന്ന് ജനങ്ങൾക്ക് സത്യം ബോധ്യമായി.

വെട്ടം അബ്ദുല്ലഹാജി, കെ.കെ.എം. ജമാലുദ്ദീൻ മൗലവി, എ.അലവി മൗലവി, പി.കെ. മൂസമൗലവി, ശെയ്ഖ് മുഹമ്മദ് മൗലവി, എം.സി.സി. സഹോദരന്മാർ (അഹ്മദ് മൗലവി, അബ്ദുർറഹ്മാൻ മൗലവി, ഹസൻ മൗലവി) പി.സെയ്ദ് മൗലവി, കെ.സി. അബൂബക്ർ മൗലവി, കെ.ഉമർ മൗലവി, ഡോ.എം. ഉസ്മാൻ സാഹിബ്, കെ.പി. മുഹമ്മദ് മൗലവി, എൻ.പി. അബ്ദുൽ ക്വാദിർ മൗലവി തുടങ്ങിയ മഹാന്മാർ ഇസ്ലാഹീ രംഗത്ത് തങ്ങളുടേതായ സംഭാവനകൾ അർപിച്ചു.

മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥം ഇസ്ലാഹീ പ്രവർത്തന മേഖലയിലെ ഏറ്റവും മഹത്തായ ഒരു സംരംഭം തന്നെയായിരുന്നു. 1963ലാണ് അതിന്റെ പ്രസിദ്ധീകരണമാരംഭിക്കുന്നത്. അതിനു മുമ്പ് (1953ൽ) ഉമർ മൗലവിയുടെ അറബി മലയാളത്തിലുള്ള ക്വുർആൻ പരിഭാഷയും വ്യാഖ്യാനവും പുറത്തിറങ്ങിയിരുന്നു. 1950 ഏപ്രിൽ 20 (1369 റജബ് 2) നാണ് കെ.എൻ.എം. സ്ഥാപിക്കപ്പെട്ടത്. പിൽക്കാലത്ത് യുവജനങ്ങൾക്കു മാത്രമായി ഇത്തിഹാദു ശുബ്ബാനിൽ മുജാഹിദീനും (1967 സെപ്തം: 7) പിന്നീട് എം.എസ്.എമ്മും എം.ജി.എമ്മും രൂപീകരിക്കപ്പെട്ടു.

1924ൽ ആയിരുന്നല്ലോ കെ.ജെ.യു. സ്ഥാപിക്കപ്പെട്ടത്. രണ്ടുവർഷം കഴിഞ്ഞ് ഒരു വിഭാഗം കേരള ജംഇയ്യത്തുൽ ഉലമായിൽ നിന്ന് പിരിഞ്ഞു പോയി. 1926ൽ അവർ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാഅ് സ്ഥാപിച്ചു. കേരള ജംഇയ്യത്തുൽ ഉലമാഅ് എന്ന പേരിൽ രജിസ്റ്റർ ചെയ്യാൻ ശ്രമിച്ചപ്പോൾ, ആ പേരിൽ ഒരു സംഘടന നേരത്തെ റജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വിവരമാണ് അധികൃതരിൽ നിന്ന് കിട്ടിയത്. അപ്പോൾ സമസ്ത എന്ന പേർ ചേർത്ത് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാഅ് രജിസ്റ്റർ ചെയ്തു. സർവ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഇവർ പ

രസ്യമായി പിന്തുണ പ്രഖ്യാപിച്ചു. മരിച്ചു പോയ അൻബിയാ, ഔലിയാക്കളുടെ ദാത്ത്, ജാഹ്, ഹക്, ബർകത്ത് എന്നിവ കൊണ്ട് ഇടതേടുക, അവരെ നേരിട്ട് വിളിച്ച് സഹായം തേടുക, അവരുടെ പേരിൽ നേർച്ചയാക്കുക, ഖബ്റിങ്കൽ തൽഖീൻ ചൊല്ലുക, അവിടെ ഖുർആൻ ഓതുക; ഉറുക്ക്, പിഞ്ഞാണം, ഏലസ്സ് മുതലായവ എഴുതിക്കൊടുക്കുക, നേർച്ചപ്പാട്ടുകളും മാലപ്പാട്ടുകളും കുപ്പിപ്പാട്ടുകളും ചൊല്ലിക്കുക എന്നിവയെല്ലാം നടത്താൻ അവർ അനുവാദം കൊടുക്കുകയും അവയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

ഇസ്‌ലാഹീ പ്രസ്ഥാനത്തിൽ നിന്ന് പിൽക്കാലത്ത് പിരിഞ്ഞു പോയവരാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ. അബുൽഅഅ്‌ലാ മൗദൂദിയുടെ പുതിയ മതരാഷ്ട്രവാദത്തിലും മറ്റും ആകൃഷ്ടരായി 1940കളിൽ കേരള ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനം തുടങ്ങി. അനിസ്‌ലാമിക സർക്കാർ ത്വാഗൂത്താണെന്നും സർക്കാറിന്റെ നിയമങ്ങൾ അനുസരിക്കൽ ശിർക്കാണെന്നും തൗഹീദിൽ ആരാധനക്കു പുറമെ അനുസരണം, അടിമവേല എന്നിവ കൂടി പരിഗണിക്കപ്പെടേണ്ടതാണെന്നും അവർ സിദ്ധാന്തിച്ചു. ഈ പുത്തൻ വാദങ്ങൾ ഇസ്‌ലാമിന് അന്യമാണെന്നും പ്രമാണങ്ങൾക്കും പ്രവാചക ചരിത്രങ്ങൾക്കും വിരുദ്ധമാണെന്നും സലഫീ പണ്ഡിതന്മാർ വ്യക്തമാക്കി. അനിസ്‌ലാമിക ഗണ്മെന്റിന്റെ പാഠ്യപദ്ധതികൾ പോലും അംഗീകരിക്കാനാവില്ലെന്ന് പറഞ്ഞ ഇക്കൂട്ടർ സർക്കാർ വിദ്യാഭ്യാസവും പരീക്ഷകളും ബഹിഷ്കരിക്കുകയാണെന്ന് പറഞ്ഞു. സ്വന്തമായി കോഴ്സും പാഠ്യപദ്ധതികളുമുണ്ടാക്കി. ചിലർ സർക്കാർ ഡിഗ്രി സർട്ടിഫിക്കറ്റുകൾ കത്തിച്ചു, സർക്കാരുദ്യോഗം രാജിവെച്ചു. വോട്ട് ഹറാമും തൗഹീദിന് വിരുദ്ധവുമായിരുന്നു. പക്ഷേ, പിൽക്കാലത്ത് ഗവണ്മെന്റ് ജോലി ആവാമെന്നായി. ഗവണ്മെന്റ് കോളേജ് ലക്ചറർ ആയിരുന്നയാൾ കേരള അമീറായി. വോട്ടു ചെയ്യാൻ തുടങ്ങി. അങ്ങനെ ഒരുപാട് മാറ്റങ്ങൾ അവർക്കുണ്ടായി. പക്ഷേ, മുകളിൽ ചൂണ്ടിക്കാണിച്ച തൗഹീദിലവർ കൊണ്ടുവന്ന പുതിയ വാദങ്ങളൊന്നും ഇപ്പോഴുമവർ ഒഴിവാക്കിയിട്ടില്ല എന്നത് ആശ്ചര്യകരവും രസകരവുമത്രെ! ഇടക്കാലത്ത് 'സോളിഡാരിറ്റി'യുണ്ടാക്കി കരിമണൽ, എക്സ്പ്രസ് ഹൈവേ തുടങ്ങിയ പ്രശ്നങ്ങൾ പൊക്കിക്കൊണ്ടു വന്ന് രാഷ്ട്രീയ ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിച്ചു. ഇപ്പോൾ വെൽഫയർ പാർട്ടിയുണ്ടാക്കി ശരിക്കും രാഷ്ട്രീയത്തിലിറങ്ങുകയും ചെയ്തു.

കേരള ജംഇയ്യത്തുൽ ഉലമാഅ് രൂപീകരണത്തിൽ പങ്കെടുത്ത ചിലർ തന്നെയാണ് പിന്നീട് വേറിട്ടുപോയി സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുണ്ടാക്കിയത്. കേരള ജംഇയ്യത്തുൽ ഉലമായിൽ പ്രമുഖ സ്ഥാനമലങ്കരിച്ചിരുന്ന കെ.സി. അബ്ദുല്ല മൗലവി പിരിഞ്ഞുപോയി ജമാഅത്തുകാരുമായി സഹകരിക്കുകയും പിന്നീട് പലതവണ അവരുടെ കേരള അമീറായിത്തീരുകയും ചെയ്തു. അതുപോലെ പ്രമുഖ പണ്ഡിതനും എഴുത്തുകാരനും ഖുർആൻ വ്യാഖ്യാതാവുമായിരുന്ന സി.എൻ. അഹ്മദ് മൗലവി സ്വന്തമായ പുത്തൻ വ്യാഖ്യാനങ്ങളുമായി രംഗത്തു വന്നപ്പോൾ ഇസ്‌ലാഹീ പ്രസ്ഥാനം അതിനെ ശക്തമായി നേരിട്ടു. വാദപ്രതിവാദ വേദികളിൽ അജയ്യനായി നിലകൊണ്ടിരുന്ന ചേകനൂർ മൗലവി മുജാഹിദുകളോടൊപ്പം കുറച്ചു കാലം പ്രവർത്തിച്ചു. പിന്നീട് ഇസ്‌ലാമിനെത്തന്നെ തകർത്തു കളയുന്ന അത്യന്തം അപകടകരങ്ങളായ വാദങ്ങളുന്നയിക്കാൻ തുടങ്ങിയപ്പോൾ ഇസ്‌ലാഹീ പണ്ഡിതന്മാർക്ക് അയാൾക്കെതിരിൽ വാദപ്രതിവാദം നടത്തേണ്ടി വന്നു.

ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ നിലച്ചു എന്നു പറഞ്ഞല്ലോ. ജംഇയ്യത്തുൽ ഉലമ രംഗത്ത് സജീവമായി. കെ.എം. മൗലവി പ്രസിഡന്റും എം.സി.സി. അബ്ദുർറഹ്മാൻ മൗലവി സെക്രട്ടറിയുമായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കേരള ജംഇയ്യത്തുൽ ഉലമായുടെ മുഖപത്രമായി 1935ൽ അൽമുർശിദ് അറബി മലയാള മാസിക തിരൂരങ്ങാടിയിൽ നിന്ന് പ്രസിദ്ധീകരണമാരംഭിച്ചു. കെ.ജെ.യു.വിന്റെ കീഴിൽ പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജും അനാഥശാലയും സ്ഥാപിച്ചു. ഫാറൂഖിൽ അബുസ്സ്വബാഹ് അഹ്മദലി മൗലവി റൗദത്തുൽ ഉലൂം അറബിക്കോളേജും, അരീക്കോട്ട് എൻ.വി. അബ്ദുസ്സലാം മൗലവി സുല്ലമുസ്സലാം അറബിക്കോളേജും, അൻസ്വാറുല്ലാ സംഘം വളവന്നൂരിൽ അൻസ്വാർ അറബിക്കോളേജും സ്ഥാപിച്ചു. വേറെയും കോളേജുകളും സ്ഥാപനങ്ങളും ഉണ്ടായി.

1934 ജനുവരി 5ന് കെ.ജെ.യു.വിന്റെ പതിനൊന്നാം വാർഷികം പുളിക്കൽ മദ്റസതുൽ മുനവ്വറയിൽ ചേർന്നതായി അൽ മുർശിദ് അറബി മലയാള മാസികയിൽ കാണാം.

പന്ത്രണ്ടാം വാർഷികം വിപുലമായ നിലയിൽ ആഘോഷിച്ചു. മലപ്പുറം മക്കരപ്പറമ്പിനടുത്ത പുണർപ്പയിൽ 1936 ഫെബ്രുവരി 22, 23 തീയതികളിലായിരുന്നു ആ വാർഷിക സമ്മേളനം. ജമാലിയ കോളേജ് പ്രിൻസിപ്പാൾ അബ്ദുൽ ജലാൽ നദ്‌വി ആയിരുന്നു മുഖ്യാതിഥി. രണ്ടായിരത്തോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു. എം.സി.സി. ഹസൻ മൗലവി മക്കരപറമ്പിലെ പ്രമുഖ കുടുംബമായ വെങ്കിട്ട കുടുംബത്തിൽ നിന്നാണ് വിവാഹം ചെയ്തത്. ആ ബന്ധമായിരിക്കണം അവിടെ സമ്മേളന വേദിയാക്കാൻ കാരണം. (കരുവള്ളി മുഹമ്മദ് മൗലവി പുണർപ്പ സ്കൂളിൽ ചേർന്ന ആ സമ്മേളനത്തെപ്പറ്റി തന്റെ സ്മരണയിൽ നിന്നോർത്തെടുത്ത് എന്നോടു പറഞ്ഞിട്ടുണ്ട് എന്ന് കൂടി ചൂണ്ടിക്കാണിക്കട്ടെ).

കെ.ജെ.യു. പ്രസിഡന്റായി എൻ. മമ്മു മൗലവി(തൊടികപ്പുലം) (1933-34), മൗലവി അബ്ദുൽ വഹാബ് ബുഖാരി സാഹിബ് (1934-35), കെ.എം. മൗലവി (1935-50), മങ്കട ഉണ്ണീൻ മൗലവി (1950-53), പി.പി. ഉണ്ണി മുഹ്‌യിദ്ദീൻ കുട്ടി മൗലവി പുളിക്കൽ (1953-71), എം. ശെയ്ഖ് മുഹമ്മദ് മൗലവി-ഉഗ്രപുരം (1971-77), കെ. ഉമർ മൗലവി (1977-79), പി.സെയ്ദ് മൗലവി രണ്ടത്താണി (1979-82) എന്നിവർ സേവനമനുഷ്ഠിച്ചു.

1933 മുതൽ 1964 വരെ എം.സി.സി. അബ്ദുർറഹ്മാൻ മൗലവി തന്നെയായിരുന്നു സെക്രട്ടറി. അദ്ദേഹത്തിന്റെ കാലശേഷം കെ.എൻ ഇബ്റാഹീം മൗലവി സെക്രട്ടറി സ്ഥാനമേറ്റു. മദീനത്തുൽ ഉലൂം അറബിക്കോളേജ് പ്രിൻസിപ്പാളും കെ.എൻ.ഇ. ആയിരുന്നു.

**(അവസാനിച്ചില്ല)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം




**റസൂലും നബിയും തമ്മിൽ വ്യത്യാസമുണ്ടോ?
ചില പ്രവാചകന്മാരെ അംഗീകരിക്കുകയും മറ്റു ചിലരെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയാണോ?
ഒരു പഠനം.**

# പ്രവാചകന്മാർക്കിടയിൽ വിവേചനമരുത്

റസൂലും നബിയും തമ്മിലുള്ള വ്യത്യാസം: "നിനക്ക് മുമ്പ് ഏതൊരു ദൂതനെയും പ്രവാചകനെയും നാം അയച്ചിട്ട്, അദ്ദേഹം ഓതിക്കേൾപിക്കുന്ന സമയത്ത് ആ ഓതിക്കേൾപിക്കുന്ന കാര്യത്തിൽ പിശാച് (തന്റെ ദുർബോധനം) ചെലുത്തിവിടാതിരുന്നിട്ടില്ല..." (22:52). ഈ സൂക്തത്തിൽ 'റസൂൽ', 'നബി' എന്നീ രണ്ടു പദങ്ങളും വന്നിരിക്കുന്നു. ഇതിൽനിന്നു തന്നെ 'നബി'ക്കും 'റസൂലി'നും ഇടയിൽ ചെറിയ മാറ്റങ്ങളുണ്ടെന്ന് മനസ്സിലാക്കാം. ചില നബിമാർ നബിയും റസൂലും ആയിരുന്നെന്ന് ക്വുർആൻ പറയുന്നതായും കാണാം.

മൂസാ(عليه السلام): "വേദഗ്രന്ഥത്തിൽ മൂസായെപ്പറ്റിയുള്ള വിവരവും നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം നിഷ്കളങ്കനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു"(19:51).

ഇസ്മാഈൽ (عليه السلام): "വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു"(19:54).

ഇദ്‌രീസി(عليه السلام)നെ പരാമർശിക്കുമ്പോൾ നബിയായിരുന്നു എന്നേ ക്വുർആൻ പറയുന്നുള്ളൂ: "വേദഗ്രന്ഥത്തിൽ ഇദ്‌രീസിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു"(19:56).

നബിയും റസൂലും തമ്മിലുള്ള വ്യത്യാസം പണ്ഡിതന്മാർ വിവിധ രൂപത്തിൽ വിവരിക്കുന്നത് കാണാം. ശൈഖ് അൽബാനി(റഹി) സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹയിൽ അതെല്ലാം കൊടുത്തതിന് ശേഷം ഇപ്രകാരം പറയുന്നു: "നിർവചനത്തിൽ ബാക്കിയാകുന്നത് (ഇതാണ്): മുമ്പ് കഴിഞ്ഞുപോയ ശരീഅത്തിനെ അംഗീകരിച്ചുകൊണ്ട് നിയോഗിക്കപ്പെടുന്ന ആളാണ് നബി. എന്നാൽ റസൂൽ എന്നത് ഒരു ശരീഅത്തുമായി നിയോഗിക്കപ്പെടുകയും അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യുന്ന ആളാണ്. (ആ ശരീഅത്ത്) പുതിയതാണെങ്കിലും മുമ്പ് കഴിഞ്ഞുപോയതാണെങ്കിലും സമമാണ്."

നബിയും റസൂലും തമ്മിൽ വ്യത്യാസമുണ്ടെന്ന് ക്വുർആൻ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നു എന്ന് തുടക്കത്തിൽ സൂചിപ്പിച്ചുവല്ലോ. ശൈഖ് അൽബാനി(റഹി)യുടെ വിശദീകരണം തെളിവുകളോട് യോജിക്കുന്നതായി മനസ്സിലാക്കാം.

### എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കണം

അല്ലാഹുവിന്റെ മുഴുവൻ പ്രവാചകന്മാരിലും വിശ്വസിക്കാത്തവർ വിശ്വാസിയല്ല. പ്രവാചകന്മാരിൽ ചിലരെ പുകഴ്ത്തുകയും ചിലരെ ഇകഴ്ത്തുകയും ചെയ്യൽ പിഴച്ചുപോയവരുടെ സ്വഭാവമാണ്. സത്യവിശ്വാസികൾ അല്ലാഹുവിന്റെ മുഴുവൻ പ്രവാചകന്മാരിലും വേർതിരിവില്ലാതെ വിശ്വസിക്കുന്നവരാകുന്നു. അല്ലാഹു പറയുന്നു:

"തന്റെ രക്ഷിതാവിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണവരുടെ നിലപാട്). അവർ പറയുകയും ചെയ്തു:ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ, നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം"(2:285).

"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുകയും, അവരിൽ ആർക്കിടയിലും വിവേചനം കാണിക്കാതിരിക്കുകയും ചെയ്തവരാരോ അവരർഹിക്കുന്ന പ്രതിഫലം അവർക്ക് അല്ലാഹു നൽകുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു"(4:152).

നബിമാരിൽ പലരെയും അസാന്മാർഗികളായി പരിചയപ്പെടുത്തുന്ന ഭാഗങ്ങൾ ബൈബിളിൽ കാണാം. (ഇതിന് ഉദാഹരണങ്ങൾ വഴിയെ വരുന്നുണ്ട്). എന്നാൽ വിശുദ്ധ ക്വുർആൻ അവരെ മാതൃകാപുരുഷന്മാരായാണ് പരിചയപ്പെടുത്തുന്നത്. അവരെ അവഹേളിക്കുന്നതോ നിസ്സാരന്മാരായി കാണുന്നതോ ഇസ്‌ലാം അംഗീകരിക്കുന്നില്ല.

ജൂത-ക്രൈസ്തവർ ചില നബിമാരെ അംഗീകരിക്കുകയും മറ്റു ചിലരെ അവഗണിക്കുകയും ചെയ്തവരാണ്. എന്നാൽ അല്ലാഹു ഈ ലോകത്തേക്ക് അയച്ചിട്ടുള്ള മുഴുവൻ പ്രവാചകന്മാരെയും അംഗീകരിക്കുവാനും അവരെ ആദരിക്കുവാനുമാണ് ക്വുർആൻ മനുഷ്യരോട് ആവശ്യപ്പെടുന്നത്. അല്ലാഹുവിന്റെ ദൂതന്മാരിൽ ഒരാളെ വിശ്വസിക്കാതിരുന്നാൽ തന്നെ അത് മുഴുവൻ ദൂതന്മാരിലുമുള്ള അവിശ്വാസമാകും എന്നാണ് അല്ലാഹു പറയുന്നത്. ചില വചനങ്ങൾ കാണുക:

"നൂഹിന്റെ ജനത ദൈവദൂതന്മാരെ നിഷേധിച്ചു തള്ളി"(26:105).

"ആദ് സമുദായം ദൈവദൂതന്മാരെ നിഷേധിച്ചുതള്ളി"(26:123).



"ഥമൂദ് സമുദായം ദൈവദൂതന്മാരെ നിഷേധിച്ചുതള്ളി"(26:141).

നൂഹ് നബിعليه السلامയുടെ ജനത നൂഹ് നബിعليه السلامയെയും ആദ് സമൂദായം ഹൂദ് നബിعليه السلامയെയും ഥമൂദ് സമുദായം സ്വാലിഹ് നബിعليه السلامയെയും നിഷേധിച്ചതായിട്ടേ നമുക്ക് കാണാൻ കഴിയുന്നുള്ളൂ. പക്ഷേ, ക്വുർആൻ അവരെക്കുറിച്ച് പറഞ്ഞത് അവർ മുർസലുകളെ നിഷേധിച്ചു എന്നാണ്. അല്ലാഹുവിന്റെ ഒരു ദൂതനെ നിഷേധിച്ചാൽ മറ്റു നബിമാരെയും നിഷേധിച്ചതിന് തുല്യമാണെന്നർഥം. പ്രവാചകന്മാരെ നിഷേധിക്കുന്നവർ അവിശ്വാസികളാണെന്നതിന് തെളിവ് നൽകുന്ന ഒരു വചനം കാണുക:

"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും (വിശ്വാസ കാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാകുന്നു യഥാർഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്"(4:150,151).

### പ്രവാചകന്മാർ സൃഷ്ടികളിൽ ശ്രേഷ്ഠർ, പ്രവാചകന്മാരിൽ ശ്രേഷ്ഠർ റസൂലുകൾ

അല്ലാഹുവിന്റെ സൃഷ്ടികളിൽ എന്ത് തീരുമാനിക്കണമെന്നതും എന്തിന് ശ്രേഷ്ഠത നൽകണം എന്നുമെല്ലാം തീരുമാനിക്കാനുള്ള അവകാശം അവനിൽ മാത്രം നിക്ഷിപ്തമാണ്. കാരണം അവനാണല്ലോ സ്രഷ്ടാവ്. അല്ലാഹു പറയുന്നു.

"നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും അവർ പങ്കു

**മുഹമ്മദ് നബിﷺ അവസാനത്തെ നബിയാണെന്നതും ലോകാവസാനം വരെയുള്ളവർക്കെല്ലാമുള്ള നബിയാണെന്നതും അദ്ദേഹത്തിന്റെ മാത്രം സവിശേഷതയാണല്ലോ. മുഹമ്മദ് നബിക്ക് ശേഷം ഇനിയൊരു നബിയുണ്ടെന്ന് വിശ്വസിക്കുന്നവൻ കാഫിറാണെന്നതിൽ മുസ്‌ലിംകൾക്കിടയിൽ തർക്കമില്ല. ഇനിയുമൊരു പ്രവാചകൻ വരാം, അതിൽ അസാംഗത്യമൊന്നുമില്ല എന്ന് വിശ്വസിക്കുന്നത് പോലും കുഫ്‌റാണ്.**

ചേർക്കുന്നതിനെല്ലാം അതീതനുമായിരിക്കുന്നു"(28:68).

അല്ലാഹു ഭൂമിയിൽ എല്ലാ സ്ഥലത്തെക്കാളും ശ്രേഷ്ഠത മക്ക, മദീന, തുടങ്ങിയ സ്ഥലങ്ങൾക്ക് നൽകിയിട്ടുണ്ട്. അവയെ ആദരിക്കലും ബഹുമാനിക്കലും നമ്മുടെ മേൽ കടമയാക്കപ്പെട്ടതാണ്. ഹറമിൽ വെച്ച് വേട്ടയാടുന്നതും അക്രമം ചെയ്യുന്നതും പാടില്ലല്ലോ.

"തീർച്ചയായും സത്യത്തെ നിഷേധിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്നും മനുഷ്യർക്ക് -സ്ഥിരവാസിക്കും പരദേശിക്കും- സമാവകാശമുള്ളതായി നാം നിശ്ചയിച്ചിട്ടുള്ള മസ്ജിദുൽ ഹറാമിൽ നിന്നും ജനങ്ങളെ തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവരാരോ അവർ (കരുതിയിരിക്കട്ടെ). അവിടെവെച്ച് വല്ലവനും അന്യായമായി ധർമവിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന്ന് വേദനയേറിയ ശിക്ഷയിൽ നിന്നും നാം ആസ്വദിപ്പിക്കുന്നതാണ്"(22:25).

ദിവസങ്ങളിൽ വെള്ളി, ദുൽഹിജ്ജ 9 തുടങ്ങിയ ദിവസങ്ങൾ മറ്റു ദിനങ്ങളെക്കാളും, പള്ളികളിൽ മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്സ്വാ എന്നിവ മറ്റു പള്ളികളെക്കാളും, മാസങ്ങളിൽ റമദാൻ മറ്റു മാസങ്ങളെക്കാളും, രാവുകളിൽ ലൈലത്തുൽ ക്വദ്ർ മറ്റു രാവുകളെക്കാളും ശ്രേഷ്ഠത നൽകപ്പെട്ടവയാണ്. മനുഷ്യരിൽ സ്വിദ്ദീക്, ശുഹദാഅ്, സ്വാലിഹുകൾ എന്നിവർക്ക് മഹത്തായ സ്ഥാനമുണ്ടെങ്കിലും പ്രവാചകന്മാർക്ക് ലഭിച്ചിട്ടുള്ള ശ്രേഷ്ഠത അവരെക്കാൾ ഉയർന്നതാണ്.

"അവരെല്ലാവരെയും നാം ലോകരിൽ വെച്ച് ശ്രേഷ്ഠരാക്കിയിരിക്കുന്നു"(6:86).

അല്ലാഹു ശ്രേഷ്ഠമാക്കിയവരെക്കാൾ മറ്റുള്ളവർക്ക് നാം ശ്രേഷ്ഠത നൽകാൻ പാടില്ല. പ്രവാചകന്മാരെക്കാൾ മറ്റുള്ളവർക്ക് ശ്രേഷ്ഠത നൽകുന്ന വഴിപിഴച്ച കക്ഷികളെ നമുക്ക് കാണാം. ശിയാക്കൾ ഈ പിഴച്ച വിഭാഗത്തിൽ പെട്ടവരാണ്. അവർ അവരുടെ ഇമാമുകളെ പ്രവാചകന്മാരെക്കാളും മലക്കുകളെക്കാളും മഹാന്മാരായി കാണുന്നവരാണ്. അല്ലാഹുവിൽ ശരണം. ഖുമൈനി തന്റെ അൽ ഹുകൂമത്തുൽ ഇസ്‌ലാമിയ്യ എന്ന ഗ്രന്ഥത്തിൽ എഴുതുന്നത് കാണുക:

"നമ്മുടെ വീക്ഷണത്തിൽ അനിവാര്യമായും അറിഞ്ഞിരിക്കേണ്ടതിൽ പെട്ടതാണ്, തീർച്ചയായും അയക്കപ്പെട്ട നബിയോ (അല്ലാഹുവിലേക്ക്) ഏറ്റവും അടുത്തവരായ മലക്കുകളോ ഇമാമുകളുടെ പദവിയിലേക്ക് എത്തിയിട്ടില്ല എന്നത്."

മനുഷ്യരിൽ പ്രവാചകരാണ് ഏറ്റവും വലിയ ശ്രേഷ്ഠർ എന്ന് നാം മനസ്സിലാക്കി. പ്രവാചകന്മാർ എല്ലാവരും ഒരേ പദവിയിലല്ലയെന്നതും ഇതോടൊപ്പം മനസ്സിലാക്കേണ്ട ഒന്നാണ്. ക്വുർആൻ തന്നെ ആ കാര്യം വ്യക്തമാക്കുന്നത് ഇപ്രകാരമാണ്: "തീർച്ചയായും പ്രവാചകന്മാരിൽ ചിലർക്ക് ചിലരെക്കാൾ നാം ശ്രേഷ്ഠത നൽകിയിട്ടുണ്ട്. ദാവൂദിന് നാം സബൂർ എന്ന വേദം നൽകുകയുണ്ടായി"(17:55).

നബിയും റസൂലും പദവിയിലും ശ്രേഷ്ഠതയിലും തുല്യരല്ല. റസൂൽ നബിമാരെക്കാൾ ശ്രേഷ്ഠരാണ്. ഇതിലേക്ക് സൂചന നൽകുന്ന വചനം കാണുക: "ആ ദൂതന്മാരിൽ ചിലർക്ക് നാം മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹു (നേരിൽ) സംസാരിച്ചവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്കുയർത്തിയിട്ടുണ്ട്. മർയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് നാം പിൻബലം നൽകുകയും ചെയ്തിട്ടുണ്ട്"(2:253).

എല്ലാ റസൂലുകളും ഒരേ പദവിയിലുള്ളവരല്ല. 'ഉലുൽ അസ്മ്'(ദൃഢമനസ്കരായ ദൈവദൂതന്മാർ) എന്ന് അറിയപ്പെടുന്ന അഞ്ച് റസൂലുകൾ മറ്റു റസൂലുകളെക്കാൾ ശ്രേഷ്ഠരാണ്. അല്ലാഹു നബിﷺയോട് പറയുന്നത് കാണുക: "ആകയാൽ ദൃഢമനസ്കരായ ദൈവദൂതന്മാർ ക്ഷമിച്ചതു പോലെ നീ ക്ഷമിക്കുക"(46:35). ഇവർക്ക് പ്രത്യേകതയുണ്ടെന്ന് ഈ വചനത്തിൽ നിന്ന് നമുക്ക് ഗ്രഹിക്കാം. അതിനാലാണ് ഉലുൽ അസ്മിൽ പെട്ട ദൂതന്മാരെ പ്രത്യേകം എടുത്തു പറഞ്ഞത്. ഇവർ അഞ്ചുപേരാണെന്നാണ് ക്വുർആനിൽ നിന്ന് മനസ്സിലാകുന്നത്. ഈ അഞ്ച് റസൂലുകൾ ആരാണെന്നും വിശുദ്ധ ക്വുർആൻ പറഞ്ഞിട്ടുണ്ട്. നൂഹ് عليه السلام, ഇബ്‌റാഹീംعليه السلام, മൂസാعليه السلام, ഈസാعليه السلام, മുഹമ്മദ് നബിﷺ എന്നിവരാണവർ. ഈ പേരുകൾ ഒരേ സ്ഥലത്ത് പറഞ്ഞത് നമുക്ക് വിവിധ സ്ഥലങ്ങളിൽ കാണാം.

"നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്‌റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു"(42:13).

"പ്രവാചകന്മാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിന്റെ പക്കൽ നിന്നും, നൂഹ്, ഇബ്‌റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം)"(33:7).

ഈ അഞ്ച് റസൂലുകളും ഒരേ പദവിയുള്ളവരല്ല. മുഹമ്മദ് നബിﷺക്ക് മറ്റു നാലു റസൂലുകളെക്കാളും

ശ്രേഷ്ഠതയുണ്ട്.

മുഹമ്മദ് നബിﷺ അവസാനത്തെ നബിയാണെന്നതും ലോകാവസാനം വരെയുള്ളവർക്കെല്ലാമുള്ള നബിയാണെന്നതും അദ്ദേഹത്തിന്റെ മാത്രം സവിശേഷതയാണല്ലോ. മുഹമ്മദ് നബിക്ക് ശേഷം ഇനിയൊരു നബിയുണ്ടെന്ന് വിശ്വസിക്കുന്നവൻ കാഫിറാണെന്നതിൽ മുസ്‌ലിംകൾക്കിടയിൽ തർക്കമില്ല. ഇനിയുമൊരു പ്രവാചകൻ വരാം, അതിൽ അസാംഗത്യമൊന്നുമില്ല എന്ന് വിശ്വസിക്കുന്നത് പോലും കുഫ്‌റാണ്.

മുപ്പതോളം കള്ളപ്രവാചകന്മാർ നബിയാണെന്ന് വാദിച്ച് രംഗത്ത് വരുമെന്ന് നബിﷺ തന്നെ പ്രവചിച്ചിട്ടുണ്ട്. മുഹമ്മദ് നബിﷺക്ക് ശേഷം പലരും പ്രവാചകത്വം വാദിച്ചതായി ചരിത്രത്തിൽ കാണാം. യമാമയിലെ മുസൈലിമ, അസ്‌വദുൽ അനസി, സജാഹ് എന്ന പേരുള്ള ഒരു സ്ത്രീ... ഇവരെല്ലാം ചില ഉദാഹരണങ്ങളാണ്. അതുപോലെ ബഹാഇകൾ ബഹാഉല്ലാ നബിയാണെന്ന് വാദിക്കുന്നവരാണ്.

ഇതു പോലെ രംഗത്തുവന്ന ഒരു വ്യാജ പ്രവാചകനാണ് പഞ്ചാബിലെ ഖാദിയാനിൽ ജനിച്ച മിർസാ ഗുലാം അഹ്മദ്. എന്നാൽ നമ്മൾ (അഹ്‌ലുസ്സുന്ന) വിശ്വസിക്കുന്നത് മുഹമ്മദ് നബിﷺക്കു ശേഷം ഒരു നബിയും വരില്ല എന്നാണ്. മിർസാ ഗുലാം ഒരു 'നിഴൽ നബി'യാണ്, അവസാനമായി വരുന്ന മസീഹാണ് എന്നിങ്ങനെ പലവിധ വാദങ്ങളാണ് അഹ്മദിയാക്കൾക്കുള്ളത്. ഈസാعليه السلام വരുന്നത് ഒരു പുതിയ നബിയായിട്ടല്ല. മാത്രവുമല്ല, ഈസാعليه السلام പുതിയ ഒരു ശരീഅത്തും കൊണ്ടുവരില്ല. മുഹമ്മദ് നബിﷺയുടെ ശരീഅത്തിലായിട്ടാണ് അദ്ദേഹം വരുന്നത്. അദ്ദേഹം വരുന്ന സ്ഥലവും നബിﷺ വ്യക്തമാക്കിയിട്ടുണ്ട്. ഇമാം മഹ്ദി സ്വുബ്ഹി നമസ്കാരത്തിന് നിൽക്കുമ്പോൾ ഈസാعليه السلامയെ കാണും, അപ്പോൾ മഹ്ദി ഇമാമായി നിൽക്കാൻ ഈസാعليه السلامയോട് ആവശ്യപ്പെടും, ഇസാعليه السلام മഹ്ദിയോട് തന്നെ നിൽക്കാൻ ആവശ്യപ്പെടും എന്നെല്ലാം നബിﷺ വിവരിച്ചുതന്നിട്ടുണ്ട്.

പ്രവാചകന്മാർ മുഴുവനും ശ്രേഷ്ഠന്മാരാണല്ലോ. നബിമാരിൽ ഒരാളെയും മോശമാക്കി സംസാരിക്കാൻ പാടില്ല. ഒരു ക്രിസ്ത്യാനി മുസ്‌ലിമായ ഒരാളോട് നിങ്ങളുടെ നബി ഇങ്ങനെയും ഇങ്ങനെയുമൊക്കെയല്ലേ എന്ന് പറഞ്ഞു നിന്ദിച്ചാൽ പോലും നിങ്ങളുടെ ഈസാ ഇങ്ങനെയല്ലേ എന്ന് മുസ്‌ലിമിന് തിരിച്ചു ചോദിക്കാൻ പാടില്ല. ഏതെങ്കിലും നബിയെ മോശമാക്കി സംസാരിക്കുന്നത് കുഫ്‌റാണ്. ഒരു നബിയെയും മോശമായി അവതരിപ്പിക്കാൻ നമുക്ക് പാടില്ല. നബിﷺ പറഞ്ഞു.

"അല്ലാഹുവിന്റെ പ്രവാചകന്മാർക്കിടയിൽ നിങ്ങൾ ശ്രേഷ്ഠതകൊണ്ട് വിവേചനം കാണിച്ചു സംസാരിക്കരുത്"(ബുഖാരി, മുസ്‌ലിം).

ഇബ്നു ഹജറുൽ അസ്ക്വലാനിرحمه الله ഫത്ഹുൽ ബാരിയിൽ പറയുന്നു: "പ്രവാചകന്മാർക്കിടയിൽ ശ്രേഷ്ഠത കൽപിക്കുന്നത് നബിﷺ വിരോധിച്ചതിനെക്കുറിച്ച് പണ്ഡിതന്മാർ പറയുന്നു: നബിﷺ സ്വന്തം അഭിപ്രായംകൊണ്ട് അങ്ങനെ സംസാരിക്കുന്നവനെയാണ് വിലക്കിയിട്ടുള്ളത്; തെളിവുകൊണ്ട് സംസാരിക്കുന്നവനെയല്ല. അല്ലെങ്കിൽ ശ്രേഷ്ഠത നൽകപ്പെട്ട നബിയുടെ ശ്രേഷ്ഠത കുറക്കുന്നതിലേക്ക് നയിക്കുന്നതോ, തർക്കത്തിലേക്കും അഭിപ്രായ വ്യത്യാസത്തിലേക്കും എത്തിക്കുന്ന രൂപത്തിൽ സംസാരിക്കുന്നതോ ആണ് വിലക്കിയിട്ടുള്ളത്." ഇതിന് ബലം നൽകുന്ന ഒരു ഹദീസ് കാണുക.

അബൂഹുറയ്റرضي الله عنه നിവേദനം: "ഒരു ജൂതൻ തന്റെ കച്ചവട വസ്തു വിൽപനക്ക് പ്രദർശിപ്പിക്കുമ്പോൾ അതിന് ചെറിയ വില നൽകപ്പെട്ടു. അത് അയാൾക്ക് ഇഷ്ടമായില്ല. അല്ലെങ്കിൽ വെറുത്തു. (റിപ്പോർട്ടർമാരിലെ അബ്ദുൽ അസീസ്رحمه اللهവിന്റെ സംശയം). അയാൾ പറഞ്ഞു: 'ഇല്ല, (ഈ വിലയ്ക്ക് ഞാനിത് തരികയില്ല). മൂസയെ സകല മനുഷ്യരെക്കാൾ ശ്രേഷ്ഠനായി തെരഞ്ഞടുത്തയച്ച അല്ലാഹുവിനെ തന്നെ സത്യം!' അബൂഹുറയ്റرضي الله عنه പറയുന്നു: 'ഇത് ഒരു അൻസ്വാരി കേട്ട് അയാളുടെ മുഖത്തടിച്ചു. അദ്ദേഹം (അൻസ്വാരി) പറഞ്ഞു. സകല മനുഷ്യരെക്കാളും ശ്രേഷ്ഠനായി മൂസയെ തെരഞ്ഞെടുത്ത അല്ലാഹുവിനെത്തന്നെ സത്യം എന്ന് നീ പറയുന്നുവോ, റസൂൽﷺ ഞങ്ങളിൽ ഉണ്ടായിരിക്കെ?! അപ്പോൾ ആ ജൂതൻ പ്രവാചകന്റെ അടുത്തേക്ക് പോയി. എന്നിട്ട് പറഞ്ഞു: 'അബുൽ ക്വാസിം! എനിക്ക്(ലഭിക്കേണ്ട) സംരക്ഷണ ചുമതലയും (നമ്മൾ തമ്മിൽ) കരാറുമുണ്ട്.' പിന്നെ അയാൾ പറഞ്ഞു: 'ഇന്നയാൾ എന്റെ മുഖത്തടിച്ചു.' റസൂൽﷺ ചോദിച്ചു: 'എന്തിനാണ് നീ ഇവന്റെ മുഖത്ത് അടിച്ചത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, മൂസയെ സകല മനുഷ്യരെക്കാളും ശ്രേഷ്ഠനാക്കി തെരഞ്ഞടുത്ത അല്ലാഹുവിനെ തന്നെ സത്യം എന്ന് അവൻ പറഞ്ഞു; അങ്ങ് ഞങ്ങളിൽ ഉണ്ടായിരിക്കെ.' അപ്പോൾ റസൂൽﷺ ദേഷ്യപ്പെട്ടു. അവിടുത്തെ മുഖത്ത് കോപം പ്രകടമായി. പിന്നീട് അവിടുന്ന് പറഞ്ഞു: 'പ്രവാചകന്മാർക്കിടയിൽ നിങ്ങൾ ശ്രേഷ്ഠത കൊണ്ട് വിവേചനം കാണിക്കരുത്. കാരണം, സ്വൂറിൽ ഊതപ്പെടും. ആകാശഭൂമികളിൽ ഉള്ളവർ മുഴുവൻ ബോധരഹിതരായി വീഴും; അല്ലാഹു ഉദ്ദേശിച്ചവർ ഒഴികെ. പിന്നെ വീണ്ടും അതിൽ ഊതപ്പെടും. അപ്പോൾ ആദ്യം എഴുന്നേൽക്കുന്നവരിൽ ഞാനാണ്–അല്ലെങ്കിൽ ആദ്യം എഴുന്നേൽക്കുന്നവരിൽ ഞാനുണ്ട്. അപ്പോഴതാ മൂസാ അർശിനെ പിടിച്ചുനിൽക്കുന്നു. ത്വൂർ പർവതത്തിന്റെ സമീപത്ത് വെച്ച് അദ്ദേഹം ബോധക്ഷയനായി വീണത് കൊണ്ട് മതിയാക്കപ്പെട്ടുവോ അതല്ല എനിക്ക് മുമ്പ് ബോധമുണർന്നതാണോ എന്ന് എനിക്ക് അറിയില്ല. ഒരാളും തന്നെ യൂനുസ്ബ്നു മത്തായെക്കാൾ ശ്രേഷ്ഠനാണെന്നു പോലും ഞാൻ പറയില്ല" (മുസ്‌ലിം).

ഈ ഹദീസിനെ കുറിച്ച് പണ്ഡിതന്മാർ പറയുന്നത് കാണുക: "ഇത് നബിﷺയുടെ വിനയത്തിന്റെ ഭാഗത്തിൽ പെട്ടതാണ്. നബിﷺ ലോകരിൽ ശ്രേഷ്ഠനാണെന്നതിൽ ഇജ്മാഅ് ഉള്ളതാണല്ലോ. അല്ലെങ്കിൽ നബിﷺ (ഒരാളെ താഴ്ത്തി മറ്റൊരാളെ) ശ്രേഷ്ഠമാക്കുന്നതിനെ വിരോധിച്ചത് അത് വർഗീയതയിലേക്ക് എത്തുന്നത് കൊണ്ടാണ്." ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com





# നവാതിഥിക്ക് അല്ലാഹു നൽകുന്ന അമൃത്

ഭൂമിയുടെ അപരിചിതത്വത്തിലേക്ക് കടന്നുവരുന്ന നവാഗതനായ അതിഥിക്ക് പ്രപഞ്ച സ്രഷ്ടാവ് ഒരുക്കി വെച്ച 'വെൽക്കംഡ്രിങ്കാ'ണ് മുലപ്പാൽ. ചിന്തിക്കുന്ന മനുഷ്യന് ധാരാളം ദൃഷ്ടാന്തങ്ങൾ കണ്ടെത്താവുന്ന ഒന്നാണിത്. ഒരു സർവ സമീകൃതാഹാരം! മറ്റു ഭക്ഷ്യവസ്തുക്കൾ കഴിക്കാനുള്ള പല്ലുകളും ദഹിക്കാനുള്ള സംവിധാനവും ഇല്ലാത്ത നവാഗതശിശുവിന് ഏറ്റവും അനുയോജ്യമായ ആഹാരം.

മുലയൂട്ടുന്ന മനുഷ്യേതര ജീവികളുടെ മുലപ്പാലിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തമാണ് മനുഷ്യന്റെ മുലപ്പാൽ. ആനയെ പോലുള്ള വലിയ ജീവികളുടെ മുലപ്പാലിൽ ശാരീരിക വളർച്ചക്ക് ഉപയുക്തമായ ഘടകങ്ങളാണ് കൂടുതൽ അടങ്ങിയിട്ടുള്ളതെങ്കിൽ സ്ത്രീയുടെ മുലപ്പാൽ തലയും തലച്ചോറും കൂടുതൽ വളരാൻ ആവശ്യമായ മൂലകങ്ങളും ഘടകങ്ങളുമടങ്ങിയതാണെന്നറിയുമ്പോഴാണ് മുലയൂട്ടലിന്റെ പ്രാധാന്യവും സ്രഷ്ടാവിന്റെ കാരുണ്യവും ഒരുപോലെ നമുക്കുൾക്കൊള്ളാൻ കഴിയുക.

സ്ത്രീ പുരുഷന്മാരെ വിവാഹത്തിലൂടെ കണ്ണിചേർത്ത് കുടുംബബന്ധമെന്ന സ്ഥാപനത്തിൽ സുരക്ഷിതമായി കുടിയിരുത്തി ഒരു ഉത്തമ സമൂഹസൃഷ്ടിക്ക് അനുയോജ്യമായ ഉത്തരവാദിത്തങ്ങൾ ഇരുവർക്കും നൽകി. അതിന്റെ ഭാഗമായി കുടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തം പുരുഷന് നൽകി.ഗർഭം ചുമക്കുക, പ്രസവിക്കുക, കുഞ്ഞിനെ മുലയൂട്ടുക പോലുള്ള ഉത്തരവാദിത്തങ്ങൾ സ്ത്രീയെ ഏൽപിച്ചു.

അല്ലാഹു പറയുന്നു: "മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ട് കൊല്ലം മുലകൊടുക്കേണ്ടതാണ്. (കുട്ടിയുടെ) മുലകുടി പൂർണമാകണം എന്ന് ഉദ്ദേശിക്കുന്നവർക്കത്രെ ഇത്. അവർക്ക് (മുലകൊടുക്കുന്ന മാതാക്കൾക്ക്) മര്യാദയനുസരിച്ച് ഭക്ഷണവും വസ്ത്രവും നിൽകേണ്ടത് കുട്ടിയുടെ പിതാവിന്റെ ബാധ്യതയാകുന്നു. എന്നാൽ ഒരാളെയും അയാളുടെ കഴിവിലുപരി നൽകാൻ നിർബന്ധിക്കരുത്. ഒരു പിതാവിനും ദ്രോഹം നേരിടരുത്. (പിതാവിന്റെ അഭാവത്തിൽ അയാളുടെ) അവകാശികൾക്കും (കുട്ടിയുടെ കാര്യത്തിൽ) അതുപോലുള്ള ബാധ്യതകളുണ്ട്. ഇനി അവരിരുവരും തമ്മിൽ കൂടിയാലോചിച്ച് തൃപ്തിപ്പെട്ടുകൊണ്ട് (കുട്ടിയുടെ) മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അവർ ഇരുവർക്കും കുറ്റമില്ല. ഇനി നിങ്ങളുടെ കുട്ടിക്ക് (മറ്റാരെക്കൊണ്ടെങ്കിലും) മുലകൊടുപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അതിലും നിങ്ങൾക്ക് കുറ്റമില്ല. (ആ പോറ്റുമ്മമാർക്ക്) നിങ്ങൾ നൽകേണ്ടത് മര്യാദയനുസരിച്ച് കൊടുത്തുതീർക്കുകയാണെങ്കിൽ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അല്ലാഹു കണ്ടറിയുന്നുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുക" (അൽബക്വറ:233).

കേവലം മുലയൂട്ടേണ്ടുന്ന കാലാവധി സൂചിപ്പിക്കുകയോ മുലയൂട്ടണമെന്ന് കൽപിക്കുകയോ മാത്രമല്ല ഈ വചനത്തിലൂടെ അല്ലാഹു ചെയ്യുന്നത്. അതിന് വിഘാതമുണ്ടാക്കുന്ന വിവാഹമോചനം, രോഗം മൂലമോ, മരണം മൂലമോ മറ്റോ മാതാവിന്റെ അസാന്നിധ്യമുണ്ടായാൽ പോലും കുഞ്ഞിന് ലഭിക്കേണ്ട മുലയൂട്ടൽ അവകാശം ലഭ്യമാകാനാവശ്യമായ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നിയമ നിർദേശങ്ങളും സമീപന രീതികൾ എന്നിവ പോലും ഈ വചനത്തിലൂടെ അല്ലാഹു വിശദമാക്കുന്നുണ്ട്. അല്ലാഹുവിനെ സൂക്ഷിക്കണമെന്നും നിങ്ങളുടെ പ്രവൃത്തികൾ അവന്റെ നിരീക്ഷണത്തിലാണെന്നും പറഞ്ഞ് ഈ സൂക്തം അവസാനിക്കുമ്പോൾ അതിൽ അമാന്തം കാണിക്കുന്നവർക്കുള്ള താക്കീതു കൂടി പ്രകടമാണ്.

വിവാഹമോചനം വരുത്തുന്ന പരസ്പര വിദ്വേഷസാഹചര്യം പോലും ഈ വിഷയത്തെ സ്വാധീനിക്കാൻ പാടില്ലാത്തതാണ്. അതിനാൽ മുലയൂട്ടാൻ മാതാവ് തയ്യാറാവണമെന്നും അതിന് ആവശ്യമായ ചെ

ലവ് പ്രത്യേകം പിതാവിന്റെ അടുക്കൽ നിന്ന് വസൂലാക്കാവുന്നതുമാണെന്നും, ഒരു നിലയ്ക്കും മാതാവ് തയ്യാറാവാത്ത അവസ്ഥ വന്നാൽ കൂലികൊടുത്തെങ്കിലും മറ്റൊരാളെ കണ്ടെത്തണമെന്നും ക്വുർആൻ കണിശമായി പറയുമ്പോൾ നിസ്സാര കാരണങ്ങളുടെ പേരിൽ പോലും കുപ്പിപ്പാലിൽ പരിഹാരം കണ്ടെത്തുന്ന സ്ത്രീകളുടെ കാര്യം പരലോകത്ത് എന്താവുമെന്നത് ചിന്തനീയമാണ്.

മാതൃത്വത്തിന്റെ അണമുറിയാത്ത, മുറിക്കാൻ കഴിയാത്ത ബന്ധത്തിന്റെ അടയാളം കൂടിയാണ് മുലയൂട്ടൽ. മുലപ്പാൽ കുഞ്ഞിന് പോഷകമാവുന്നത് പോലെ, മുലയൂട്ടുന്ന മാതാവിൽനിന്ന് കുഞ്ഞിലേക്ക് സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും കാരുണ്യത്തിന്റെയും വികാരമാണ് പ്രസരിക്കുന്നത്. ലോകാവസാനത്തിന്റെ ഭീകരത മനുഷ്യന് ബോധ്യപ്പെടുത്താൻ അല്ലാഹു എടുത്തു കാണിക്കുന്ന വിവിധ രംഗങ്ങളിൽ ഒന്ന് മുലയൂട്ടുന്ന മാതാവ് തന്റെ കുഞ്ഞിനെക്കുറിച്ച് അശ്രദ്ധയിലായിപ്പോകുമെന്നാണ്. അല്ലാഹു പറയുന്നു: "മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും" (അൽഹജ്ജ്: 1-2).

മുലയൂട്ടുന്ന മാതാവിന്റെയും തന്റെ കുഞ്ഞിന്റെയും ഇടയിൽ വളർന്ന് പന്തലിക്കുന്ന ആത്മ ബന്ധത്തിന്റെ ശക്തി മനസ്സിലാക്കാൻ ഇതിലും വലിയ ഒരു ഉദാഹരണമില്ല.

നാട്ടിൽ സുരക്ഷിതത്വം പൂർണമായി നഷ്ടപ്പെടുകയും ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ പിടിച്ച് കൊന്നുകളയുകയും ചെയ്യുന്ന അതിഭീകരമായ ഒരു ചുറ്റുപാട് നിലനിന്ന ഫറോവയുടെ ഭരണകാലത്ത് മൂസാﷺയെ സുരക്ഷിതമാക്കാൻ അല്ലാഹു ഏർപെടുത്തിയ സംവിധാനത്തെ കുറിച്ച് നാം വിശുദ്ധ ക്വുർആനിൽ വായിക്കുന്നുണ്ട്. കുട്ടിയെ പെട്ടിയിലാക്കി അല്ലാഹുവിന്റെ കൽപന ശിരസ്സാവഹിച്ച് നൈലിന്റെ ഒഴുക്കിലേക്ക് വെച്ചുകൊടുക്കുന്നു. സംരക്ഷണം അല്ലാഹു ഏറ്റെടുക്കുന്നു. ആ കുഞ്ഞിന് മാതാവിന്റെ മുലപ്പാൽ തന്നെ ലഭിക്കാനുള്ള അവസരം സ്രഷ്ടാവ് ഒരുക്കിവെക്കുന്നു!

സ്വന്തം മാതാവിന്റെ മുലപ്പാൽ കിട്ടാനുള്ള അവസരം നഷ്ടമാക്കിക്കൂടാ എന്നർഥം. മറ്റൊന്നും അതിന് പകരമാകില്ല. കാരണം അല്ലാഹു അതിൽ ഭൗതികവും ആത്മീയവുമായി നമുക്കറിയുന്നതും അറിയാത്തതുമായ പലതും ഒളിപ്പിച്ച് വെച്ചിട്ടുണ്ട്. എന്നാൽ അനിവാര്യമെങ്കിൽ മറ്റൊരു സ്ത്രീയെ അതിന് തിരഞ്ഞെടുക്കാം. മുലയൂട്ടലാകുന്ന മഹനീയ ദൗത്യം നിർവഹിക്കുന്ന അന്യയായ ആ സ്ത്രീയെ ഇസ്‌ലാം തന്മൂലം യഥാർഥ മാതാവിന്റെ സ്ഥാനത്തേക്കുയർത്തുന്നു. രക്തബന്ധം പോലെ ആ ബന്ധത്തെ പവിത്രമാക്കുന്നു. മാതാവിന്റെ മഹാദൗത്യം നിർവഹിച്ചതിനാൽ അവർ മാതാവും അവരുടെ മക്കൾ വിവാഹബന്ധം പാടില്ലാത്ത വിധം സഹോദര- സഹോദരിമാരും ആയിത്തീരുകയും ചെയ്യുന്നു. അഥവാ ഇസ്‌ലാം അവർക്ക് ആ പദവി നൽകുന്നു. അല്ലാഹു പറയുന്നു: "നിങ്ങളെ മുലകുടിപ്പിച്ച പോറ്റുമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാ മാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു." (അന്നിസാഅ്: 23).

ഇമാം അഹ്മദ് ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഗാമിദിയാ ഗോത്രത്തിലെ ഒരു സ്ത്രീ വ്യഭിചാരക്കുറ്റം സ്വയം ഏറ്റുപറഞ്ഞ് ശിക്ഷ ചോദിച്ചുവാങ്ങിയ സംഭവം പറയുന്നുണ്ട്. അന്നേരം അവർ ഗർഭിണിയായിരുന്നു. നബിﷺ അവരോട് പ്രസവം കഴിഞ്ഞ് വരാൻ പറഞ്ഞു. പ്രസവാനന്തരം കുഞ്ഞിനെയുംകൊണ്ട് വന്ന് തന്റെ ശിക്ഷ നടപ്പാക്കാൻ ആവശ്യപ്പെട്ടപ്പോൾ തിരിച്ച് പോയി മറ്റു ഭക്ഷണം കഴിക്കാൻ ആകുന്നതുവരെ കുഞ്ഞിന് മുലയൂട്ടുവാനാണ് നബിﷺ കൽപിച്ചത്.

മാതാവിന്റെ മുലപ്പാലിന് പകരം മൃഗത്തിന്റെ പാൽ നൽകുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്ന കാര്യങ്ങൾ മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. മൃഗത്തിന്റെ മുലപ്പാലിൽ അടങ്ങിയ പല മൂലകങ്ങളും കുഞ്ഞിന്റെ വളർച്ചയിൽ പ്രത്യാഘാതമുണ്ടാക്കുന്നതാണ്; പ്രത്യേകിച്ച് ആദ്യത്തെ ഒരു വർഷം. അത്പോലെ പ്രസവിച്ച ഉടൻ വരുന്ന കൊഴുപ്പുള്ള മഞ്ഞപ്പാൽ യാതൊരു കാരണവശാലും നിഷേധിക്കരുത്. കുഞ്ഞിന് അത്യാവശ്യമുള്ള ഒരുപാട് ഘടകങ്ങൾ നിറഞ്ഞ ഈ അമൃത് പിഴിഞ്ഞ് ഒഴിവാക്കുന്ന ഒരു രീതി ഉണ്ടായിരുന്നത് കേട്ടിട്ടുണ്ട്. പ്രസവിച്ച് അരമണിക്കൂറിനുള്ളിലും സിസേറിയനാണെങ്കിൽ ഒരു മണിക്കൂറിനുള്ളിലും പാലൂട്ടാം. ഗർഭപാത്രം വേഗത്തിൽ ചുരുങ്ങുന്നതിനും രക്തസ്രാവം കുറക്കുന്നതിനും നേരത്തെയുള്ള മുലയൂട്ടൽ സഹായകമാണ്. രണ്ട് വർഷമെങ്കിലും കൃത്യമായി മുലയൂട്ടുന്നത് അമ്മയുടെ ശരീരഭാരം ഗർഭത്തിന് മുമ്പുള്ള അവസ്ഥയിലേക്ക് തിരിച്ചെത്തിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു.

അല്ലാഹുവിന്റെ മതം പതിനാല് നൂറ്റാണ്ട് മുമ്പ് മനുഷ്യന് നൽകിയ മാർഗദർശനം എത്ര കൃത്യവും സുരക്ഷിതവുമാണ്! പക്ഷേ, നമ്മുടെ ന്യൂ ജനറേഷൻ മാതാക്കളെ മുലയൂട്ടലിലേക്ക് തിരിച്ച് കൊണ്ട് വരാൻ ഏതെങ്കിലും ആരോഗ്യമാസികയിലെ ലേഖനങ്ങൾ വേണ്ടിവരുന്നു! ഡോക്ടർമാർ പറയുമ്പോൾ തോന്നുന്ന ഗാംഭീര്യം എന്ത്കൊണ്ടോ അല്ലാഹുവും റസൂലും പറഞ്ഞത് കേൾക്കുമ്പോൾ ഉണ്ടാകാതിരിക്കുന്നത് കേവലം അജ്ഞത മാത്രമല്ല, വിശ്വാസത്തിന്റെ ദൗർബല്യവും കൂടിയാണ് എന്ന് നാം ഭയപ്പെടണം.

കുഞ്ഞ് ജനിച്ച ശേഷം ആദ്യരണ്ടുവർഷത്തിലെ ഇസ്‌ലാമിക പാരന്റിംഗിലെ മുഖ്യ ദൗത്യം മുലയൂട്ടൽ തന്നെയാണ്. അമ്മിഞ്ഞപ്പാൽ അമൃതിന് തുല്യം എന്നാണല്ലോ ചൊല്ല്! നവാഗതനായ അതിഥിക്ക് സ്രഷ്ടാവ് തന്നെ പ്രത്യേകം ഒരുക്കിവെച്ച ഈ അമൃത് നൽകുക എന്നതാണ് മാതാവിന്റെ പ്രധാന കടമ. അതിനെന്തിന് മടി കാണിക്കണം?

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# അഗ്നിയിൽ പാറിവീഴുന്ന ഇയ്യാംപാറ്റകൾ

**സ്വഫിയ്യ ﷺ നിവേദനം: നബി ﷺ പറഞ്ഞു: "വല്ലവനും ജ്യോത്സ്യന്റെ അടുത്തു ചെല്ലുകയും എന്തെങ്കിലും ചോദിക്കുകയും അവൻ പറഞ്ഞതിനെ സത്യപ്പെടുത്തുകയും ചെയ്താൽ അവന്റെ നാൽപതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല" (മുസ്‌ലിം)**

**ഭാ**വിയെപ്പറ്റി ചിന്തിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുന്ന ഏക ജീവി മനുഷ്യനാണ്. നല്ലൊരു ജോലി ലഭിക്കുമോ? വിവാഹം എന്നു നടക്കും? തന്റെ ആശകളെല്ലാം സഫലമാകുമോ? ദീർഘായുസ്സുണ്ടാകുമോ? വല്ല വിപത്തും നേരിടേണ്ടിവരുമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ ഉള്ളിൽ വെച്ചുകൊണ്ടുനടക്കുന്നവനാണ് മനുഷ്യൻ. അതിന്റെയെല്ലാം ഉത്തരമറിയാൻ അടങ്ങാത്ത കൊതി അവനുണ്ടായിരിക്കും. അതുകൊണ്ടുതന്നെ അതെല്ലാം പ്രവചിക്കുന്നവരുണ്ടെന്നു കേൾക്കുമ്പോൾ അവരുടെയടുക്കലേക്ക് അവൻ ഓടിച്ചെല്ലുന്നു; വിളക്കു കണ്ട ഇയ്യാംപാറ്റകളെപ്പോലെ.

ജ്യോത്സ്യനോ, കൈനോട്ടക്കാരനോ, മുഖലക്ഷണം പറയുന്നവനോ, ആൾദൈവം ചമഞ്ഞു നടക്കുന്നവനോ, കപടസിദ്ധനോ... ഇങ്ങനെയുള്ള ആരുമാവട്ടെ അവന് കാണപ്പെട്ട ദൈവമായിത്തീരുന്നു. അവരുടെ വായിൽനിനും തന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനം കേൾക്കാൻ അവൻ അത്യാർത്തി കാണിക്കുന്നു. സന്തോഷകരമായ പ്രവചനങ്ങൾ കേൾക്കുമ്പോൾ അവൻ സംതൃപ്തനാകുന്നു. നിശ്ചിത ഫീസിനെക്കാൾ വലിയ തുക നൽകി പ്രവചനക്കാരെ പ്രീതിപ്പെടുത്താൻ അവൻ തയാറാവുന്നു. അൽപം മോശമാണ് ഭാവി എന്ന നിലയ്ക്കാണ് പ്രവചനമെങ്കിലോ? അതിന് പരിഹാരക്രിയകൾ ചെയ്യണം! ഒരുപാട് ചെലവുവരും. സാരമില്ല. ദോഷം നീങ്ങിക്കിട്ടേണ്ടേ? പണച്ചെലവുകരുതി ഒന്നും ചെയ്യാതിരുന്നാൽ മുടിഞ്ഞുപോകില്ലേ! അവിടെയും മെച്ചം ഭാവി പ്രവചിച്ചവന്.

ഇങ്ങനെ ഭാവിയെക്കുറിച്ചുള്ള വ്യാകുലതകളും മോഹങ്ങളുമായി പണവും ജീവിതവും തുലയ്ക്കുന്ന ഇയ്യാംപാറ്റകൾ നമുക്കു ചുറ്റും എമ്പാടുമുണ്ട്. ജാതകമൊക്കാത്തതിനാൽ വിവാഹം മുടങ്ങുന്നു. നല്ല മുഹൂർത്തം കാണാത്തതിനാൽ പല കാര്യങ്ങളും നീട്ടി നീട്ടിക്കൊണ്ടുപോകുന്നു; അല്ലെങ്കിൽ മുടങ്ങുന്നു. ശകുനം നോക്കാതെ ഒരു നല്ല കാര്യവും ചെയ്യില്ല. ഒരു കറുത്ത പൂച്ച വിലങ്ങുചാടിയാൽ യാത്ര തുടർന്നുകൂടാ! കുറ്റിച്ചൂളാൻ എന്ന പക്ഷിക്ക് ശബ്ദമുണ്ടാക്കിക്കൂടാ! ഒക്കെയും അപശകുനം!

ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും വെച്ചുപുലർത്തുന്നതിൽ ജാതി-മത വ്യത്യാസമില്ല. അൽപവിശ്വാസികളൊക്കെ അതിന്റെ അടിമകളാണ്.

എന്നാൽ ഇതെല്ലാം ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങൾക്ക് വിരുദ്ധമാണ്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് സ്രഷ്ടാവാണ്. ഓരോജീവിയുടെയും ഭാഗധേയം നിർണയിക്കുന്നത് അവനാണ്. അതിൽ നക്ഷത്രങ്ങൾക്കോ ഗ്രഹങ്ങൾക്കോ യാതൊരു പങ്കുമില്ല. അദൃശ്യകാര്യങ്ങൾ അറിയുന്നവൻ അവനാണ്. അതുകൊണ്ടുതന്നെ ഭാവി പ്രവചിക്കുന്നവരെ സമീപിക്കൽ ഇസ്‌ലാം വിലക്കി. ഒരു മുസ്‌ലിം അത്തരക്കാരെ സമീപിച്ച് അവരുടെ പ്രവചനത്തെ സത്യപ്പെടുത്തിയാൽ അവന്റെ നാൽപതുദിവസതെ നമസ്കാരം അല്ലാഹു സ്വീകരിക്കില്ല എന്നാണ് മുകളിൽ കൊടുത്ത നബിവചനത്തിൽ പറയുന്നത്. മറ്റൊരു റിപ്പോർട്ടിൽ അവൻ വിശുദ്ധ ക്വുർആനിൽ അവിശ്വസിച്ചവനാണ് എന്നാണുള്ളത്.

മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളെലാം ദൈവവിധിക്കനുസൃതമായാണ് നടക്കുന്നത്. അവന്റെ വിധിയിൽനിന്ന് ഒളിച്ചോടാൻ ആർക്കും കഴിയില്ല. അവൻ വിധിച്ചത് അതിന്റെ സമയത്ത് സംഭവിക്കും. കർമം ചെയ്യലാണ് മനുഷ്യന്റെ കർത്തവ്യം. ഫലം നൽകുന്നത് സ്രഷ്ടാവാണ്. ഈ വിശ്വാസം ഉദ്ദിഷ്ടകാര്യം നടക്കുമ്പോൾ മനുഷ്യനെ അഹങ്കാരിയല്ലാതാക്കുന്നു. ഉദ്ദിഷ്ടഫലം ലഭിക്കാതിരുന്നാൽ നിരാശനാകാതെ ദൈവവിധിയെന്നു കരുതി സമാധാനമടയുന്നവനാക്കി അവനെ മാറ്റുകയും ചെയ്യുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:

"അവന്റെ പക്കലാകുന്നു അദൃശ്യജ്ഞാനത്തിന്റെ താക്കോലുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലെ ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ , വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല"(6:59).

## ചലനങ്ങൾ

### വിസ്ഡം ദഅ്‌വ സെന്റർ ഉദ്ഘാടനം ചെയ്തു

അലനല്ലൂർ: അലനല്ലൂരിൽ പുതുതായി നിർമിച്ച ഇസ്‌ലാമിക് ദഅ്‌വഃ സെന്റർ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന ജനറൽ കൺവീനർ ടി.കെ അശ്‌റഫ് ഉദ്ഘാടനം ചെയ്തു.

പൊതുസമ്മേളനത്തിൽ പി.പി.കെ അബ്ദുൽ ജലീൽ അധ്യക്ഷത വഹിച്ചു. ഹാരിസ്ബ്നു സലീം മുഖ്യ പ്രഭാഷണം നടത്തി. അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, കെ.പി.കുഞ്ഞിമൊയ്തീൻ അരിയൂർ, അബ്ദുൽ അസീസ്.എം, ഹുസൈൻ പാറലിൽ എന്നിവർ പ്രസീഡിയം നിയന്ത്രിച്ചു. എദുൽക്കർഷാൻ ആമുഖഭാഷണവും, വി.പി. ബഷീർ നന്ദിയും പറഞ്ഞു.

### ക്യു.എച്ച്.എൽ.എസ് സംഗമവും അവാർഡ് ദാനവും നടത്തി

അലനല്ലൂർ: മേഖലയിലെ ക്വുർആൻ ഹദീഥ് ലേണിംഗ് സ്കൂൾ പഠിതാക്കളുടെ സംഗമം അലനല്ലൂർ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. ക്യു.എച്ച്.എൽ.എസ് സംസ്ഥാന പരീക്ഷയിൽ മേഖലയിൽ നിന്ന് ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്കുള്ള അവാർഡ് ദാനവും നടന്നു.

സംഗമം ദഅ്‌വ സമിതി പാലക്കാട് ജില്ല ട്രഷറർ അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി ഉദ്ഘാടനം ചെയ്തു. പി.പി.കെ അബ്ദുൽ ജലീൽ അധ്യക്ഷത വഹിച്ചു. റഷീദ് പരിയാരം (വാർഡ് മെമ്പർ), സുധീർ ഉമ്മർ.എം ആശംകളർപ്പിച്ചു. കെ.പി.നശീദത്ത് കാര, ഷാന എ ഷൗക്കത്ത് അലനല്ലൂർ, കെ.പി.ജാസ്മിൻ പാലക്കാഴി, ടി.കെ.ആയിശാബി പാലക്കാഴി എന്നിവർ അവാർഡ് ഏറ്റുവാങ്ങി. റഷീദ് ആലായൻ (വാർഡ് മെമ്പർ) അവാർഡ് ദാനം നിർവഹിച്ചു.

ശഫീഖ് സ്വലാഹി മുഖ്യപ്രഭാഷണം നടത്തി. ടി.കെ.ത്വൽഹത്ത് സ്വലാഹി സ്വാഗതവും, എം.അബ്ദുസ്സലാം നന്ദിയും പറഞ്ഞു.

### നാദാപുരം ആവർത്തിക്കാതിരിക്കാൻ കർശന നടപടി വേണം: മുജാഹിദ് സംഗമം

കൊണ്ടോട്ടി: ആത്മീയതയുടെ മറവിൽ വ്യാജ ചികിത്സ നടത്തുകയും യുവതി കൊല്ലപ്പെടാനിടയാക്കുകയും ചെയ്ത സംഭവം ആവർത്തിക്കാതിരിക്കാൻ കർശന നടപടി വേണമെന്ന് കൊണ്ടോട്ടിയിൽ നടന്ന വിസ്ഡം മുജാഹിദ് സംസ്ഥാന സംഗമം ആവശ്യപ്പെട്ടു.

'മതം, പൗരോഹിത്യം: ചൂഷണത്തിന്റെ കാണാപ്പുറങ്ങൾ' എന്ന വിഷയത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് സംഗമം നടന്നത്.

ഇത്തരം ചൂഷണങ്ങൾക്ക് നേതൃത്വം നൽകുന്ന പുരോഹിതന്മാർക്ക് രാഷ്ട്രീയ പിന്തുണ ലഭിക്കാതിരിക്കാൻ സമൂഹം ജാഗ്രത പാലിക്കണം

സമൂഹത്തിന്റെ വിശ്വാസ താൽപര്യങ്ങളെയും അജ്ഞതയെയും ചൂഷണം ചെയ്ത് ശാരീരിക പീഡനവും സാമ്പത്തിക തട്ടിപ്പും നടത്തുന്ന സംഭവങ്ങൾ കേരളത്തിൽ വ്യാപകമാകുന്നതിൽ സംഗമം ശക്തമായ ഉത്കണ്ഠ രേഖപ്പെടുത്തി.

വിശ്വാസത്തിന്റെ മറവിൽ സമൂഹത്തിൽ നടത്തപ്പെടുന്ന ചൂഷണങ്ങൾ പുറംലോകം അറിയാതെ മറച്ചുവെക്കുന്നതിനും മറ്റും ഒരു വലിയ മാഫിയാ സംഘം പ്രവർത്തിക്കുന്നതിന്റെ തെളിവാണ് കൊട്ടിയൂർ സംഭവം. സമൂഹത്തിന്റെ ആദരവും വിശ്വസ്തതയും മറയാക്കി ഇത്തരം ചൂഷണങ്ങൾ വ്യാപകമാകുന്നതിൽ യുവജന സമൂഹം കടുത്ത ജാഗ്രതയോടെ നിലകൊള്ളണമെന്നും സംഗമം ആവശ്യപ്പെട്ടു.

ആത്മീയ ചൂഷണങ്ങൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സംഗമം അന്തിമ രൂപം നൽകി. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതലത്തിൽ സെമിനാറുകൾ, ഗൃഹസന്ദർശനങ്ങൾ, അയൽക്കൂട്ടങ്ങൾ, പൊതുപ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കും

സംസ്ഥാന സംഗമം ഐ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി കെ. സജ്ജാദ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന ജോയിന്റ് കൺവീനർ സി.പി സലീം അധ്യക്ഷത വഹിച്ചു.

ഐ.എസ്.എം സംസ്ഥാന സെക്രട്ടറി താജുദ്ദീൻ സ്വലാഹി, അബ്ദുല്ല ഫാസിൽ, മുഹമ്മദ് അൻവർ.ഒ, പി.യു.സുഹൈൽ എന്നിവർ പ്രസംഗിച്ചു.

ഖലീൽ കൊയിലാണ്ടി, ജമാൽ കെ.എം പെരിന്തൽമണ്ണ, ബഷീർ.വി.പി, മിസ്അബ് തങ്ങൾ, അൻഫസ് മുക്റം, ജുബൈൽ എടവണ്ണ, അശ്കർ ബാബു തുടങ്ങിയവർ സംസാരിച്ചു. യു. മുഹമ്മദ് മദനി സ്വാഗതവും ജംഷീർ സ്വലാഹി നന്ദിയും പറഞ്ഞു.

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com



ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# അന്ധവിശ്വാസങ്ങളെ അടിച്ചിറക്കുക

വികല വിശ്വാസങ്ങളും അബദ്ധധാരണകളും നമ്മുടെ സമൂഹ ഗാത്രത്തിൽ എത്രത്തോളം ഗാഢമായി കട്ടപിടിച്ചിരിപ്പുണ്ട് എന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമല്ല കോഴിക്കോട് ജില്ലയിലെ നാട്ടിൻപുറത്ത് നടന്ന ദാരുണമായ സംഭവം. ജിന്ന്, മൂർത്തി, സാത്താൻ ചികിത്സകളും ബാധ ഒഴിപ്പിക്കലും കാലവും കോലവും മാറിയിട്ടും നിർബാധം തുടർന്നുകൊണ്ടിരിക്കുകയാണിവിടെ. മനുഷ്യരുടെ ആശയും കീശയും ഊറ്റിയെടുത്ത് വീർക്കുന്ന മാഫിയ സംഘങ്ങൾ ഇതിന്റെ മേൽവിലാസം അവകാശപ്പെടുന്നതിൽ നിന്ന് തന്നെ ഈ അക്രമത്തിന്റെ അപകടം വ്യക്തമാണ്. നിത്യവൃത്തിക്ക് വകയില്ലാത്തവൻ പോലും വലിയ തുക കെട്ടിവെച്ച് ഇത്തരം ഹോമങ്ങളും അടിച്ചിറക്കൽ 'കലാപരിപാടി'കളും നടത്താൻ തയ്യാറാവുന്നു എന്നത് തിരിച്ചറിയുമ്പോഴാണ് നമ്മുടെ സമൂഹം എത്തിപ്പെട്ടിട്ടുള്ള ദുരന്തത്തിന്റെ ആഴം മനസ്സിലാവുക.

മതത്തിനും മനുഷ്യനുമിടയിൽ മതിലുകൾ തീർത്ത് പടച്ചവന്റെ പ്രതിനിധികളായി ചമയുന്ന മതമുതലാളിമാരുടെ ദ്രംഷ്ടങ്ങളിൽ നിന്ന് നമ്മുടെ സമുദായത്തെ രക്ഷപ്പെടുത്തേണ്ടത് അനിവാര്യമാണ്. സർവജ്ഞനും സർവ പ്രതാപിയുമായ അല്ലാഹു അടുത്തുണ്ടെന്നും ഏത് സമയത്തും നമ്മുടെ ആവലാതികൾ അവന്റെ മുന്നിൽ അവതിരിപ്പിക്കാമെന്നതുമാണ് ഇസ്‌ലാം മതത്തിന്റെ അടിസ്ഥാന തത്ത്വം.

ആളുകളിൽ മതം പഠിപ്പിക്കാൻ നിയുക്തരായ പുണ്യപുരുഷൻമാരായ പ്രവാചകന്മാർ മനുഷ്യസമൂഹത്തെ ദൈവവുമായി നേരിട്ട് കൂട്ടിയിണക്കുകയാണ് ചെയ്തത്. പ്രാർഥനകളും വഴിപാടുകളും അല്ലാഹുവിൽ നിന്ന് മാത്രം എന്നതിൽ നിന്ന് വ്യതിചലിച്ചാൽ മനുഷ്യസമൂഹം വഴിതെറ്റുമെന്നുറപ്പാണ്. മതം ഏജന്റുമാരുടെയും ദല്ലാളൻമാരുടെയും കൈകളിലെ കളിപ്പാട്ടങ്ങളായി മാറിയാൽ വിശ്വാസികൾ വലയും എന്ന കാര്യത്തിൽ സംശയം വേണ്ട.

ഒരു ശവകുടീരത്തിൽ നിന്ന് മറ്റൊന്നിലേക്കും ഒരു സിദ്ധനിൽ നിന്ന് മറ്റൊരു ബീവിയിലേക്കുമുള്ള ഈ ലക്ഷ്യമില്ലാത്ത പ്രയാണം അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കും. ഖുർആൻ പറയുന്നു: "അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടു പോയി തള്ളുന്നു" (22:31).

കീശയും അവശതയും ചൂഷണം ചെയ്ത് മനുഷ്യരുടെ ജീവനെടുക്കുന്ന ഇത്തരം പ്രാകൃത നടപടികൾ ഇല്ലായ്മ ചെയ്യാൻ ശക്തമായ ബോധവത്ക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കണം. അന്ധവിശ്വാസങ്ങൾക്കും പിശാച് സേവ പോലുള്ള പ്രാകൃത ചികിത്സാ രീതികൾക്കും പ്രോത്സാഹനം നൽകുന്ന നിലപാടിൽ നിന്ന് മാധ്യമങ്ങളും വിശിഷ്യാ ടിവി ചാനലുകളും പിൻമാറിയേ മതിയാകൂ. അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ പാടെ ഇല്ലാതാക്കാൻ നിയമ നിർമാണം നടത്തുമെന്ന പ്രഖ്യാപനം പതിവ് പാഴ്‌വാഗ്ദാനങ്ങളുടെ പട്ടികയിൽ നിന്ന് ഇനിയെങ്കിലും മോചനം നേടണം.

കോഴിക്കോട് ജില്ലയിൽ നടന്ന ദാരുണമായ സംഭവത്തിലെ പ്രതി ജിന്നുമ്മയായി നടക്കുന്ന ഒരു മധ്യവയസ്ക്കയും അവർക്ക് പിന്തുണ നൽകുന്ന സമുദായത്തിലെ ഭൂരിപക്ഷം വരുന്ന യാഥാസ്ഥിതിക വിഭാഗവുമാണെന്ന സത്യം നാട്ടുകാർക്കൊക്കെ മനസ്സിലായിട്ടും ബോധ്യപ്പെടാത്ത ഒരു വിഭാഗം പാവങ്ങൾ നമുക്കിടയിലുണ്ട്. പരിഷ്കൃതമെന്ന് പുറമേക്ക് തോന്നിക്കുന്ന നമ്മുടെ സമുദായം അന്ധകാര സമാനമായ സാഹചര്യത്തിലാണെന്ന് മനസ്സിലാക്കി സടകുടഞ്ഞെഴുന്നേറ്റ് സർവ ശക്തിയുമുപയോഗിച്ച് യാഥാസ്ഥിതിക വിഭാഗം നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം ഇസ്‌ലാമിക വിരുദ്ധമായ നടപടികൾക്കെതിരെ ശബ്ദിക്കേണ്ടതിന് പകരം ശിർക്കിനും ബിദ്അത്തിനുമെതിരെ ശക്തമായ പ്രബോധന പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന വിസ്ഡം പ്രവർത്തകരെ ചില ഇരുട്ടിന്റെ ഉപാസകർ ഈ സംഭവത്തിൽ അന്യായമായി പ്രതിചേർക്കാൻ നടത്തിയ വിഫല ശ്രമം വളരെ വില കുറഞ്ഞതായി പോയി.

ഇത്തരം നിലവാരമില്ലാത്ത നീക്കങ്ങളിലൂടെ ഇക്കൂട്ടർ സമൂഹത്തിനു മുന്നിൽ അപഹാസ്യരായി മാറുക മാത്രമല്ല, യഥാർഥ പ്രതികൾക്ക് രക്ഷപ്പെടാനുള്ള പഴുത് നൽകുക കൂടിയാണ് ചെയ്യുന്നതെന്ന് സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. കൃത്യമായ ഗൃഹപാഠം പോലും ചെയ്യാതെ തട്ടിക്കൂട്ടിയുണ്ടാക്കിയ ഐക്യ മഹാമഹം എന്ന പൊറാട്ട് നാടകം തിരക്കഥയിൽ നിന്ന് തന്നെ പാളിയതിന്റെ ജാള്യം തീർക്കാനും സ്വന്തം പാളയത്തിൽ നിന്നുള്ള മണ്ണൊലിപ്പ് തടയാനും വേണ്ടിയാണല്ലൊ ഇതൊക്കെ 'എന്ന് ആലോചിക്കുമ്പോഴാണ് ആകെ ഒരാശ്വാസം!'




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut
Nerpatham Weekly
Published on 11 March 2017
Reg NO: KL/CT/225/2016-18
Price: ₹ 10/-


# സർജറിയില്ലാതെ പേസ്മേക്കർ
## Now At Metro

www.micc.in micc india




ലോകത്തിലെ ഏറ്റവും ചെറിയ പേസ്മേക്കർ
സംവിധാനം ആദ്യമായി കേരളത്തിൽ

പേസ്മേക്കർ ശസ്ത്രക്രിയാ രംഗത്ത്
പുതിയ അധ്യായം കുറിച്ച്
മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക്
സെന്ററിൽ സർജറിയില്ലാതെ
ഇംപ്ലാന്റേഷൻ സൗകര്യം.

MICC
all about heart

## METROMED INTERNATIONAL CARDIAC CENTRE PVT.LTD.

- FIRST 3D Mapping, EP & RF Ablation in North Kerala for abnormal heart beats
- FIRST Remote controlled Pacemaker Implantation in North Kerala
- FIRST Heart Transplantation in North Kerala
- 99% Success rate in complex cardiac surgeries

Thondayad Bypass Road, Calicut, Kerala. Pin 673014. Email: info@micc.in, www.micc.in
**EMERGENCY CALL : Mob: 09048665555, 0495 6615555**

trueberry.in